പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത് രാജ്

പുസ്തകം 62 ലക്കം 1 ഏപ്രിൽ 2022




## പതിനാലാം പഞ്ചവത്സര പദ്ധതി
## വികസന കാഴ്ചപ്പാടും സമീപനവും

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങൽ വ്യവസ്ഥകൾ**

**അക്ഷരച്ചെപ്പ്**

**പനവൂർ ഗ്രാമ പഞ്ചായത്ത്**
**2021-22 മാതൃകാ വിദ്യാഭ്യാസ പരിപാടി**


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത് രാജ്

ഏപ്രിൽ 2022


## അകത്ത്




പതിനാലാം പഞ്ചവത്സര പദ്ധതി
വികസന കാഴ്ചപ്പാടും സമീപനവും
ഹുസൈൻ എം. മിന്നത്ത് 5

2022-23 വാർഷിക പദ്ധതി
നടപടിക്രമങ്ങൾ ഒറ്റനോട്ടത്തിൽ
ദീപു പി. 10

സുസ്ഥിര വികസന ലക്ഷ്യങ്ങളും
ഗ്രാമ പഞ്ചായത്തുകളും
ടി. ഷാഹുൽ ഹമീദ് 15

കാർബൺ ന്യൂട്രൽ കേരളം
ഹരിതകേരളം മിഷന്റെ
ശ്രദ്ധേയമായ ചുവടുവെയ്പ്പ്
ബി. മനോജ് 19

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ
വാങ്ങൽ വ്യവസ്ഥകൾ
ഗോപകുമാർ എം. 23

കേരളത്തിന് കൈനീട്ടമായ്
കുടുംബശ്രീയുടെ വിഷുചന്ത
ആശ എസ്. പണിക്കർ 31





അക്ഷരച്ചെപ്പ്
പനവൂർ ഗ്രാമ പഞ്ചായത്ത്
2021-22 മാതൃകാ വിദ്യാഭ്യാസ പരിപാടി 34

"കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ
മരുതു പൂക്കുമ്പോൾ പട്ടിണി"
മുരളീധരൻ തഴക്കര 40


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 33

ഊരും പേരും -21 37

എന്റെ മലയാളം 38

എന്ന് വായനക്കാർ 42

ഏപ്രിൽ 2022
പുസ്തകം 62 ലക്കം 1
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ നമുക്ക് ഒരുമിച്ച് നിൽക്കാം

ലോകമാകെ ശ്രദ്ധ പിടിച്ചുപറ്റിയ കേരളത്തിന്റെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കാൽനൂറ്റാണ്ട് പൂർത്തിയാകുന്ന ഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നത്. വൈവിധ്യമാർന്നതും ഭാവനാപൂർണ്ണവുമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള പ്രാപ്തി തദ്ദേശ സ്ഥാപനങ്ങൾ ഇതിനോടകം തന്നെ ആർജ്ജിച്ച് കഴിഞ്ഞു. ഇരുപത്തിയഞ്ച് വർഷം കൊണ്ട് നേടിയ അനുഭവ പരിചയം തദ്ദേശസ്ഥാപനങ്ങളുടെ കാര്യക്ഷമത ഗണ്യമായി വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. 1996-ൽ കേരളം നടപ്പിലാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനം, പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനം തുക വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട് വിപ്ലവകരമായ തീരുമാനമാണ് അന്നത്തെ സർക്കാർ നടപ്പിലാക്കിയത്. ഇത് പ്രാദേശിക വികസന പ്രക്രിയ കൂടുതൽ വേഗത്തിലാക്കുന്നതിന് ഊർജ്ജം നൽകി.

കോവിഡാനന്തര നവകേരള സൃഷ്ടിയിൽ വലിയ പങ്ക് വഹിക്കേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. പതിനാലാം പദ്ധതി ലക്ഷ്യമിടുന്നത് പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവകേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനാണ്. നമ്മുടെ സംസ്ഥാനം തുടർച്ചയായി രണ്ടുവർഷം നേരിട്ട പ്രളയങ്ങളും കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങളും അതിജീവിക്കാൻ നമുക്ക് കഴിഞ്ഞത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കൃത്യമായ ഇടപെടൽ കൊണ്ടു കൂടിയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ശേഷിയും കാര്യക്ഷമതയും ഇനിയും പലമടങ്ങ് വർദ്ധിപ്പിക്കുന്നതിനായാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുകയെന്നതാണ് പതിനാലാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യങ്ങളിൽ പ്രധാനം. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയുമാണ് മറ്റ് ലക്ഷ്യങ്ങൾ. ഇതോടൊപ്പം കേരളത്തിന്റെ മികവാർന്ന മാനവ വികസന നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുക, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര വികസനം നടപ്പിലാക്കുക എന്നിവയും പതിനാലാം പദ്ധതിയുടെ പൊതുലക്ഷ്യങ്ങളിൽപ്പെടുന്നു. സംസ്ഥാനത്തിന്റെ പതിനാലാം പദ്ധതി മുന്നോട്ട് വയ്ക്കുന്ന വികസനലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസനപദ്ധതികളും വലിയ വിജയമാകണം. ഈ ലക്ഷ്യം തിരിച്ചറിഞ്ഞു പതിനാലാം പഞ്ചവത്സരപദ്ധതിയുടെ വിജയത്തിനായി നമുക്ക് ഒരുമിച്ച് നിൽക്കാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**ഓരോ വേദനയും ഒരു പാഠം നൽകുന്നു**
**ഓരോ പാഠവും ഒരു വ്യക്തിയെ മാറ്റുന്നു.**
- ഡോ. എ.പി.ജെ. അബ്ദുൽ കലാം






# പതിനാലാം പഞ്ചവത്സര പദ്ധതി

## വികസന കാഴ്ചപ്പാടും സമീപനവും

■ ഹുസൈൻ എം. മിന്നത്ത്

സംസ്ഥാനത്ത് വികേന്ദ്രീകൃതാസൂത്രണം ആരംഭിച്ചിട്ട് കാൽ നൂറ്റാണ്ട് പിന്നിടുകയാണ്. നാളിത് വരെ നാം നേടിയ സാമൂഹിക സാമ്പത്തിക വികസനത്തിലെയും വികേന്ദ്രീകൃത ജനാധിപത്യ ഭരണനിർവ്വഹണത്തിലെയും അടയാളപ്പെടുത്തലുകളും നേട്ടങ്ങളും ആഗോള തലത്തിൽ തന്നെ ശ്രദ്ധ നേടിയിട്ടുള്ളതാണ്. ഈ നേട്ടങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതോടൊപ്പം അവ സുസ്ഥിരമായും സ്ഥായിയായും നില നിർത്തേണ്ടതും വികസനത്തിന്റെ ഒരു തലം തന്നെയാണ്. അതേപോലെ നമ്മുടെ വികസന മാതൃകയെ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ സാധ്യമായ രീതിയിൽ പ്രാപ്തമാക്കി സംസ്ഥാനത്തിന്റെ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സാധിക്കുന്ന തലത്തിലേക്ക് പരുവപ്പെടുത്തേണ്ടതായിട്ടുമുണ്ട്. ഈ രീതിയിൽ പ്രാദേശിക സർക്കാറുകൾ അവരുടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹണവും നടത്തേണ്ടതായിട്ടുണ്ട്. ചുരുക്കത്തിൽ കാൽ നൂറ്റാണ്ട് കാലം കൊണ്ട് നേടിയ അനുഭവ പരിചയം വൈവിദ്ധ്യമാർന്ന വികസന പരിപാടികൾ ആസൂത്രണം ചെയ്ത് കൊണ്ട് സമ്പൂർണ്ണവും സമഗ്രവുമായ ഒരു പരിവർത്തനം സാധ്യമാക്കുന്നതിനുള്ള കേന്ദ്രബിന്ദുവായി നമ്മുടെ പ്രാദേശിക സർക്കാറുകളെ മാറ്റുന്നതിനുള്ള കാൽവെപ്പുകൾക്ക് വലിയ മുൻഗണന നൽകേണ്ടതായിട്ടുണ്ട്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു വികസന സമീപനമാണ് 14-ാം പഞ്ചവൽസര പദ്ധതി മുന്നോട്ട് വെക്കുന്നത് തന്നെ.




### നവകേരളത്തിന് ജനകീയാസൂത്രണം:

പ്രളയവും കോവിഡും തകർത്ത സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനവും നവകേരള സൃഷ്ടിയുമാണ് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യം വെക്കു







ന്നത്. സാമൂഹിക-സാമ്പത്തിക രംഗത്ത് കേരളം ആർജ്ജിച്ചെടുത്ത നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം സ്ഥായിയായ സാമ്പത്തിക വികസനവും സംസ്ഥാനത്ത് ഉറപ്പാക്കേണ്ടതായിട്ടുണ്ട്. സമ്പദ് വ്യവസ്ഥയെ വൈജ്ഞാനിക അധിഷ്ഠിതമായി വികസിപ്പിക്കുക വഴി പ്രകൃതി വിഭവങ്ങളുടെ ശ്രദ്ധാപൂർവ്വമായ വിനിയോഗവും മനുഷ്യ വിഭവ വികസനവും ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിരമായ വികസനം ലക്ഷ്യം വെക്കുമ്പോൾ ഇതിനായി പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കൊണ്ട് സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകാനും, ഉൽപാദനക്ഷമതയും ഉൽപാദനവും വർദ്ധിപ്പിക്കാനും, ദുരന്ത അതിജീവന ക്ഷമത ഉറപ്പാക്കുവാനും, പാർശ്വവൽകൃത സമൂഹങ്ങളുടെ സമഗ്രവികസനവുമാണ് ആത്യന്തികമായി നവകേരള സൃഷ്ടിയുടെ കാതൽ എന്ന് നമുക്ക് കാണാൻ സാധിക്കും. എല്ലാവരുടെയും മൗലികാവകാശങ്ങളുടെ സംരക്ഷണം, സമഗ്രമായ സാമൂഹിക സുരക്ഷ, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണ്ണ മോചനം, മതസൗഹാർദ്ദത, സമാധാനം, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, പരിസ്ഥിതി സൗഹൃദമായ സാങ്കേതിക വിദ്യകളുടെ ഉപയോഗം, മാലിന്യ നിർമ്മാർജ്ജനം, തൊഴിൽ, ഉപജീവന സുരക്ഷ, എന്നിവയും പതിനാലാം പദ്ധതി മുന്നോട്ട് വെക്കുന്ന പൊതു ലക്ഷ്യങ്ങൾ തന്നെയാണ്. ചുരുക്കത്തിൽ സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി വളർത്തുകയും വിജ്ഞാനിധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി സംസ്ഥാനത്തെ പരിവർത്തനപ്പെടുത്തുകയും ചെയ്യുക എന്നത് തന്നെയാണ് നവകേരളം വഴി ലക്ഷ്യമിടുന്നത്.

## പതിനാലാം പദ്ധതിയുടെ പൊതുലക്ഷ്യങ്ങൾ:

പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവകേന്ദ്രങ്ങളായി പ്രാദേശിക സർക്കാറുകളെ ആത്യന്തികമായി മാറ്റുകയും പുതിയ കാലത്തിന്റെ വികസന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും സംസ്ഥാനം നേരിടുന്ന വികസന വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും സാധിക്കുന്ന രൂപത്തിൽ നമ്മുടെ തദ്ദേശ സ്ഥാപനങ്ങളെ മാറ്റുക എന്നതാണ് പതിനാലാം പദ്ധതിയുടെ പൊതു

സമീപനം. ഇതിനായി പ്രാദേശിക സർക്കാറുകൾ അവരുടെ പദ്ധതികളിൽ ലക്ഷ്യാധിഷ്ഠിതമായ ചില ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്. ഈ പൊതു ലക്ഷ്യങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

- കേരളത്തിന്റെ സുസ്ഥിരമായ വികസനം
- സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുക
- പാർശ്വവൽകൃത സമൂഹത്തെ പൂർണമായി ഉൾക്കൊള്ളുന്ന വികസനം
- ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുമ്പ് തന്നെ കൈവരിക്കുക
- ജീവിത ഗുണമേന്മ വർദ്ധിപ്പിക്കൽ
- സർവ്വാശ്ലേഷിതമായ വികസനം

## പതിനാലാം പദ്ധതിയുടെ മുൻഗണനകൾ:

ദേശീയതലത്തിൽ വിവിധ ക്ഷേമവികസന മേഖലകളിൽ പ്രഥമസ്ഥാനം നിലനിർത്തുമ്പോഴും കോവിഡാനന്തര സാമ്പത്തിക മാന്ദ്യം പരിഹരിക്കുക, മൂലധന നിക്ഷേപം ഉയർത്തി സാമ്പത്തിക വളർച്ച സൃഷ്ടിക്കുക, യോഗ്യതക്കനുസരിച്ചുള്ള തൊഴിലിന്റെ ദൗർലഭ്യതക്ക് പരിഹാരം കാണുക എന്നതും സംസ്ഥാനത്തിന്റെ മുന്നിലുള്ള പ്രധാന വെല്ലുവിളികൾ ആണ്. ഇവയ്ക്ക് പരിഹാരം എന്നോണം പതിനാലാം പദ്ധതി മുന്നോട്ട് വെക്കുന്ന പ്രധാന മുൻഗണനകൾ താഴെ കൊടുക്കുന്നു.

### 1) ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കൽ:

പതിനാലാം പദ്ധതിയിലെ ഏറ്റവും പ്രധാന മുൻഗണനകളിൽ ഒന്ന് വിവിധ മേഖലകളിലെ ഉൽപാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനും വിവിധ കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധിത ശൃംഖല വികസിപ്പിക്കാനും പ്രത്യേകമായ മുൻഗണന നൽകുക എന്നതാണ്. ഇതോടൊപ്പം തന്നെ ചെറുകിട, പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, ഊർജ്ജം, ഗതാഗതം എന്നീ മേഖലകളിൽ വളർച്ച കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആധുനിക പശ്ചാത്തല സൗകര്യങ്ങളുടെ വികസനവും ഉല്പാദന മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗവും നടപ്പിലാക്കാനുള്ള നടപടികൾ പ്രാദേശിക സർക്കാറുകൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.



**പ്രകൃതി ദുരന്ത പ്രത്യാഘാതങ്ങൾ അതിജീവിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുകയും ഇതിനായി ഹ്രസ്വ-ദീർഘകാല പദ്ധതികൾ പ്രാദേശിക സർക്കാറുകൾ തയ്യാറാക്കേണ്ടതും അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കി നിർവ്വഹണം സാധ്യമാക്കേണ്ടതുമാണ്.**

### 2) പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വം, നൈപുണ്യ വികസനം:

തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള വിപുലമായ സംവിധാനങ്ങൾ പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിനായി

- സൂക്ഷ്മ ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനം
- പൊതു-സ്വകാര്യ മൂലധന നിക്ഷേപവും സഹകരണ മേഖലകളിലെ സാധ്യതകളുടെയും വിനിയോഗം
- വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം എന്നിവ പ്രോത്സാഹിപ്പിക്കുക
- ഇന്നവേഷൻ ചലഞ്ച്

എന്നിവയ്ക്ക് പ്രത്യേകം ശ്രദ്ധ പ്രാദേശിക തലത്തിൽ നൽകുവാൻ ശ്രദ്ധ നൽകേണ്ടതാണ്.

### 3) തൊഴിൽ സൃഷ്ടി

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള പരിശീലനം, നവീനമായ ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം എന്നിവയ്ക്ക് വലിയ മുൻഗണനയാണ് പതിനാലാം പദ്ധതി സമീപനത്തിൽ നൽകുന്നത്.

### 4) അതിജീവന ക്ഷമത

പ്രകൃതി ദുരന്ത പ്രത്യാഘാതങ്ങൾ അതിജീവിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുകയും ഇതിനായി ഹ്രസ്വ-ദീർഘകാല പദ്ധതികൾ പ്രാദേശിക സർക്കാറുകൾ തയ്യാറാക്കേണ്ടതും അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കി നിർവ്വഹണം സാധ്യമാക്കേണ്ടതുമാണ്.

### 5) കാലാവസ്ഥാ വ്യതിയാനം :

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി പ്രതിഭാസങ്ങളെ പ്രതിരോധിക്കുന്നതിനായി പ്രാദേശിക കർമ്മ പദ്ധതികൾക്ക് രൂപം നൽകാൻ നിർദേശിക്കുന്നു.





## 6) പ്രകൃതി വിഭവ സംരക്ഷണം:

ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും പ്രകൃതിദുരന്ത സാധ്യതകൾ കുറയ്ക്കുന്നതിനുമായി പ്രത്യേക പരിഗണന നിലവിലെ സാഹചര്യത്തിൽ പ്രാദേശിക സർക്കാർ നൽകേണ്ടതായിട്ടുണ്ട്. ഇതിനായ് പ്രകൃതി വിഭവങ്ങളുടെ ശ്രദ്ധാപൂർവ്വമായ ഉപയോഗവും മനുഷ്യവിഭവ വികസനവും ഊർജ്ജ സംരക്ഷണവും സൗരോർജ്ജ ഉപയോഗത്തിനും പ്രത്യേക ശ്രദ്ധയും ഊന്നലും നൽകേണ്ടതാണ്.

## 7) സുസ്ഥിര വികസന ലക്ഷ്യങ്ങൾ

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായ് നാളിതുവരെ ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനാവശ്യമായ വികസന പരിപാടികൾ പ്രാദേശിക സർക്കാറുകൾ ഏറ്റെടുക്കേണ്ടതും ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ നേടി എടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രത്യേകം ശ്രദ്ധ നൽകുന്ന ഒരു വികസന സമീപനം കൈക്കൊള്ളാനും നിഷ്കർശിക്കുന്നു.

## 8) അതിദാരിദ്ര്യ നിർമ്മാർജ്ജനം:

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഒരു സമഗ്ര കാഴ്ചപ്പാട് സ്വീകരിക്കുന്നതിന്റെ ഭാഗമായി അതിദാരിദ്ര്യ സർവ്വേയിലൂടെ നാം കണ്ടെത്തിയ ഓരോ കുടുംബത്തിന്റെയും ആരോഗ്യരക്ഷ, ജീവനോപാധി, ഭൗതിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുവാനുള്ള സൂക്ഷ്മ പദ്ധതികൾ തയ്യാറാക്കുന്നത് പ്രാദേശിക സർക്കാറുകൾ ഉറപ്പാക്കണം.

## 9) ശുചിത്വം-മാലിന്യ സംസ്കരണം:

തദ്ദേശ സ്ഥാപനങ്ങളിലെ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ഫലപ്രദവും സുസ്ഥിരവുമായ മാർഗ്ഗങ്ങൾ പ്രാദേശിക സർക്കാറുകൾ ഉറപ്പാക്കേണ്ടതാണ്. ഇതിനായി ജൈവമാലിന്യ സംസ്കരണം, അജൈവമാലിന്യ സംഭരണം, ഖര-ദ്രവ മാലിന്യ നിർമാർജ്ജനം, സാനിറ്ററി-കൺസ്ട്രക്ഷൻ/ഡിമോളിഷൻ വേസ്റ്റുകൾ, അപകടകരമായ മാലിന്യങ്ങൾ തുടങ്ങിയവയുടെ സംസ്കരണത്തിന് സംവിധാനം എന്നിവ പ്രാദേശിക സർക്കാറുകൾ ഉറപ്പാക്കേണ്ടതാണ്. കൂടാതെ മണ്ണും ജലവും അന്തരീക്ഷവും മാലിന്യരഹിതമായും ശുദ്ധമായും നിലനിർത്തുന്നതിനും പ്രത്യേക പരിഗണന നൽകേണ്ടതാണ്. മാലിന്യ സംസ്കരണത്തിനായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത മാതൃകകൾ കണ്ടെത്താവുന്നതിനും ശ്രദ്ധ നൽകേണ്ടതാണ്.

## 10) സാമൂഹ്യനീതി ഉറപ്പാക്കൽ:

പാർശ്വവൽക്കരിക്കപ്പെട്ടവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് മുൻഗണന നൽകണം. ഭൂരഹിതരും, ഭവന രഹിതരും അഗതികളും ഇല്ലാത്ത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ പ്രാദേശിക സർക്കാറുകൾ കൈക്കൊള്ളണം. വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ എന്നിവരുടെ ക്ഷേമം ഉറപ്പാക്കുകയും ഇതിനാവശ്യമായ പദ്ധതികൾക്ക് പ്രാദേശിക സർക്കാറുകൾ പ്രത്യേകമായ മുൻഗണന നൽകേണ്ടതുമാണ്.

## 11) ലിംഗസമത്വം:

ഓരോ പ്രാദേശിക സർക്കാറുകളും സ്ത്രീപക്ഷ നവകേരള നിർമ്മിതിക്ക് മുൻഗണനയും ഇതിനായുള്ള ക്യാമ്പയിന് പ്രത്യേകമായ ശ്രദ്ധയും നൽകേണ്ടതാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയിടാനും, സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ

ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 12) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ:

സ്വന്തമായി ഭൂമി ഇല്ലാത്ത എല്ലാ ഭവനരഹിതർക്കും ഭവനം ഉറപ്പാക്കലും, വർഷം മുഴുവനും ശുദ്ധമായ കുടിവെള്ളം, ജലസംരക്ഷണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ എല്ലാവർക്കും ഉറപ്പാക്കേണ്ടതുമാണ്. ഇത്തരത്തിൽ പ്രാദേശിക പദ്ധതികളിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

### 13) വിദ്യാഭ്യാസ രംഗം:

കേരളം പൊതുവിദ്യാഭ്യാസ രംഗത്ത് ആർജ്ജിച്ച വൻ നേട്ടങ്ങൾ നിലനിർത്തുകയും, വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം, ബോധന നിലവാരം, എന്നിവ ശക്തിപ്പെടുത്തേണ്ടതും, ആശയ വിനിമയ നൈപുണ്യം, പൗരബോധം എന്നിവ കുട്ടികളിൽ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 14) ആരോഗ്യസംരക്ഷണം:

മികച്ച പൊതുജനാരോഗ്യ സംവിധാനങ്ങൾ ഉറപ്പാക്കുകയും ജീവിതശൈലി രോഗനിയന്ത്രണവും, സമഗ്ര ആരോഗ്യ പദ്ധതിക്കും പ്രാദേശിക സർക്കാറുകൾ പ്രത്യേക പരിഗണന നൽകേണ്ടതുമാണ്.

### 15) വാതിൽപ്പടി സേവനങ്ങൾ ലഭ്യമാക്കൽ:

അർഹരായ എല്ലാവർക്കും പ്രധാന സേവനങ്ങൾ വാതിൽപ്പടിയിൽ എത്തിക്കുന്ന പദ്ധതിക്ക് സർക്കാർ തുടക്കമിട്ടിട്ടുണ്ട്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കണം. പതിനാലാം പദ്ധതിയിൽ പ്രത്യേകം ഊന്നൽ നൽകുന്ന ഒരു മുൻഗണനകൂടിയാണിത്.

### 16) കാര്യക്ഷമവും പ്രതികരണാത്മകവുമായ സദ്ഭരണം:


ഭരണത്തിൽ ജനപങ്കാളിത്തവും സുതാര്യതയും വർദ്ധിപ്പിക്കുവാനും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടതും പ്രത്യേക ശ്രദ്ധ നൽകേണ്ട വിഷയങ്ങളാണ്. ഇതിനായ് പൗര സേവന സംവിധാനങ്ങളുടെ ആധുനികവൽക്കരണം ഉൾപ്പെടെയുള്ളവ സാധ്യമാക്കാനുള്ള നടപടികൾക്ക് പ്രാദേശിക സർക്കാറുകൾ പ്രത്യേക പരിഗണന നൽകേണ്ടതാണ്.



സ്വന്തമായി ഭൂമി ഇല്ലാത്ത എല്ലാ ഭവനരഹിതർക്കും ഭവനം ഉറപ്പാക്കലും, വർഷം മുഴുവനും ശുദ്ധമായ കുടിവെള്ളം, ജല സംരക്ഷണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ എല്ലാവർക്കും ഉറപ്പാക്കേണ്ടതുമാണ്. ഇത്തരത്തിൽ പ്രാദേശിക പദ്ധതികളിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

പതിനാലാം പദ്ധതി മുന്നോട്ട് വെക്കുന്ന മുൻഗണനകൾ പരിശോധിച്ചാൽ സംസ്ഥാനത്തെ ആകെ ബാധിക്കുന്ന തൊഴിലില്ലായ്മ, ദുരന്തനിവാരണം, മാലിന്യ സംസ്കരണം, കുടിവെള്ളം, നഗരവൽക്കരണം, വയോജന സംരക്ഷണം, അടിസ്ഥാന സൗകര്യ വികസനം, രണ്ടാം തലമുറ വികസന പ്രശ്നങ്ങൾ തുടങ്ങി ഏതിനും പരിഹാരം കണ്ടെത്താൻ പറ്റുന്ന തലത്തിലേക്ക് നമ്മുടെ പ്രാദേശിക സർക്കാറുകളെ മാറ്റേണ്ട തരത്തിലുള്ള ഒരു സമീപനത്തിൽ അധിഷ്ഠിതമാണെന്ന് കാണാം. മാറിമാറി വരുന്ന ഏതൊരു സാഹചര്യത്തിനും അനുസരിച്ച് പ്രാദേശിക സർക്കാറുകളുടെ ഇടപെടലുകളും ഉത്തരവാദിത്വങ്ങളും ചുമതലകളും ചലനാത്മകവും അതിവിശാലവും ആകുന്ന രീതിയിൽ പ്രവർത്തന സ്വാതന്ത്ര്യം പ്രാദേശിക സർക്കാറുകൾക്ക് നൽകുന്നതോടൊപ്പം ബഹുതല ആസൂത്രണ സാധ്യതകളും, സംയോജന സാധ്യതകളും കണ്ടെത്താനുള്ള ചില സാഹചര്യങ്ങൾ ഒരുക്കാനും അവസരം നൽകുന്നു. ഇതിനും പുറമേ മുൻകാല ന്യൂനതകൾ പരിഹരിച്ച് കൊണ്ട് സമയബന്ധിതമായി കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയായ പദ്ധതി രൂപീകരണവും നിർവ്വഹണവും സാധ്യമാക്കുന്ന തരത്തിലുള്ള ചില ഉറച്ച ചുവടുവെയ്പുകളാണ് പ്രാദേശിക സർക്കാറുകൾ സ്വീകരിക്കേണ്ടത്. ചുരുക്കി പറഞ്ഞാൽ ദ്രുതഗതിയിൽ മാറ്റങ്ങൾ സംഭവിക്കുന്ന ആഗോളവൽകൃത ലോകത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനവും മാറുമ്പോൾ, ആഗോള നിലവാരത്തിലുള്ള സ്ഥാപനങ്ങളായി നമ്മുടെ പ്രാദേശിക സർക്കാറുകൾ മാറുന്ന തലത്തിലേക്കുള്ള ചില തന്ത്രങ്ങൾ തന്നെയാണ് പതിനാലാം പദ്ധതി മുന്നോട്ട് വെക്കുന്നതായി കാണാം. □

*(ലേഖകൻ : സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.)*



# 2022-23 വാർഷിക പദ്ധതി

## നടപടിക്രമങ്ങൾ ഒറ്റനോട്ടത്തിൽ

■ ദീപു പി.

19/04/2022ലെ സ ഉ (കൈ) നം 84/2022/ തസ്വഭവ ഉത്തരവ് അനുസരിച്ച് ത്രിതല പഞ്ചായത്തുകൾ 2022-23 പദ്ധതി സമർപ്പിക്കേണ്ട അവസാന തീയതി 2022 ജൂൺ 15 ആയി നിശ്ചയിച്ച് ഉത്തരവ് വന്നിരിക്കുകയാണല്ലോ...

പദ്ധതി നടപടിക്രമങ്ങളെ സംബന്ധിച്ച് പദ്ധതി സീറ്റ് പുതിയതായി കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഇപ്പോഴും നിരവധി സംശയങ്ങൾ ഉണ്ട്. 2022-23 പദ്ധതി ഡി പി സി യ്ക്ക് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒറ്റ നോട്ടത്തിൽ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ് ഇവിടെ ചുരുക്കി പറയുന്നത്.

2022-23 വാർഷികപദ്ധതി - നടപടിക്രമങ്ങൾ ശ്രദ്ധിക്കേണ്ട ഘട്ടങ്ങൾ

### 1. ആസൂത്രണ സമിതി പുനസംഘാടനം

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നിലവിൽ ആസൂത്രണ സമിതികളുണ്ട്. ആവശ്യമെങ്കിൽ മാത്രം അവ പുനസംഘടിപ്പിക്കുക. അല്ലായെങ്കിൽ നിലവിലുള്ളവ അതേ പടി തുടരാവുന്നതാണ്.പുനസംഘടിപ്പിച്ചാൽ ഫോറം നം 1 ൽ ഈ വിവരം രേഖപ്പെടുത്തി തദ്ദേശ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശ സ്ഥാപന വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണം.

ആസൂത്രസമിതി പദ്ധതി ആസൂത്രണം നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം മൂന്നു മാസത്തിലൊരിക്കലും ആസൂത്രണ സമിതി യോഗം ചേരണം

### 2. വർക്കിംഗ് ഗ്രൂപ്പുകൾ

ആസൂത്രണ സമിതിയുടെ കാര്യത്തിലെന്ന പോലെ ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പുകളെയും പുനസംഘടിപ്പിക്കാവുന്നതാണ്. പുനസംഘടിപ്പിച്ചാൽ ഫോറം നം 2 ൽ ഈ വിവരം രേഖപ്പെടുത്തി തദ്ദേശ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശ സ്ഥാപന വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണം.

ഭരണ സമിതിയ്ക്ക് ആവശ്യമെങ്കിൽ കൂടുതൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്.

ബന്ധപ്പെട്ട മേഖലയിലെ ഉയർന്ന ഉദ്യോഗസ്ഥനെ കൺവീനറായും മോണിട്ടറിംഗ് ആവശ്യത്തിനായി അതേ മേഖലയിലെ മറ്റൊരു ഉദ്യോഗസ്ഥനെ അംഗമായും വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം നടക്കുന്ന വേളയിൽ പദ്ധതി രേഖയിലേയ്ക്കായി ഫോറം നം 4. 5, 6 എന്നിവയിൽ വിവരങ്ങൾ എഴുതി തയ്യാറാക്കണം

പദ്ധതികൾ മോണിട്ടർ ചെയ്യേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്

അതു പോലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിവരങ്ങൾ ശേഖരിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്.

ശ്രദ്ധിക്കുക. വർക്കിംഗ് ഗ്രൂപ്പ് കോറം 1/3 ആണ്. കൺവീനറുടെ ഹാജർ നിർബന്ധവും ആണ്.

## റിസോഴ്സ് പേഴ്സൺമാർ

പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശ സ്ഥാപനത്തിന് ആവശ്യമെങ്കിൽ 9,000/- രൂപ വേതനത്തിൽ ഒരു റിസോഴ്സ് പേഴ്സണെ നിയോഗിക്കാവുന്നതാണ്. ഈ തുക തനതു ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ നൽകാവുന്നതാണ്.

## ഗ്രാമസഭകളും ഊരുക്കൂട്ടങ്ങളും

ഗ്രാമസഭാ യോഗങ്ങളിൽ വികസന പ്രശ്നങ്ങൾ തരംതിരിച്ച് കൃത്യമായി മുൻഗണന നിശ്ചയിക്കണം. റോഡ് പോലുള്ള പശ്ചാത്തല വർക്കുകൾക്ക് ഗ്രാമസഭകളിൽ വാർഡ് തല മുൻഗണന നിശ്ചയിച്ചതിനു ശേഷം അവയുടെ പഞ്ചായത്ത് തല മുൻഗണന പട്ടിക തയ്യാറാക്കണം.

മത്സ്യ വകുപ്പിന്റെ പ്രഖ്യാപിത മത്സ്യ ഗ്രാമങ്ങൾ നിലവിലുള്ളയിടത്തും കുറഞ്ഞത് 25 മത്സ്യതൊഴിലാളികളെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള വാർഡുകളിലും ഗ്രാമസഭകൾക്കു മുമ്പായി നിർബന്ധമായും മത്സ്യ സഭകൾ വിളിച്ചു ചേർക്കണം.

## പ്രത്യേക ഗ്രാമസഭകൾ

യുവജനങ്ങൾ, കുട്ടികൾ, വയോജനങ്ങൾ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ ഗ്രാമസഭ സംഘടിപ്പിക്കുന്നത് അഭികാമ്യമാണ്. എന്നാൽ ഭിന്നശേഷി ഗ്രാമസഭ നിർബന്ധമാണ്. അതേപോലെ 25 മത്സ്യതൊഴിലാളികളെങ്കിലും രജിസ്റ്റർ ചെയ്ത വാർഡുകളിൽ മത്സ്യ സഭ നിർബന്ധമാണ്.

## ഗ്രാമസഭകളിൽ നിന്നും വികസന സെമിനാറിലേക്കുള്ള പങ്കാളിത്തം

ഓരോ ഗ്രാമസഭയിൽ നിന്നും രണ്ട് വനിതകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾ എന്നിവരുൾപ്പെടെ അഞ്ച് പ്രതിനിധികളെ വികസന സെമിനാറിലേയ്ക്ക് തിരഞ്ഞെടുക്കേണ്ടതാണ്.

അതു പോലെ പ്രത്യേക ഗ്രാമസഭാ യോഗങ്ങൾ ചേരുകയാണെങ്കിൽ അതിൽ നിന്നും ഒരു വനിതയുൾപ്പെടെ രണ്ട് പേരെ വികസന സെമിനാറിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്.

## ഊരുക്കൂട്ട യോഗങ്ങൾ

പട്ടിക വർഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഊരുമൂപ്പന്റെ അധ്യക്ഷതയിൽ ഊരുക്കൂട്ടയോഗങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.ഊരുക്കൂട്ട യോഗ കോറം ആ ഊരിലെ വോട്ടർമാരുടെ 50 ശതമാനമാണ്. ബന്ധപ്പെട്ട വാർഡംഗം നിർബന്ധമായും പങ്കെടുക്കണം.



ഊരുക്കൂട്ട യോഗങ്ങളിൽ നിന്നും ഒരു വനിതയുൾപ്പെടെ രണ്ട് പേരെ വികസന സെമിനാറിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്.

ഗ്രാമസഭാ/ഊരുക്കൂട്ട /യോഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി തദ്ദേശ സ്ഥാപനത്തിലെയും ഉദ്യോഗസ്ഥനെ ഗ്രാമസഭാ/ഊരുക്കൂട്ട /യോഗങ്ങളുടെ കോ ഓർഡിനേറ്റർ ആയി നിയമിക്കാവുന്നതാണ്.

പലരുടെയും സംശയമാണ് പദ്ധതി രൂപീകരണ ഗ്രാമസഭയിൽ എന്തൊക്കെ നൽകണം എന്തൊക്കെ അവതരിപ്പിക്കണം എന്നത്.

പദ്ധതി രൂപീകരണ ഗ്രാമസഭകൾ ഉത്തരവിൽ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചായിരിക്കണം കൂടേണ്ടത്. മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ (ഫോറം നം 4 ൽ തയ്യാറാക്കിയത്) നടപ്പ് വാർഷിക പദ്ധതിയുടെ അവലോകനം (ഫോറം 5 ൽ തയ്യാറാക്കിയത്) വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ (ഫോറം നം 6 ൽ തയ്യാറാക്കിയത്), സ്റ്റാറ്റസ് റിപ്പോർട്ടിന്റെ രത്നച്ചുരുക്കം എന്നിവ ഗ്രാമസഭകളിൽ അച്ചടിച്ച് വിതരണം ചെയ്യണം

പ്രത്യേകം ശ്രദ്ധിക്കുക. അനിവാര്യ പ്രോജക്ടുകളും സർക്കാർ നിർദ്ദേശിച്ച പ്രോജക്ടുകളും ഒഴികെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന എല്ലാ പദ്ധതികളും ഗ്രാമസഭ/ഉരുക്കൂട്ടം മുൻഗണന അനുസരിച്ചുള്ളതാവണം.

പദ്ധതി രൂപീകരണ ഗ്രാമസഭ/ഊരുക്കൂട്ടങ്ങളുടെ കാര്യപരിപാടികൾ അനുബന്ധം 4അനുസരിച്ചാണ് ചെയ്യേണ്ടത്.

ഗ്രാമസഭകൾ/ഊരുക്കൂട്ടങ്ങൾ കഴിഞ്ഞാൽ അടുത്ത നടപടിയെന്താണ്.

ശ്രദ്ധിക്കുക. ഗ്രാമസഭ/ഊരുക്കൂട്ട യോഗങ്ങൾ കഴിഞ്ഞാൽ ഉടനെ തന്നെ ഗ്രാമസഭ/ഊരുക്കൂട്ട നിർദ്ദേശങ്ങൾ ഭരണ സമിതിയ്ക്കു നൽകുന്നതിനായി ക്രോഡീകരിക്കുന്നതിനു വേണ്ടി ഒരു വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരണം.

ഇവിടെ വരാൻ പോകുന്ന സംശയം







ആദ്യ വർക്കിംഗ് ഗ്രൂപ്പ് യോഗം പോലെ ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവ വിളിച്ചു ചേർക്കണോ എന്നതാണ്. വേണ്ട. അതാത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർക്കും ചെയർമാൻമാർക്കും അവരവരുടെ വർക്കിംഗ് ഗ്രൂപ്പ് യോഗം സൗകര്യപ്രദമായി വിളിച്ചു കൂട്ടാവുന്നതാണ്.

ഈ വർക്കിംഗ് ഗ്രൂപ്പുകൾ ക്രോഡീകരിച്ച പദ്ധതി നിർദ്ദേശങ്ങൾ ഭരണ സമിതി യോഗം കൂടി വിഭവ ലഭ്യത പരിഗണിച്ച് കരട് പദ്ധതികളാക്കി വികസന സെമിനാറിലേക്ക് നൽകണം.

## വികസന സെമിനാർ

വാർഷിക പദ്ധതിയിലെ സുപ്രധാന ഘട്ടമാണ് വികസന സെമിനാർ. വാർഷിക പദ്ധതിയിലെ മുൻഗണനകൾക്കും വികസന തന്ത്രങ്ങൾക്കും രൂപം നൽകുന്നതിനാണ് വികസന സെമിനാർ ചേരുന്നത്. ഈ യോഗത്തിലേക്ക് ജനപ്രതിനിധികൾ ഉൾപ്പെടെ പരമാവധി ആൾക്കാരെ ക്ഷണിക്കണം.

വികസന സെമിനാറിൽ വച്ച് വികസന രേഖ അന്തിമമാക്കാൻ ശ്രദ്ധിക്കണം. അതിനായി കരട് വികസന രേഖ അല്ലെങ്കിൽ അതിന്റെ സംഗ്രഹം അച്ചടിച്ച് വിതരണം ചെയ്യണം.

കൂടാതെ കരട് വാർഷിക പദ്ധതി രേഖയും വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്യണം. വികസന രേഖയിലും പദ്ധതി രേഖയിലും ഉൾപ്പെടുത്തേണ്ട അധ്യായങ്ങളെക്കുറിച്ച് ഉത്തരവിൽ വ്യക്തമായി പറയുന്നുണ്ട്. ഇവ തയ്യാറാക്കുമ്പോൾ ഉത്തരവ് നന്നായി മനസിലാക്കുക.

## വാർഷിക പദ്ധതിയ്ക്ക് അന്തിമ രൂപം നൽകൽ

വികസന സെമിനാർ കൂടി കഴിഞ്ഞാൽ ഭരണ സമിതി യോഗം വീണ്ടും ചേരണം. ഇതു വരെ ലഭിച്ച നിർദ്ദേശങ്ങളെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി പരിഹാരം കാണാൻ കഴിയുന്നവയെന്നും അല്ലാത്തവയെന്നും രണ്ടായി തിരിക്കണം. ആദ്യ വിഭാഗത്തിൽപ്പെടുന്നവ പ്രോജക്ട് റിപ്പോർട്ടുകളാക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകണം. കൂടാതെ അവ പദ്ധതി രേഖയുടെ ഭാഗമാക്കുകയും വേണം.

രണ്ടാമത്തവ ബ്ലോക്ക്/ജില്ലാ/സംസ്ഥാന തലങ്ങളിലേയ്ക്ക് കൈമാറണം.

വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വകയിരുത്തൽ ഫോറം നം 7 ൽ തയ്യാറാക്കണം. ഇതിൽ നമ്മൾ പദ്ധതിയിലുൾപ്പെടുത്തുന്ന എല്ലാ ഫണ്ടുകളുടെയും വിവരങ്ങൾ വരേണ്ടതാണ്.

## നമുക്ക് ലഭിക്കുന്ന ഫണ്ട് പദ്ധതിയിലേക്ക് എങ്ങിനെ കണക്കാക്കാം

2022-23 ൽ നമുക്ക് ലഭിക്കുന്ന വിഹിതം സംസ്ഥാന ബജറ്റിന്റെ അനക്സർ 4 ൽ പറഞ്ഞിട്ടുണ്ട്. അതിനോടൊപ്പം ക്യാരി ഓവർ വിഹിതം കൂടി ലഭിക്കും. ക്യാരി ഓവർ വിഹിതം 2021-22 ൽ ലഭിച്ച ഫണ്ടിൽ ആ വർഷം ചെലവഴിക്കാൻ കഴിയാത്ത തുക ചില നിബന്ധനകൾക്കു വിധേയമായി ആയിരിക്കും ഈ വർഷത്തേയ്ക്ക് നൽകുന്നത്.

വികസന ഫണ്ട് (പൊതു വിഭാഗം, പട്ടികജാതി, പട്ടിക വർഗ വിഭാഗം) എന്നിവയും മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺ റോഡ് എന്നിവയും 2021-22 ൽ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ ഈ വർഷത്തേയ്ക്ക് അതായത് 2022-23 ലേയ്ക്ക് ക്യാരി ഫോർവേഡ് ചെയ്തു ലഭിക്കും.

ഒരു ഉദാഹരണം പറഞ്ഞാൽ നിങ്ങൾക്കു കൂടുതൽ മനസിലാവും.

അതായത് 2021-22 ൽ വികസന ഫണ്ട് പൊതു വിഭാഗം 1 കോടി രൂപ ലഭിച്ച ഒരു ഗ്രാമപഞ്ചായത്ത് ആ വർഷം അതിൽ 70 ലക്ഷം രൂപ ചെലവഴിച്ചു എന്ന് കരുതുക. ഇനി 30 ലക്ഷം രൂപയുടെ പ്രോജക്ട് സ്പിൽ ഓവറാക്കാൻ ഉണ്ട് എങ്കിലും 15/07/2021 ലെ സ ഉ (കൈ) നം 79/2021 അനുസരിച്ച് 2021-22 ൽ ലഭിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമേ അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ വിഹിതമായി ലഭിക്കുകയുള്ളൂ.

അതായത് ഇവിടെ 1 കോടിയുടെ 20 ശതമാനം ആയ 20 ലക്ഷം രൂപ കൂടി 2022-23 ലേയ്ക്ക് സ്പിൽ ഓവറായി ലഭിക്കും. ഇവിടെ

ഈ പഞ്ചായത്തിന് 30 ലക്ഷം രൂപയുടെ സ്പിൽ ഓവർ പ്രോജക്ടുണ്ട്. ലഭിക്കുന്നത് പരമാവധി 20 ലക്ഷം. അപ്പോൾ ബാക്കി 10 ലക്ഷം രൂപയുടെ പ്രോജക്ടിന്റെ ഫണ്ട് മാറ്റുകയോ അല്ലായെങ്കിൽ ആ 10 ലക്ഷം രൂപയുടെ പ്രോജക്ട് തൻ വർഷത്തെ വിഹിതത്തിൽ ഉൾപ്പെടുത്തുകയോ വേണം. അങ്ങനെ തൻ വർഷത്തെ വിഹിതത്തിൽ ഉൾപ്പെടുത്തിയാൽ ആ തുക 2022-23 ൽ ലഭിക്കുന്ന തുകയിൽ നിന്നും കുറയുന്നതാണ്. അതായത് 2022-23 ൽ ഈ 10 ലക്ഷം രൂപ കുറച്ചിട്ടുള്ള തുകയ്ക്ക് മാത്രമേ പുതിയ പ്രോജക്ട് ചെയ്യാൻ കഴിയുകയുള്ളൂ.

ഇത്തവണ പട്ടികജാതി പട്ടിക വർഗ ഫണ്ടുകളുടെ പരിഹാര വകയിരുത്തൽ ഉണ്ട് എന്ന് പ്രത്യേകം ഓർമിക്കുക. അതായത് Short Fall കണക്കാക്കുന്ന ഏർപ്പാട് ഉണ്ട്. എന്താണ് Short Fall എന്നു നോക്കാം.

അതായത് പട്ടികജാതി പട്ടിക വർഗ ഫണ്ടിന്റെ വിനിയോഗം മുൻവർഷം 80 ശതമാനത്തിൽ കുറവാണെങ്കിൽ ആ കുറവ് തൻവർഷത്തെ പ്ലാൻ ഫണ്ട് ജനറലിൽ നിന്നും വകയിരുത്തേണ്ടി വരും.

ഒരു ഉദാഹരണം പറഞ്ഞാൽ കൂടുതൽ മനസിലാവും.


ഒരു തദ്ദേശ സ്ഥാപനത്തിന്റെ 2021-22 ലെ പട്ടികജാതി വിഹിതം 10 ലക്ഷം രൂപയായിരുന്നു. അവരുടെ ഈ ഫണ്ടിലെ ചെലവ് 5 ലക്ഷം രൂപയും ആണെന്ന് കരുതുക. ഇവർക്ക് നിലവിലെ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയുടെ 20 ശതമാനം ആയ 2 ലക്ഷം രൂപ ക്യാരി ഓവർ വിഹിതമായി അനുവദിക്കും. ബാക്കി 3 ലക്ഷം രൂപയുടെ പ്രോജക്ട് ഇതേ മേഖലയ്ക്ക് പ്ലാൻ ഫണ്ട് ജനറൽ ഉപയോഗിച്ച് വയ്ക്കേണ്ടി വരും. പട്ടിക വർഗ ഫണ്ടിന്റെ കാര്യത്തിലും Short Fall കണക്കാക്കുന്നത് ഇങ്ങിനെ തന്നെയാണ്. വ്യക്തമായി എന്നു കരുതുന്നു.

പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റിൽ 2021-22 ൽ ചെലവഴിക്കാത്ത തുക പൂർണമായി 2022-23 ലേയ്ക്ക് ലഭിക്കുന്നതാണ്.

വായ്പാബന്ധിത പ്രോജക്ടുകളുണ്ടെങ്കിൽ ബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തേണ്ടതാണ്.

## സ്റ്റാൻഡിംഗ് കമ്മിറ്റികളും പദ്ധതി അംഗീകാരവും

പദ്ധതി രൂപീകരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ




ഇടപെടൽ ഉണ്ടായിരിക്കേണ്ടതാണ്. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പങ്കിനെക്കുറിച്ച് ഉത്തരവിൽ അനുബന്ധം 5 ൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിനു മുന്നോടിയായി ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, ഓരോ മേഖലയിലും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ എന്നിവ സംബന്ധിച്ച ശിപാർശ ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും നൽകേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അവ പരിശോധിച്ച് ഭരണ സമിതിയ്ക്ക് ശിപാർശ ചെയ്യേണ്ടതുമാണ്.

ഈ നടപടിയ്ക്കു ശേഷമാണ് പ്രോജക്ടുകളുടെ ഡേറ്റാ എൻട്രി ചെയ്യേണ്ടത്.

സുലേഖ സോഫ്റ്റ്‌വെയറിൽ പ്രോജക്ട് ഡേറ്റാ എൻട്രി നടത്തേണ്ടത് അതത് നിർവ്വഹണ ഉദ്യോഗസ്ഥനാണ്. പ്രോജക്ട് ഫോറങ്ങൾ പൂരിപ്പിച്ചു നൽകേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളും

ചില പദ്ധതികളുടെയെങ്കിലും നിർവഹണം സംബന്ധിച്ച് പല തദ്ദേശ സ്ഥാപനങ്ങളിലും തർക്കങ്ങൾ നടക്കാറുണ്ട്. ഇത്തവണ അത്തരം പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ഓരോ പ്രോജക്ടുകളുടെയും നിർവ്വഹണം ആരാണ് എന്നത് സംബന്ധിച്ച് ഉത്തരവിൽ വ്യക്തത വരുത്തിയിട്ടുണ്ട്. ഉത്തരവ് ശ്രദ്ധിക്കുക.

പദ്ധതികൾ നമുക്ക് ഏകവർഷം ആയും ബഹു വർഷമായും ചെയ്യാം.

ഈ വർഷം അതായത് 2022-23 ൽ തന്നെ പൂർത്തിയാക്കാൻ കഴിയുന്നവയാണ് ഏക വർഷ പ്രോജക്ടുകൾ. നിർവ്വഹണം പൂർത്തിയാകാൻ ഒരു വർഷത്തിൽ കൂടുതൽ സമയം ആവശ്യമായി വരുന്നവയാണ് ബഹു വർഷ പ്രോജക്ടുകൾ. പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യം ഈ പഞ്ചവത്സര പദ്ധതിയ്ക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നവ ആയിരിക്കണം.

## പുതിയ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളും

പുതിയ പ്രോജക്ടുകൾക്കൊപ്പം സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ചേർത്താണ് വാർഷിക പദ്ധതി സമർപ്പിച്ച് ഡി പി സി അംഗീകാരം വാങ്ങേണ്ടത്. മുൻവർഷം ആരംഭിക്കുകയും എന്നാൽ പൂർത്തിയാക്കാൻ കഴിയാതെ ഈ വർഷത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതുമായ പ്രോജക്ടുകളാണ് സ്പിൽ ഓവർ പ്രോജക്ടുകൾ

## സംയുക്ത പ്രോജക്ടുകൾ

അനുവദനീയമായ പരമാവധി പദ്ധതികൾ സംയുക്ത പദ്ധതികളാക്കാവുന്നതാണ്. ഒന്നിലധികം തദ്ദേശ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തുന്ന പദ്ധതികളാണ് സംയുക്ത പദ്ധതികൾ. സംയുക്ത പദ്ധതികളെക്കുറിച്ച് ജില്ലാ തലത്തിൽ ധാരണയായതിനു ശേഷം മാത്രമേ തദ്ദേശ സ്ഥാപനങ്ങൾ സംയുക്ത പദ്ധതികൾ തയ്യാറാക്കാവൂ. മുഖ്യ പങ്കാളിയാവുന്ന തദ്ദേശ സ്ഥാപനമായിരിക്കണം പദ്ധതി നിർവ്വഹണം.

## സംയോജിത പരിപാടികൾ/ സമഗ്ര പരിപാടികൾ

നമ്മൾ തയ്യാറാക്കുന്ന പദ്ധതികളിൽ പമാവധി എംജി എൻ ആർ ഇ ജി എസ്, കുടുംബശ്രീ പോലുള്ളവയുമായി പരമാവധി സംയോജനം സാധ്യമാക്കണം. ഉദാഹരണമായി പശു വളർത്തലിനായി വാർഷിക

പദ്ധതിയിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ തൊഴിലുറപ്പുമായി സംയോജിച്ച് പശുതൊഴുത്തിന്റെ ആനുകൂല്യം കൂടി അനുവദിക്കാവുന്നതാണ്.

കൃഷിയുടെ ഒരു ആനുകൂല്യം അനുവദിക്കുമ്പോൾ കൃഷിയിറക്കുന്നതിനു വേണ്ടിയുള്ള മറ്റ് ആവർത്തന ചെലവുകൾക്ക് പ്ലാൻ ഫണ്ട് വകയിരുത്തുന്നതൊടൊപ്പം ഭൂമി തട്ട് തിരിക്കൽ, നിരപ്പാക്കൽ, പുതിയ ബണ്ടുകളുടെ നിർമ്മാണം എന്നിവയ്ക്ക് എംജിഎൻആർഇജിഎസ് ഫണ്ടും ഉൾപ്പെടുത്താവുന്നതാണ്.

വാർഷിക പദ്ധതിക്കും പ്രോജക്ടുകൾക്കും ഭരണ സമിതി അംഗീകാരം

സ്റ്റാൻഡിംഗ് കമ്മിറ്റികൾ അന്തിമരൂപം നൽകിയ പദ്ധതികൾ ഭരണ സമിതി യോഗത്തിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കണം. കരട് പദ്ധതി രേഖ അംഗങ്ങൾക്ക് നൽകണം.ഭരണ സമിതി യോഗത്തിന്റെ അംഗീകാരത്തോടെ അന്തിമ പദ്ധതി രേഖ അച്ചടിക്കേണ്ടതും ഡി പി സി യ്ക്കും ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും നൽകേണ്ടതുമാണ്.

പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി ഡി പി സി യ്ക്ക് അയക്കുന്നതോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി നൽകണം.

1. വികസന രേഖ 5 കോപ്പിയും സോഫ്റ്റ് കോപ്പിയും (പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം മാത്രം)
2. സ്റ്റാറ്റസ് റിപ്പോർട്ട് 2 കോപ്പിയും സോഫ്റ്റ് കോപ്പിയും
3. അന്തിമ പദ്ധതി രേഖ (20കോപ്പി)
4. ഫോറം 9 ലെ തനത് ഫണ്ട് സ്റ്റേറ്റ്മെന്റ്
5. ഭരണ സമിതി തീരുമാനം
6. വാർഷിക പദ്ധതിയിലെ പ്രോജക്ടുകളും അനുബന്ധ റിപ്പോർട്ടുകളും (ഓൺലൈൻ രീതി)

## നൂതന പ്രോജക്ടുകൾ

പദ്ധതി മാർഗ രേഖയിലോ സബ്സിഡി മാർഗരേഖയിലോ പറയാത്ത കാര്യങ്ങൾക്ക് പ്രാദേശിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി അല്ലെങ്കിൽ ഒരു പ്രത്യേക ആവശ്യത്തിനായ തദ്ദേശ സ്ഥാപനങ്ങൾക്ക് നൂതന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. നൂതന പ്രോജക്ടുകൾ അംഗീകരിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർപേഴ്സൺ ആയുള്ള ഒരു വിദഗ്ദ സമിതി ജില്ലാ തലത്തിൽ ഉണ്ടായിരിക്കുന്നതാണ്.

## അനിവാര്യ പദ്ധതികൾ

അങ്കണവാടി പോഷകാഹാര വിതരണം

1. എസ് എസ് കെ
2. പാലിയേറ്റീവ് കെയർ
3. ആഗതി രഹിത കേരളം (ആശ്രയ)
4. ഐ കെ എം വിഹിതം
5. അതി ദരിദ്രർക്ക വേണ്ടിയുള്ള മൈക്രോ പ്ലാനുകൾ

ഇവ അനിവാര്യ പദ്ധതികളാണ്. നിലവിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും അനിവാര്യ പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്.

## വികസന ഫണ്ടിന്റെ മേഖലാ വകയിരുത്തൽ

ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ സാധാരണ വിഹിതം, പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ ഉപ പദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെ ലൈഫ്, പി എം എ വൈ എന്നീ പാർപ്പിട പദ്ധതികൾക്കായി മാറ്റി വയ്ക്കണം.പൊതു വിഭാഗത്തിൽ നിന്ന് 20 ശതമാനം നിർബന്ധമായും മാറ്റി വയ്ക്കണം.ഉദാ. പറയണം

പൊതു വിഭാഗത്തിൽ നിന്ന് പാർപ്പിട മേഖലയ്ക്ക വകയിരുത്തുന്ന 20 ശതമാനം കുറവ് ചെയ്ത് ബാക്കി വരുന്ന തുകയുടെ 30 ശതമാനം ഉത്പാദന മേഖലയ്ക്ക വകയിരുത്തണം.

പശ്ചാത്തലം - ഗ്രാമപഞ്ചായത്തുകൾ 30 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾ 25 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 45 ശതമാനവും അധികരിക്കാൻ പാടില്ല

ത്രിതല പഞ്ചായത്തുകൾ പട്ടികജാതി പട്ടിക വർഗ ഫണ്ടിന്റെ 30 ശതമാനത്തിനു മുകളിൽ പശ്ചാത്തല മേഖലയ്ക്ക വകയിരുത്താൻ പാടില്ല.

ഗ്രാമ,ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, പട്ടികജാതി വിഹിതം, പട്ടിക വർഗ വിഹിതം എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ പദ്ധതിയ്ക്കും 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനും വകയിരുത്തണം.

വനിതാ പദ്ധതികൾ നിർബന്ധമായും വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതാകണം. ഏതൊക്കെ പദ്ധതികൾ വനിതാ പദ്ധതികളാക്കാം എന്ന് ഉത്തരവിൽ വ്യക്തമായി പറയുന്നുണ്ട്. വിവാഹ ധനസഹായം പോലുള്ള പദ്ധതികൾ വനിതാ പദ്ധതികളാക്കാൻ കഴിയില്ല.

അതുപോലെ ഭിന്നശേഷി സ്കോളർഷിപ്പ് പ്രോജക്ട് കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും നീക്കി വയ്ക്കേണ്ട 5 ശതമാനത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല.

പാലിയേറ്റീവ് കെയർ പ്രോജക്ട് എന്റർ ചെയ്യുമ്പോൾ പ്രത്യേക വിഭാഗങ്ങളുടെ കേംബോയിൽ നിന്നും പാലിയേറ്റീവ് സെലക്ട് ചെയ്താൽ ആ പദ്ധതിയിലെ വികസന ഫണ്ട് വയോജനങ്ങൾക്കും പാലിയേറ്റീവ് കെയറിനും മാറ്റി വയ്ക്കേണ്ട 5 ശതമാനത്തിൽ ഉൾപ്പെടുന്നതാണ്.

ആസ്തി സംരക്ഷണ പദ്ധതി അഥവാ മെയിന്റനൻസ് പദ്ധതി തയ്യാറാക്കുമ്പോൾ ഇത്തവണ കൂടുതൽ സ്വാതന്ത്ര്യം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ട്. നിലവിലുള്ള ആസ്തികളുടെ നവീകരണത്തിനായിരിക്കണം മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കേണ്ടത്.

ആസ്തി ഒരു ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ആവശ്യമെങ്കിൽ ഗുണഭോക്തൃ സമിതിയെക്കൊണ്ട് നടപ്പാക്കാവുന്നതാണ്.

25 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ അധ്യാപക -രക്ഷാകർതൃ സമിതി പോലുള്ള അംഗീകൃത സമിതികളെക്കൊണ്ട് ചെയ്യിക്കാവുന്നതാണ്.

ഒരു ലക്ഷം രൂപയ്ക്ക മുകളിൽ വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന ചെയ്യേണ്ടതാണ്.

## മോണിട്ടറിംഗ്

പ്രത്യേകം ശ്രദ്ധിക്കുക. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്.വർക്കിംഗ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും അടങ്ങിയ സമിതിയോ അല്ലെങ്കിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത മറ്റൊരു ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെടുന്ന മൂന്നിൽ കുറയാത്ത അംഗങ്ങളുടെ ഉപസമിതിയോ മോണിട്ടറിംഗ് കമ്മിറ്റികളായി തദ്ദേശ സ്ഥാപനങ്ങൾക്ക് രൂപീകരിക്കാവുന്നതാണ്. □

*(ലേഖകൻ മൈലപ്ര ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കാണ്)*



# സുസ്ഥിര വികസന ലക്ഷ്യങ്ങളും ഗ്രാമ പഞ്ചായത്തുകളും

■ ടി. ഷാഹുൽ ഹമീദ്

ഐക്യരാഷ്ട്ര സംഘടന മാനവരാശിയുടെ ഐശ്വര്യപൂർണ്ണമായ ഭാവി ലക്ഷ്യമാക്കി പ്രഖ്യാപിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് വലിയ പങ്കാണ് നിർവ്വഹിക്കാനുള്ളത്. നമ്മുടെ ഗ്രഹമായ ഭൂമിയെ സംരക്ഷിക്കുക എല്ലാവർക്കും സന്തോഷവും സമൃദ്ധിയും ഉണ്ടാക്കുക എന്നീ ബൃഹത് ലക്ഷ്യങ്ങൾ മുൻനിർത്തി 17 സുസ്ഥിര വികസന ലക്ഷ്യങ്ങളാണ് നേടിയെടുക്കാനുള്ളത്, ദേശീയതലത്തിൽ 169 ഉപ ലക്ഷ്യങ്ങളും അവ വിലയിരുത്തുന്നതിന് 295 ദേശീയ സൂചികകളും സുസ്ഥിര ലക്ഷ്യങ്ങൾ നേടുന്നതിന് രാജ്യം തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഭരണഘടനാപരമായ 29 അനിവാര്യ ചുമതലകളുമായി സുസ്ഥിരവികസന ലക്ഷ്യങ്ങൾക്ക് ബന്ധമുള്ളതിനാൽ 2022 വാർഷിക പദ്ധതിയിൽ വലിയ മുൻഗണന നൽകേണ്ട മേഖലയാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ. നല്ല കാഴ്ചപ്പാടും ഇടപെടലുകളും ആവശ്യമായതും നാളിതുവരെ നേടിയെടുത്ത നേട്ടങ്ങളുടെയും അനുഭവങ്ങളുടെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിലാണ് മുന്നോട്ട് പോകേണ്ടത്.

## പ്രാധാന്യം

ലോകത്തെ 193 രാജ്യങ്ങൾ 2015 സെപ്റ്റംബർ 25ന് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയിൽ വെച്ച് യോഗം ചേർന്ന് അംഗീകരിച്ച് 2030 നകം നേടിയെടുക്കേണ്ട 17 ലക്ഷ്യങ്ങളാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിൽ 2.65 ലക്ഷം ഗ്രാമ പഞ്ചായത്തുകളും 32 ലക്ഷം ജനപ്രതിനിധികളും ഉണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുവാനുള്ള പ്രയാണത്തിൽ 2022 പ്രധാനപ്പെട്ട വർഷമാണെന്ന് UNO പ്രഖ്യാപിച്ചതിനാൽ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ഒന്നാം വർഷത്തിൽ തന്നെ കൃത്യമായ പദ്ധതികൾക്ക് രൂപം നൽകാൻ കഴിയേണ്ടതായിട്ടുണ്ട്. ലക്ഷ്യങ്ങൾ നേടുന്നതിന് അഞ്ച് പ്രധാന ഘടകങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്, ജനങ്ങൾ, അഭിവൃദ്ധി, സമാധാനം, ഭൂഗോളം, സഹകരണം എന്നിവയിൽ ഓരോ ഗ്രാമ പഞ്ചായത്തും സാമ്പത്തിക -സാമൂഹിക പരിസ്ഥിതികളായിട്ടുള്ള പ്രാദേശിക പ്രശ്നങ്ങൾ മനസിലാക്കി മുന്നോട്ട് പോകണം. ലോകത്തിലെ 17% ജനങ്ങൾ താമസിക്കുന്ന ഇന്ത്യക്ക് വലിയ ചുമതലയാണ് ഈ കാര്യത്തിൽ ഉള്ളത്. മൊത്തം സൂചികകളുടെ അടിസ്ഥാനത്തിൽ



സാഹചര്യങ്ങളിൽ പഞ്ചായ ത്തുകൾ ശ്രദ്ധിക്കേണ്ടതാണ്.

## 2) വിശപ്പ് രഹിത പ്രദേശം

2021 ലെ വിശപ്പ് സൂചിക യിൽ ഇന്ത്യ 116 രാജ്യങ്ങളിൽ 101 സ്ഥാനത്താണ് ഉള്ളത് 2020 ൽ 94 സ്ഥാനത്ത് ആയിരുന്നു.

ഓരോ പഞ്ചായത്തും വിശ പ്പുരഹിത ഗ്രാമപഞ്ചായത്തായി മാറണം, ആരും തന്നെ ഭക്ഷ ണത്തിനുവേണ്ടി യാചിക്കുന്ന അവസ്ഥ ഉണ്ടാവരുത്. ജനകിയ ഹോട്ടൽ, സാമൂഹിക അടുക്കള, വാതിൽപ്പടി സേവനം എന്നിവ മാർഗരേഖ പ്രകാരം ശക്തമാ കണം.

കേരളം സുസ്ഥിര ലക്ഷ്യങ്ങൾ നേടുന്നതിൽ രാജ്യത്തിന് തന്നെ മാതൃകയായി ഒന്നാം സ്ഥാനം നില നിർത്തിക്കൊണ്ടിരിക്കുക യാണ്. വിശപ്പ് ഇല്ലായ്മ ചെയ്യൽ, ലിംഗ സമത്വം എന്നിവയിൽ രാജ്യം 50 ൽ താഴെ മാത്രമേ സ്കോർ നേടിയിട്ടുള്ളൂ എങ്കിലും കേരളം ഈ കാര്യത്തിൽ ബഹുദൂരം മുന്നോട്ട് സഞ്ചരിച്ചു എന്ന് നീതി ആയോഗ് റിപ്പോർട്ട് ചൂണ്ടി കാണിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യം നേടുന്നതിൽ ഗ്രാമ പഞ്ചായത്തുകൾക്ക് ഒൻപത് ലക്ഷ്യങ്ങളാണ് നേടാനുള്ളത്, ഇതിനായി ഓരോ പഞ്ചായത്തും വികസന സൂചികകൾ പുറത്തിറക്കി പ്രവർത്തനം ആസൂത്രണം ചെയ്യാവുന്നതാണ് .

## 1) എല്ലാ തരത്തിലും എല്ലായിടത്തുമുള്ള ദാരിദ്ര്യം ഇല്ലാതാക്കുക

ദാരിദ്ര്യം ബഹുമുഖമാണ്, ദാരിദ്ര്യം അനുഭവിക്കുന്ന പ്രദേശം, ജനവിഭാഗങ്ങൾ എന്നിവ മനസ്സിലാക്കണം, സർക്കാർ നിർദ്ദേശപ്രകാരം കണ്ടെത്തിയ അതിദരിദ്രരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി സൂക്ഷ്മതല പദ്ധതികൾ ഉണ്ടാക്കണം. 44 ദശലക്ഷം പേർ ദാരിദ്ര്യത്തിലേക്ക് വഴുതിവീഴും എന്നാണ് കണക്കാക്കുന്നത്, ബിഹാറിൽ 52.5 ശതമാനം ദരിദ്രർ ഉള്ളതും കേരളത്തിന്റെ ദാരിദ്ര്യത്തിന്റെ തോത് സ്വപ്നതുല്യമായ 0.71% ത്തിൽ എത്തിയ നേട്ടവും തമ്മിൽ താരതമ്യം ചെയ്ത് കൂടുതൽ ജനപങ്കാളിത്തത്തോടെയുള്ള ദാരിദ്ര്യനിർമ്മാർജന പദ്ധതികൾ രാജ്യം ആവിഷ്കരിച്ചാൽ മാത്രമേ ദരിദ്രർ ഇല്ലാത്ത ഒരിടം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ. കേരളം ലക്ഷ്യമിടുന്നത് 100% ദരിദ്രർ ഇല്ലാത്ത പ്രദേശത്തോടൊപ്പം അതി ദാരിദ്ര്യം പൂർണമായും ഇല്ലാതാക്കുന്നതിനാണ് ഇതിനായി വിപുലമായ പ്രവർത്തനം തുടങ്ങി കഴിഞ്ഞിട്ടുണ്ട്. എല്ലാവർഷവും 63 ദശ ലക്ഷം ജനങ്ങൾ ലോകത്ത് ആരോഗ്യ ചെലവ് കാരണം ദരിദ്രർ ആകുന്നു എന്നത് കേരളത്തിലെ

**ദാരിദ്ര്യം ബഹുമുഖമാണ്, ദാരിദ്ര്യം അനുഭവിക്കുന്ന പ്രദേശം, ജനവിഭാഗങ്ങൾ എന്നിവ മനസ്സിലാക്കണം, സർക്കാർ നിർദ്ദേശപ്രകാരം കണ്ടെത്തിയ അതിദരിദ്രരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി സൂക്ഷ്മതല പദ്ധതികൾ ഉണ്ടാക്കണം.**

## 3) ക്ഷേമവും ആരോഗ്യ ജീവിതവും ഉറപ്പാക്കൽ

ക്ഷേമ പദ്ധതികളാൽ സമ്പന്നമാണ് കേരളം, അർഹത ഉണ്ടായിട്ടും ഒഴിഞ്ഞു പോയവരെ കണ്ടെത്തി സുരക്ഷാ കര വലയത്തിൽ ഉൾപ്പെടുത്തണം. സ്ത്രീകൾ, കുട്ടികൾ വയോജനങ്ങൾ, പ്രത്യക കഴിവ് ഉള്ളവർ പാർശ്വവത്കരിക്കപ്പെട്ടവർ എന്നിവരെ ചേർത്ത് പിടിച്ച് ക്ഷേമ പഞ്ചായത്താകണം, കോവിഡ് സാഹചര്യം മനസ്സിലാക്കി പകർച്ചവ്യാധികൾ പടരാത്ത പ്രദേശമാകണം, പെൺകുട്ടികൾ, സ്ത്രീകൾ എന്നിവർക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തണം. അതിക്രമം ഇല്ലാതാക്കാൻ ക്രൈം മാപ്പിംഗ് നടത്തണം യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുവാനുള്ള മാൻ പവർ ബാങ്ക് ആരംഭിക്കണം, ആസാമിൽ ഒരു ലക്ഷം ജനനത്തിൽ 215 അമ്മമാർ മരിക്കുമ്പോൾ കേരളത്തിൽ അത് 30 ആണ്, ഹരിയാനയിൽ ഒരു ലക്ഷം പേരിൽ 255 ക്ഷയ രോഗികൾ ഉള്ളപ്പോൾ കേരളം ക്ഷയരോഗ വിമുക്ത സംസ്ഥാനമാകാൻ പോകുകയാണ്, കേരളത്തിലെ ആയുർദൈർഘ്യം വികസിത രാജ്യങ്ങൾക്കൊപ്പമാണ് 75.3 ആണ് കേരളത്തിന്റെ ആയുർ ദൈർഘ്യം ഇന്ത്യയുടേത് 70.19 ആണ്, സ്ത്രീ പുരുഷ അനുപാതത്തിലും കേരളം മികച്ച് നിൽക്കുന്നു, 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ കേരളത്തിൽ ഉണ്ട് ഇന്ത്യയിൽ അത് 1000 പുരുഷന്മാർക്ക് 948 സ്ത്രീകൾ ആണ്. ഇന്റർനെറ്റ് ഉപയോഗത്തിലും കേരളം മുൻനിരയിൽ തന്നെ 77.42%

പേർ കേരളത്തിൽ നെറ്റ് ഉപയോഗിക്കുന്നു.

### 4) വിദ്യാഭ്യാസം

വിദ്യാഭ്യാസ അവകാശ നിയമത്തിലെ ആർട്ടിക്കിൾ 21 പ്രകാരം ആറു വയസ്സ മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ഗുണനിലവാരത്തിൽ നൽകുന്ന സംസ്ഥാനമാണ് കേരളം. കുട്ടികളെ ഉയർന്നതലത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതായിട്ടുണ്ട്, കൂടാതെ മൂന്ന് വയസ്സ മുതൽ ആറ് വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രീ-പ്രൈമറി ഘട്ടത്തിൽ കാലോചിതമായ ഇടപെടലുകൾ നടത്തുന്നത് തുടരേണ്ടതുണ്ട്. തൊഴിലിടങ്ങളിൽ കൂടുതൽ സാങ്കേതികമായ മികവോടെ പ്രദേശത്തെ ജനങ്ങളെ എത്തിക്കുവാൻ സാധിക്കണം ഇതിനായി പ്രാദേശിക സാമ്പത്തിക വികസന പദ്ധതി ഉണ്ടാകണം. നാനോ സംരംഭങ്ങൾ, ഇ സംരംഭകത്വം എന്നിവ വിപുലപ്പെടുത്തണം, മാനവവിഭവശേഷി ഫലപ്രദമായി ഉപയോഗിച്ച് പ്രാദേശിക സാമ്പത്തിക വികസനം യാഥാർഥ്യമാക്കണം.

### 5 ലിംഗസമത്വം

ലിംഗ സമത്വത്തിന്റെ കാര്യത്തിൽ സുസ്ഥിരവികസന ലക്ഷ്യത്തിൽ കേരളം എത്തിച്ചേർന്നെങ്കിലും 0 മുതൽ ആറ് വയസ്സ വരെയുള്ള കുട്ടികളുടെ ജനനത്തിൽ പെൺകുട്ടികൾ കുറഞ്ഞുവരുന്നു, ഓരോ പഞ്ചായത്തും പ്രാദേശികമായി സൂക്ഷ്മതല ഇടപെടലുകൾ നടത്തേണ്ട ഒരു മേഖലയാണിത് കൂടാതെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും ജെൻഡർ ബഡ്ജറ്റ്, സ്ത്രീപക്ഷ നവകേരളം പദ്ധതി എന്നിവ പഞ്ചായത്തുകൾ ഏറ്റെടുക്കണം.

### 6) ജലലഭ്യത ശുചിത്വം

ഉറവിട മാലിന്യ സംസ്കരണം, അജൈവ മാലിന്യ സംസ്കരണം എന്നിവയിൽ ബോധവൽക്കരണം നടത്തി തെളി നീരൊഴുകും നവ കേരളം പദ്ധതിയിൽ ജല സ്രോതസ്സുകളെ സംരക്ഷിച്ചാൽ മാത്രമേ സുസ്ഥിര വികസനം സാധ്യമാകുകയുള്ളൂ. 2024 ആകുന്നതോടെ ഗ്രാമീണ മേഖലയിൽ എല്ലാ വീട്ടുകാർക്കും പൈപ്പ് വെള്ളം എത്തിക്കുന്ന ജൽജീവൻ മിഷന് ആവിശ്യമായ സംവിധാനം ഒരുക്കുവാൻ പഞ്ചായത്തുകൾക്ക് സാധിക്കണം, ഗ്രാമങ്ങൾ ഹരിതാഭമാകുന്നതിന് പ്രകൃതിയെ പൂർവ്വസ്ഥിതിയിൽ കൊണ്ട് വരുന്നതിനും പദ്ധതികൾ വേണം, കാർബൺ ന്യൂട്രൽ, നീർത്താടിധിഷ്ഠിത വികസനം എന്നീ കാഴ്ചപ്പാടുകൾ മുറുകെ പ്പിടിക്കണം.



വിദ്യാഭ്യാസ അവകാശ നിയമത്തിലെ ആർട്ടിക്കിൾ 21 പ്രകാരം ആറു വയസ്സ മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം ഗുണനിലവാരത്തിൽ നൽകുന്ന സംസ്ഥാനമാണ് കേരളം.

### 7) സ്ഥിരമായ ഊർജ്ജം

എല്ലാ വികസനത്തിന്റെയും പ്രധാന ഘടകമായ ഊർജ്ജോപയോഗം സംബന്ധിച്ച് ബോധവത്കരണം നടത്താവുന്നതാണ്. സൗരോർജ്ജ സംവിധാനങ്ങൾ ഉണ്ടാക്കൽ, പുനരുപയോഗ ഊർജം താഴെത്തട്ടിൽ എത്തിക്കൽ, ഫിലമെന്റ് രഹിത ഗ്രാമം പദ്ധതി നടപ്പിലാക്കൽ, പൊതുസ്ഥലത്ത് സോളാർ പാനലുകൾ സ്ഥാപിക്കൽ, എൽഇഡി ബൾബുകൾ ഉപയോഗിക്കുവാനുള്ള പ്രോത്സാഹനം എന്നിവ ഈ രംഗത്ത് നടപ്പിലാക്കുവാൻ ശ്രമിക്കാവുന്നതാണ്. ഇതിനായി ഊർജ്ജ മിത്രങ്ങളെ പഞ്ചായത്തുതലത്തിൽ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കാവുന്നതാണ്.

### 8) സുസ്ഥിരമായ സാമ്പത്തിക വളർച്ച

പ്രാദേശിക സാമ്പത്തിക വികസനം ഗ്രാമപഞ്ചായത്തിന്റെ ഭരണഘടന ദൗത്യമാണ്, ഇതിനായി സംരംഭകത്വ പദ്ധതി നടപ്പിലാക്കുവാൻ പഞ്ചായത്തുകൾക്ക് ഉത്തരവാദിത്വം ഉണ്ട്. ആയിരം പേർക്ക് 5 എന്ന രീതിയിൽ തൊഴിൽ നൽകണം. കുടുംബശ്രീയുടെ അംഗത്വം എല്ലാ കുടുംബങ്ങളിലും എത്തിച്ച തൊഴിൽ നൽകാൻ സാധിക്കണം. പഞ്ചായത്തിന്റെ കൈവശം ഉള്ള സ്ഥലം, വ്യവസായം ആരംഭിക്കാൻ നൽകണം. സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തൊഴിൽ സംരംഭങ്ങൾ പ്രത്യേകിച്ച് നാനോ സംരംഭങ്ങൾ ആരംഭിക്കണം. പതിനാലാം പദ്ധതി ക്കാലത്ത് കെട്ടിടങ്ങളുടെ ഉപയോഗക്രമം നോക്കാതെ സംരംഭങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ ഇടപെടൽ പഞ്ചായത്തിന് നടത്താവുന്നതാണ്, വാക്കൻസി ബാങ്ക് ആരംഭിക്കുവാൻ ഇടപെടൽ നടത്തിയാൽ





യുവജനങ്ങൾക്ക് ഉപകാരപ്പെടുന്നതാണ്. വിനോദസഞ്ചാരമേഖലയിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ സഹായം ഉണ്ട്, പ്രവാസികളെ പ്രത്യേകമായി സംരംഭ മേഖലയിലേക്ക് കൊണ്ടുവരണം. പഞ്ചായത്തുകൾ മാനവ വിഭവസൂചിക പ്രസിദ്ധീകരിക്കുന്നത് ഉചിതമായിരിക്കും.

## 9) അസമത്വം

പഞ്ചായത്തുകളിൽ, വാർഡുകൾ തമ്മിലും ജനവിഭാഗങ്ങൾ തമ്മിലുമുള്ള അസമത്വം ഇല്ലാതാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചാൽ മാത്രമേ സുസ്ഥിരവികസനം ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. 2021ലെ സുസ്ഥിരവികസന റിപ്പോർട്ടിൽ രാജ്യങ്ങൾ തമ്മിൽ അന്തരം വർദ്ധിച്ചു വരുന്നു എന്ന് പറയുന്നുണ്ട്. ദരിദ്രരാജ്യങ്ങളിൽ 100 പേരിൽ 24 പേർക്ക് മാത്രം ഒരു ഡോസ് വാക്സിൻ ലഭിച്ചപ്പോൾ സമ്പന്നരാജ്യങ്ങളിൽ 100 ൽ 150 പേർക്കും വാക്സിൻ ലഭിച്ചിട്ടുണ്ട് ഇന്ത്യയിൽ 2020 വരെ ശതകോടീശ്വരന്മാർ 85 പേരായിരുന്നു ഉണ്ടായിരുന്നത് (7500 കോടി ആസ്തി ഉള്ളവരാണ് ശതകോടീശ്വരൻമാർ) എന്നാൽ 2021 ൽ ഇത് 126 ആയി വർദ്ധിച്ചു, രാജ്യത്തിന്റെ സമ്പത്തിന്റെ നാലിലൊന്നും ഈ അതിസമ്പന്നരുടെ കൈകളിലാണ് ഉള്ളത്. ഓരോ ഗ്രാമപ്പഞ്ചായത്തും വികസനത്തിന്റെ അസംതുലിതാവസ്ഥ മനസ്സിലാക്കുന്നതിന് വില്ലേജ് മാപ്പിംഗ്, മാനദണ്ഡങ്ങൾ പ്രകാരം നടത്തണം.

## പ്രത്യാശയോടെ

പഞ്ചായത്തിലെ എല്ലാ ജനങ്ങളെയും കൂട്ടിച്ചേർത്ത് മാത്രമേ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടാൻ സാധിക്കുകയുള്ളൂ. നേട്ടം നേടിയാൽ പോരാ, അത് സ്ഥായിയായി നില നിർത്തുകയും വേണം. സംയോജന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി വികസന വിടവുകൾ സമഗ്രതയോടെ ഇല്ലാതാക്കുവാനുള്ള പ്രായോഗികത നേടിയെടുക്കണം. കൊവിഡാനന്തര കാലം, ആധുനികകാലത്തെ സവിശേഷമായ വികസന പ്രശ്നങ്ങൾ എന്നിവ ഓരോ വികസന പദ്ധതി ഉണ്ടാകുമ്പോഴും ജനപ്രതിനിധികളുടെ മനസ്സിലുണ്ടാകണം ഇതിനായി ജനപ്രതിനിധികളെ ശാക്തീകരിക്കണം. പങ്കാളിത്ത ജനാധിപത്യത്തിന്റെ നിദർശനമായ ഗ്രാമസഭകൾ ജനനിബിഢമാകണം. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഫണ്ട് ലക്ഷ്യങ്ങൾ നേടാനുള്ള വിടവുകൾ നികത്താൻ പഞ്ചായത്തുകൾ ഉപയോഗിക്കണം. കാലാവസ്ഥ, മഴ, ചൂട്, താപനില, കാറ്റ്, സൂര്യപ്രകാശം എന്നിവയിൽ ഓരോ പഞ്ചായത്തിന്റെയും അവസ്ഥ രേഖപ്പെടുത്തുവാൻ സംവിധാനങ്ങൾ ഉണ്ടാകണം.

വേദനാജനകമായ കോവിഡ് കാലം സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് പ്രയാസം സൃഷ്ടിച്ചെങ്കിലും ഒറ്റമനസ്സായി പ്രവർത്തിച്ചാൽ ലക്ഷ്യത്തിലേക്ക് നിഷ്പ്രയാസം എത്തുവാൻ സാധിക്കുന്നതാണ്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിൽ വലിയ പുരോഗതി കാണിക്കുന്ന സംസ്ഥാനമാണ് കേരളം. നീതി ആയോഗ് പുറത്തിറക്കിയ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം കേരളം 75 മാർക്ക് വാങ്ങി ഒന്നാം സ്ഥാനത്താണ് 2019 ൽ കേരളത്തിന്റെ മാർക്ക് 70 ആയിരുന്നു. ചത്തീസ്ഗഡിൽ ആയുർ ദൈർഘ്യം 65.2 ആണെങ്കിൽ കേരളത്തിൽ അത് 75.3 ആണ്. ലോകത്ത് സുസ്ഥിര വികസന ലക്ഷ്യം നേടുന്നതിൽ ഒന്നാം സ്ഥാനത്തുള്ളത് 85.9 മാർക്ക് വാങ്ങി ഫിൻലാന്റ് ആണ്. 85.6 മാർക്ക് വാങ്ങി സ്വീഡൻ രണ്ടാംസ്ഥാനത്തുണ്ട്, 60.1 മാർക്ക് വാങ്ങി ഇന്ത്യ ആഗോള അടിസ്ഥാനത്തിൽ 120 സ്ഥാനത്താണ്. വിദ്യാഭ്യാസമുള്ള മനുഷ്യ വിഭവശേഷി, ഉയർന്ന ജീവിതനിലവാരം, ശക്തമായ ആരോഗ്യരംഗം, പറന്നുയരുവാൻ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്ഥായിയായ പങ്കാളിത്ത ജനാധിപത്യം, സാമ്പത്തിക സുസ്ഥിരത, സാമൂഹിക രാഷ്ട്രീയ ബോധമുള്ള ജനവിഭാഗങ്ങൾ, സുന്ദരമായ പ്രകൃതി, ഉയർന്ന ജനാധിപത്യ ബോധം ഇതെല്ലാം ഉള്ള കേരളം വരുംവർഷങ്ങളിൽ സുസ്ഥിര ലക്ഷ്യങ്ങൾ പൂർണമായും നേടുമെന്നതിൽ തർക്കമില്ല, ഇതിനായി പഞ്ചായത്തുകൾ അവരുടെ കടമ നിർവഹിക്കുകയാണെങ്കിൽ........ □

*(ലേഖകൻ നാദാപുരം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയാണ്)*



# കാർബൺ ന്യൂട്രൽ കേരളം

## ഹരിതകേരളം മിഷന്റെ ശ്രദ്ധേയമായ ചുവടുവെയ്പ്പ്

■ ബി. മനോജ്

കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ ലോകത്ത് പ്രകടമായി തന്നെ അനുഭവപ്പെട്ടുവരിക യാണ്. കേരളത്തിലും സ്ഥിതി വിഭിന്നമല്ല. കാലാവസ്ഥാ വ്യതിയാനത്തിന് കാരണം ഹരിതഗൃഹ വാതകങ്ങളാണെന്നും ലോക മുതലാളിത്ത രാജ്യങ്ങളാണ് ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിന് മുഖ്യ കാര ണക്കാരാണെന്നുള്ളതും അംഗീകരിക്കപ്പെ ട്ട വസ്തുതയാണ്. ഈ യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഭൂമിയിൽ വരും തലമുറകൾക്കുകൂടി ആരോഗ്യപരമായ ചുറ്റ പാടിൽ ജീവിക്കാൻ വേണ്ട സാഹചര്യം നിലനിർത്തേണ്ടത് ഇന്നത്തെ സമൂഹത്തി ന്റെ ഉത്തരവാദിത്തമാണ്. ഇതിനുവേണ്ടി യുള്ള ശ്രമങ്ങൾ കുറേകാലമായി ആഗോള തലത്തിൽ ഐക്യരാഷ്ട്ര സഭ ഉൾപ്പെടെ യുള്ള സംഘടനകളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഇന്റർ ഗവൺമെ ന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് ഇതിനായി വളരെ ഗൗരവമുള്ള മുന്നറിയി പ്പുകൾ കാലാകാലം നൽകിക്കൊണ്ടിരിക്ക കയാണ്. ഭൂമിയുടെ രണ്ട് ധ്രുവങ്ങളിലുമുള്ള ഊഷ്മാവ് അസാധാരണമായ രീതിയിൽ ഉയർന്നു നിൽക്കുന്നതായിട്ടാണ് കഴിഞ്ഞ ദിവസങ്ങളിലെ റിപ്പോർട്ടുകൾ സൂചിപ്പിക്കു ന്നത്. ശാസ്ത്രലോകം ഇതിൽ ഒട്ടൊന്നുമല്ല ആശങ്കപ്പെടുന്നത്.

അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കുന്ന തിന്റെ മുഖ്യകാരണം ഹരിതഗൃഹ വാത കങ്ങളായ കാർബൺഡൈ ഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ വയുടെ അളവ് വർദ്ധിക്കുന്നതാണ്. ഇതിൽ മുഖ്യമായ കാർബൺഡൈ ഓക്സൈഡി ന്റെയും മീഥേന്റെയും അളവിലെ വർദ്ധന മനുഷ്യ ഇടപെടലുകൾ കാരണമാണ് അന്ത രീക്ഷത്തിലുണ്ടാകുന്നത്. വനനശീകരണം, ജലാശയങ്ങളിലെ മാലിന്യ നിക്ഷേപം എന്നിവ കാർബൺഡൈ ഓക്സൈഡിന്റെ പ്രകൃത്യാലുള്ള വലിച്ചെടുക്കൽ സംവിധാന ത്തെ വൻതോതിൽ കുറയ്ക്കുന്നതിന് ഇടയാ ക്കുന്നു. ഇതിനോടൊപ്പം ജീവിത സൗക ര്യങ്ങൾ വർദ്ധിക്കുന്നതിന്റെയും ഉപഭോഗ സംസ്കാരത്തിന്റെയും മറ്റും ഫലമായി അന്ത രീക്ഷത്തിലേക്ക് എത്തുന്ന കാർബൺഡൈ ഓക്സൈഡിന്റെയും മീഥേന്റെയും അളവ് വളരെയധികം കൂടുന്നതിനും കാരണമാകു ന്നു. ഫോസിൽ ഇന്ധനങ്ങളുടെ മേലുള്ള അമിത ആശ്രിതത്വം, ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് ഉൾപ്പെടെ യുള്ള അശാസ്ത്രീയമായ മാലിന്യ നിർമ്മാ ർജ്ജന രീതികൾ എന്നിവയെല്ലാം അന്ത രീക്ഷത്തിലേക്ക് ഈ ഹരിതഗൃഹ വാത കങ്ങളുടെ കൂടുതലായുള്ള പുറന്തള്ളലിന് കാരണമാകുന്നു.

**ബോധവത്കരണത്തിലൂടെയും പകരം സംവിധാനങ്ങളുടെ പ്രചാരണത്തിലൂടെയും നിലവിലുള്ള ഹരിതഗൃഹ വാതക ബഹിർഗമനം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണ്.**




ബോധവത്കരണത്തിലൂടെയും പകരം സംവിധാനങ്ങളുടെ പ്രചാരണത്തിലൂടെയും നിലവിലുള്ള ഹരിതഗൃഹ വാതക ബഹിർഗമനം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണ്. ഇതിനോടൊപ്പം തന്നെ ജലാശയങ്ങൾ ശുദ്ധീകരിക്കുകയും ശാസ്ത്രീയമായ മാലിന്യ സംസ്കരണ മാതൃകകൾ അവലംബിക്കുകയും ലഭ്യമായ സ്ഥലങ്ങളിൽ സാധ്യമായ രീതിയിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും കാർബൺഡൈ ഓക്സൈഡിന്റെ സംഭരണ പ്രക്രിയ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള നെറ്റ് സീറോ എമിഷൻ അവസ്ഥയിലേക്ക് ക്രമേണ എത്താനാകും. 2070 ഓടുകൂടി ഈ അവസ്ഥയിലേക്ക് എത്തുമെന്നാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ 2050 ൽ നമ്മുടെ സംസ്ഥാനത്തിന് ഈ അവസ്ഥ കൈവരിക്കാനാകണം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

## നിർവ്വഹണ രൂപരേഖ തയ്യാറാക്കൽ - സംസ്ഥാനതല ശിൽപ്പശാല

നവകേരളം കർമ്മപദ്ധതി 2 ന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 'കാർബൺ ന്യൂട്രൽ കേരളം' പദ്ധതിയുമായി ബന്ധപ്പെട്ട് ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് വെള്ളാറിലുള്ള കേരള ആർട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ 2022 ഏപ്രിൽ 1, 2 തീയതികളിൽ നടന്ന ശിൽപ്പശാലയുടെ ഉദ്ദേശം കാർബൺ ന്യൂട്രൽ കേരളം ക്യാമ്പയിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നതിലേക്കാവശ്യമായ ഒരു നിർവ്വഹണ രൂപരേഖയുടെ കരട് തയ്യാറാക്കുക എന്നതായിരുന്നു.

**കാർബൺ ന്യൂട്രൽ കേരളം/ നെറ്റ് സീറോ എമിഷൻ അവസ്ഥയിലേക്കെത്തുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിരിക്കുന്ന കാലയളവ് 2050 ആണ്. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങളിൽ പരമാവധി ഏകോപനവും സഹകരണവും അനിവാര്യമാണ്.**

കാർബൺ ന്യൂട്രൽ കേരളം/നെറ്റ് സീറോ എമിഷൻ അവസ്ഥയിലേക്കെത്തുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിരിക്കുന്ന കാലയളവ് 2050 ആണ്. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങളിൽ പരമാവധി ഏകോപനവും സഹകരണവും അനിവാര്യമാണ്. ഈ കാഴ്ചപ്പാടോടുകൂടിയാണ് ഹരിതകേരളം മിഷൻ സംസ്ഥാനത്ത് നിലവിൽ ഈ പരിപാടിയുമായി സഹകരിക്കാനാകുന്ന എല്ലാ വകുപ്പുകളേയും ഏജൻസികളേയും പങ്കെടുപ്പിച്ചുകൊണ്ട് ശിൽപ്പശാല സംഘടിപ്പിച്ചത്.

## വിദഗ്ദ്ധർ പങ്കെടുത്ത ശിൽപ്പശാല

കേരളത്തിലെ സർവ്വകലാശാലകളിലെ പരിസ്ഥിതി പഠന വിഭാഗം കേരള കാർഷിക സർവ്വകലാശാല, വെറ്റിനറി സർവ്വകലാശാല, ഇന്റർ നാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സി ലെവൽ ഫാമിംഗ്, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് ആന്റ് എൻവയോൺമെന്റൽ സയൻസ്, ഫിഷറീസ് സർവ്വകലാശാല, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്,

മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, തിരുവനന്തപുരം, കണ്ണൂർ, വയനാട്, ഗവ. എഞ്ചിനീയറിംഗ് കോളേജ്, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, കേരള സർവ്വകലാശാല, ബോട്ടണി, അക്വാട്ടിക് ബയോളജി വിഭാഗം, സി.ഡബ്ല്യ. ആർ. ഡി.എം., കേരള ശാസ്ത്രസാങ്കേതിക കൗൺസിൽ, കോളേജ് ഓഫ് ഫോറസ്ട്രി കേരള കാർഷിക സർവ്വകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എനർജി മാനേജ്മെന്റ് സെന്റർ, കേരള വെറ്റിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, ഇന്റഗ്രേറ്റഡ് ഫാമിംഗ് റിസർച്ച് സ്റ്റേഷൻ, കേരള മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, കെ.എസ്. ആർ.ടി.സി., വ്യവസായ വാണിജ്യ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമവകുപ്പ്, ശുചിത്വ മിഷൻ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, അനർട്ട്, ക്ലീൻ കേരള കമ്പനി, മെറ്റീരിയോളജിക്കൽ സെന്റർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, സാമൂഹ്യ വനവൽക്കരണ വകുപ്പ്, വനംവകുപ്പ്, ജലസേചന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഫിഷറീസ് വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കെ.എസ്.ഇ.ബി., കില, ഐ.ആർ.ടി.സി. എന്നീ സ്ഥാപനങ്ങളുടേയും വകുപ്പുകളുടേയും പ്രതിനിധികളും ഈ രംഗത്ത് സ്വതന്ത്രരായി പ്രവർത്തനം നടത്തുന്ന വിദഗ്ധരും ശിൽപ്പശാലയിലുടനീളം പങ്കെടുത്തു.

ശിൽപ്പശാലയുടെ ഉദ്ഘാടനം ബഹു. തദ്ദേശ സ്വയംഭരണ ഗ്രാമവികസന എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. മുൻ ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി.

ആധുനിക ഉപഭോഗ സംസ്കാരവും അശാസ്ത്രീയ മാലിന്യ സംസ്കരണവും ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനത്തിന്റെ തോത് വർധിപ്പിക്കാനിടയാക്കുകയാണെന്ന ബഹു. തദ്ദേശ സ്വയംഭരണ ഗ്രാമവികസന എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഹരിത ഗൃഹ വാതകങ്ങളുടെ അളവ് കൂടുന്നത് അന്തരീക്ഷ ഊഷ്മാവ് കൂട്ടുകയും ഇത് കാലാവസ്ഥ വ്യതിയാനത്തിനു മുഖ്യ കാരണമാവുകയും ചെയ്യും. വികസിത രാജ്യങ്ങളാണ് കാർബൺ ബഹിർഗമനത്തിൽ മുന്നിലെന്നും എന്നാൽ ഈ ദുരന്ത ലഘൂകരണത്തിന് അവർ മുൻകൈ എടുക്കുന്നില്ല എന്നു ശില്പശാലയിൽ മുഖ്യ പ്രഭാഷണം നിർവ്വഹിച്ച മുൻ ധനമന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞു. കാലാവസ്ഥാരീതി തകർക്കുന്ന ഈ നടപടിക്കെതിരെ ലോകരാഷ്ട്രങ്ങൾ ഉണർന്നു പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു. ശില്പശാലയിൽ രൂപീകരിക്കുന്ന നിർവ്വഹണ രേഖ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ തുടർ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച നവകേരളം കർമ്മ പദ്ധതി സംസ്ഥാന കോഓർഡിനേറ്റർ ഡോ. ടി. എൻ. സീമ പറഞ്ഞു. മീനങ്ങാടി, ഉദയഗിരി പഞ്ചായത്തുകളിലും കാട്ടാക്കട നിയോജക മണ്ഡലത്തിലും നടന്ന കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ ശില്പശാലയിൽ അവതരിപ്പിച്ചു.തുടർന്ന് കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങളിൽ ഇതിനകം തന്നെ മുന്നോട്ടുവന്നിട്ടുള്ള ഉദ്യമങ്ങളിലെ അനുഭവങ്ങൾ പങ്കുവയ്ക്കപ്പെട്ടു. ഇതിൽ രാജ്യത്തുതന്നെ ആദ്യമായി ഇത്തരമൊരു ലക്ഷ്യം മുന്നോട്ടുവെച്ച വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ അനുഭവങ്ങൾ ഈ പ്രവർത്തനങ്ങൾ ആരംഭിച്ച സമയത്ത് ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് സ്ഥാനം വഹിച്ചിരുന്ന ശ്രീമതി ബീനാ വിജയനും തുടർന്ന് നിലവിൽ കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ള കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റും തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട നിയമസഭാ മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് എം.എൽ.എ. ശ്രീ. ഐ.ബി. സതീഷും വിശദീകരിച്ചു.





## ശിൽപ്പശാലയിൽ ഉയർന്ന ആശയങ്ങൾ

കാർബൺ ന്യൂട്രൽ/നെറ്റ് സീറോ എമിഷൻ എന്ന വിഷയവുമായി അന്താരാഷ്ട്ര തലത്തിൽ ഉപയോഗിച്ചുവരുന്ന വിവിധ പദാവലികളുടെ പ്രയോഗവും ഏകീകരണവും സംബന്ധിച്ച് ശിൽപ്പശാലയിൽ ചർച്ച നടന്നു. ഈ ആശയങ്ങൾ അന്താരാഷ്ട്ര തലത്തിൽ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളായതുകൊണ്ടുതന്നെ ഇവയ്ക്ക് ബദലായി ഉപയോഗിക്കാൻ സാധിക്കുന്ന മലയാളം പദാവലികൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്ന് പൊതുവെ വിലയിരുത്തി.

ഹരിതഗൃഹ വാതക സ്രോതസ്സുകളിൽ കാര്യമായ സ്വാധീനം ചെലുത്തുന്ന മേഖലകളെ തിരിച്ചറിയുന്നതിനുള്ള ആശയങ്ങൾ സംബന്ധിച്ചും ഹരിതഗൃഹ വാതക ബഹിർഗമനത്തിന്റെ ഐ.പി.സി.സി. അംഗീകരിച്ച രീതിശാസ്ത്ര പ്രകാരമുള്ള കണക്കെടുപ്പിനെ സംബന്ധിച്ചുമുള്ള വിശദീകരണ ചർച്ചയും നടന്നു. ചർച്ചയിൽ അന്താരാഷ്ട്ര രീതിശാസ്ത്രമനുസരിച്ചുള്ള സമവാക്യങ്ങളുപയോഗിച്ച് ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനതോത് ഓരോ പ്രദേശത്തും എങ്ങനെ കണക്കാക്കും എന്നത് സംബന്ധിച്ച് കൂടുതൽ ആശയങ്ങൾ പങ്കിടണമെന്നും അന്താരാഷ്ട്ര തലത്തിൽ വിദഗ്ധോപദേശം തേടേണ്ടതുണ്ടെന്നും അഭിപ്രായമുയർന്നു.

കാർബൺ സിങ്കുകൾ എന്താണെന്നും പ്രകൃത്യാലുള്ള കാർബൺ സിങ്കുകൾ ഏതൊക്കെയാണെന്നും മനുഷ്യനിർമ്മിതമായ കാർബൺ സിങ്കുകൾ ഏതെല്ലാമാണെന്നും കാർബൺ സംഭരണത്തിൽ കാർബൺ സിങ്കുകളുടെ പങ്കെന്താണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നിലവിലുള്ള കാർബൺ സിങ്കുകളുടെ എണ്ണം കണക്കാക്കുന്നതിനെ സംബന്ധിച്ചും മോശാവസ്ഥയിലുള്ള കാർബൺ സിങ്കുകളെ എങ്ങനെയെല്ലാം സംരക്ഷിക്കാമെന്നും അവയുടെ കാർബൺ സംഭരണ ശേഷി എങ്ങനെയെല്ലാം വർദ്ധിപ്പിക്കാമെന്നും ശിൽപ്പശാലയിൽ ചർച്ച നടന്നു.

**ഹരിത ഗൃഹ വാതകങ്ങളുടെ അളവ് കൂടുന്നത് അന്തരീക്ഷ ഊഷ്മാവ് കൂട്ടുകയും ഇത് കാലാവസ്ഥ വ്യതിയാനത്തിനു മുഖ്യ കാരണമാവുകയും ചെയ്യും. വികസിത രാജ്യങ്ങളാണ് കാർബൺ ബഹിർഗമനത്തിൽ മുന്നിലെന്നും എന്നാൽ ഈ ദുരന്ത ലഘൂകരണത്തിന് അവർ മുൻകൈ എടുക്കുന്നില്ല**


അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന കാർബൺ അതേ അളവിൽ തന്നെ വലിച്ചെടുത്ത് നിർവ്വീര്യമാക്കാൻ എങ്ങനെ സാധിക്കുമെന്നും ഏതൊക്കെ തരത്തിൽ പ്രകൃത്യാലുള്ള കാർബൺ സിങ്കുകൾ അതിനെ സഹായിക്കുമെന്നും അവയുടെ സംരക്ഷണമുറപ്പാക്കിയാൽ എത്രത്തോളം കാർബൺ സംഭരണം സാധ്യമാകുമെന്നും അതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ സാധിക്കുമെന്നും ശിൽപ്പശാല ചർച്ച ചെയ്തു.

തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ കാർബൺ ന്യൂട്രൽ പദ്ധതി നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നും എന്തെല്ലാം തരത്തിലുള്ള പഠനങ്ങളും പ്രവർത്തനങ്ങളുമാണ് അവിടെ നടപ്പിലാക്കേണ്ടതെന്നും പൊതു ചർച്ചയിൽ വിഷയമായി.

അന്താരാഷ്ട്ര നിലവാരത്തിലുള്ള ചില കമ്പനികളുടെ ഉത്പന്നങ്ങൾ, പ്രോജക്ടുകൾ, ബ്രാൻഡുകൾ, എന്നിവയൊക്കെ കാർബൺ ന്യൂട്രൽ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെങ്കിലും ഇതുവരെ ഒരു പ്രദേശം/പഞ്ചായത്ത് കാർബൺ ന്യൂട്രൽ സർട്ടിഫിക്കേഷൻ നേടിയിട്ടുള്ള ഉദാഹരണങ്ങളില്ല. നിർമ്മിതികൾ, പ്രോജക്ടുകൾ, ഉത്പന്നങ്ങൾ, ചടങ്ങുകൾ തുടങ്ങിയവ കാർബൺ ന്യൂട്രലായി സർട്ടിഫൈ ചെയ്യുന്നതിനേക്കാൾ ബൃഹത്തായ പരിശ്രമം ആവശ്യമാണ് ഒരു പ്രദേശം/പഞ്ചായത്ത്/സംസ്ഥാനം തുടങ്ങിയ കാർബൺ ന്യൂട്രലാക്കി സർട്ടിഫൈ ചെയ്യാൻ. ഒരു പ്രദേശം കാർബൺ ന്യൂട്രലായി സർട്ടിഫൈ ചെയ്യാനുള്ള ശ്രമങ്ങൾ നടപ്പിലാക്കുന്നതിനായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡുമായി ബന്ധപ്പെടണമെന്നും ഇതിനുള്ള ആദ്യ പരിശ്രമം കേരളത്തിൽ നിന്നും തന്നെയാകണമെന്നും ശിൽപ്പശാലയിൽ അഭിപ്രായങ്ങൾ രൂപം കൊണ്ടു.

ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളുടെ ക്രോഡീകരണം സമാപന സെഷനിൽ നടന്നു. നവകേരളം കർമ്മപദ്ധതി 2 സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ.സീമ അധ്യക്ഷയായ സമാപന സെഷന്റെ മുഖ്യാതിഥി സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സായിരുന്നു. ഹരിതകേരളം മിഷൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി ഇന്ദു എസ്. ശിൽപ്പശാലയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. ☐

*(ലേഖകൻ ഹരിതകേരളം മിഷൻ പബ്ലിക് റിലേഷൻസ് ഓഫീസറാണ്)*




# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങൽ വ്യവസ്ഥകൾ

■ ഗോപകുമാർ എം.

**"സത്യമെന്നത് വെറുമൊരു വാക്കല്ല.. ജീവിതം മുഴുവൻ സത്യമായി തീരണം"**
*- മഹാത്മ ഗാന്ധി*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് 08-11-2010 ലെ ജി.ഒ.(പി)നം. 259/2010 നമ്പറായി തദ്ദേശസ്വയംഭരണ വകുപ്പ് ഒരു പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങളാണ് നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവർത്തിച്ച് പോരുന്നത്.

## സാധനങ്ങൾ

പണം, രേഖകൾ എന്നിവ ഒഴികെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം അതിന്റെ ആവശ്യത്തിനായി വാങ്ങുന്ന എന്തിനെയും 'സാധനങ്ങൾ' എന്നറിയപ്പെടുന്നു. ഉദാഹരണമായി ഫോറങ്ങൾ, രജിസ്റ്ററുകൾ, നിർമ്മാണ സാമഗ്രികൾ തുടങ്ങിയവ.

## സേവനങ്ങൾ

പ്രത്യേക തൊഴിൽപരമായ വൈദഗ്ദ്ധ്യവും പ്രത്യേക പരിജ്ഞാനവും പ്രത്യേക യോഗ്യതയും ഉള്ള വ്യക്തികളോ സ്ഥാപനങ്ങളോ നൽകുന്ന ബൗദ്ധികസ്വഭാവമുള്ള പ്രവർത്തികളെ സേവനങ്ങൾ എന്നു പറയുന്നു. ഉദാഹരണത്തിന് ഒരു പദ്ധതിയുടെ ഫീസിബിലിറ്റി പഠനം നടത്താൻ ഒരു സ്ഥാപനത്തിന് നല്കുന്ന കരാർ ഈ ഗണത്തിൽപ്പെടും.

ഒരു സ്ഥാപനം അതിന്റെ ഒരു സാമ്പത്തിക വർഷത്തേക്കുള്ള വാങ്ങലുകൾക്ക് യഥാവിധിയുള്ള ബജറ്റ് വകയിരുത്തൽ ഉണ്ടാകേണ്ടതും ഒരു വ്യക്തമായ സമാഹരണപദ്ധതി (Procurement Plan) ഉണ്ടായിരിക്കുകയും ചെയ്യും.

വാങ്ങേണ്ട സാധനങ്ങളുടെ ഗുണനിലവാരം, ലഭ്യത, വില, മറ്റ് പ്രത്യേകതകൾ എന്നിവ കണക്കാക്കി ഉചിതമായ വാങ്ങൽ രീതികൾ അവലംബിക്കേണ്ടതാണ്.

## വിവിധതരം സമാഹരണരീതികൾ

### 1. നേരിട്ടുള്ള വാങ്ങൽ (Pettey Purchase)

മത്സരാധിഷ്ഠിതമല്ലാതെ നേരിട്ട് സാധനങ്ങൾ വാങ്ങുന്ന രീതിയാണിത്. മതിപ്പ വില 5000 രൂപയിൽ താഴെയുള്ള വാങ്ങലുകൾക്ക് ഈ രീതി ബാധകം. സ്റ്റേഷണറി പോലുള്ള നിത്യേന ഓഫീസ് ഉപയോഗത്തിന് ആവശ്യമുള്ള വസ്തുക്കൾ സാധാരണയായി ഈ രീതിയിൽ വാങ്ങാൻ കഴിയും.

**2. ക്വട്ടേഷൻ മുഖേനയുള്ള വാങ്ങൽ (Local Shopping)**

ഗ്രാമപഞ്ചായത്തുകളിൽ 5000 രൂപയ്ക്ക് മുകളിലും 25000 രൂപയിൽ താഴെയും മറ്റ് ത.സ്വ.ഭ. സ്ഥാപനങ്ങളിൽ 5000 രൂപയ്ക്ക് മുകളിൽ 50000 രൂപയിൽ താഴെയുമുള്ള വാങ്ങലുകൾക്ക് ഈ രീതി ബാധകം. വാങ്ങാനുദ്ദേശിക്കുന്ന സാധനത്തിന്റെ അറിയപ്പെടുന്ന വിതരണക്കാരിൽനിന്ന് കുറഞ്ഞത് 3 ക്വട്ടേഷനുകൾ സ്വീകരിക്കണം. ക്വട്ടേഷൻ സംബന്ധിച്ച അറിയിപ്പ് നോട്ടീസ് ബോർഡ്, വെബ്സൈറ്റ് എന്നിവയിൽ പ്രസിദ്ധീകരിക്കണം. വിതരണക്കാർക്ക് നേരിട്ടും അറിയിപ്പ് നല്കാവുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് 7 ദിവസത്തിൽ കുറയാത്ത സമയം അനുവദിക്കണം.

### 3. ലിമിറ്റഡ് ടെണ്ടർ

ഗ്രാമപഞ്ചായത്തുകളിൽ 25000 രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപയിൽ താഴെയും മറ്റ് തസ്വഭ സ്ഥാപനങ്ങളിൽ 50000 രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപയിൽ താഴെയുള്ള വാങ്ങലുകൾക്ക് ഈ രീതി ബാധകം. അടിയന്തിരഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ തൊട്ട് മുകളിലുള്ള അധികാരിയുടെ അനുമതിയോടെ ഈ രീതി സ്വീകരിക്കാവുന്നതാണ്. ഓപ്പൺ ടെണ്ടർ നടത്തിയാലും വിലയിൽ കാര്യമായ വ്യതിയാനം പ്രതീക്ഷിക്കാത്ത സാഹചര്യത്തിലും ഈ രീതി സ്വീകരിക്കാം.

ഏറ്റവും കുറഞ്ഞത് 5 പേരിൽനിന്ന് എങ്കിലും (10 പേരിൽ നിന്നുവരെയാകാം) മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിക്കണം. 4 ടെണ്ടറുകൾ എങ്കിലും ഉറപ്പാക്കണം. അംഗീകൃതവിതരണക്കാരുടെ/കരാറുകാരുടെ ലിസ്റ്റിലുള്ള മുഴുവൻ പേർക്കും ടെണ്ടർ രേഖകൾ അയച്ചുകൊടുക്കണം. ടെണ്ടർ വില്പന ആവശ്യമില്ല. ടെണ്ടർ സമർപ്പിക്കാൻ 14 ദിവസത്തിൽ കുറയാത്ത സമയം അനുവദിക്കണം.

### 4. ഓപ്പൺ ടെണ്ടർ

മതിപ്പുവില ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന വാങ്ങലുകൾക്ക് ബാധകം.

**പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് എല്ലാ തസ്വഭ സ്ഥാപനങ്ങളും പ്രൊക്യൂർമെന്റ് കമ്മിറ്റി പർച്ചേസ് കമ്മിറ്റി രൂപീകരിക്കണം.**




ഈ രീതിയാണ് ഏറ്റവും കാര്യക്ഷമവും ലാഭകരവുമായ വാങ്ങൽ രീതി. മത്സരാധിഷ്ഠിത ടെണ്ടർ നടപടിയായതിനാലാണ് ഈ രീതി ഏറ്റവും കാര്യക്ഷമമാകുന്നത്. ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും വെബ്സൈറ്റിലും പരസ്യം നല്കണം. ടെണ്ടർ സമർപ്പിക്കാൻ കുറഞ്ഞത് 21 ദിവസത്തെ സമയം അനുവദിക്കണം. ടെണ്ടർ ഫോറം വില്പനയിലൂടെയാണ് നൽകുന്നത്. ടെണ്ടർഫോറത്തിന്റെ വിലയോടൊപ്പം GST കൂടി വാങ്ങേണ്ടതാണ്.

ഈ വാങ്ങൽ രീതികളിലെല്ലാം തന്നെ കുറഞ്ഞതുക രേഖപ്പെടുത്തിയ ടെണ്ടർ/ക്വട്ടേഷൻ അംഗീകരിച്ചില്ലായെങ്കിൽ ആയതിന് വ്യക്തമായ കാരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖപ്പെടുത്തേണ്ടതാണ്. 2013 ലെ പുതുക്കിയ സ്റ്റോർപർച്ചേസ് മാനുവൽ പ്രകാരം വാങ്ങൽ രീതികളിലെ മതിപ്പുവില പരിധിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട് എന്നതും ശ്രദ്ധിക്കേണ്ടതാണ്.

## മറ്റ് വാങ്ങൽ രീതികൾ

**1. റേറ്റ് കോൺട്രാക്ടുകൾ**

കേന്ദ്രസർക്കാരിന്റെ ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻഡ് സിസ്റ്റിബ്യൂഷൻ (DGS&D) റേറ്റ് കോൺട്രാക്ട് നിലവിൽ Government e Market Place (G e M) എന്ന പേരിലാണ് അറിയപ്പെടുന്നത്. കേരളത്തിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളും G e M മുഖേന സാധനങ്ങൾ വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പുതിയ സ്ഥാപനങ്ങൾക്ക് ഇപ്പോൾ റേറ്റ് കോൺട്രാക്ട് നല്കുന്നില്ല. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 26.04.2019ലെ GO(p)No:7/2019 നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ നിർബ്ബന്ധമായും GeM മുഖേന ആയിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. GeM ൽ ലഭ്യമല്ലാത്ത സാധനങ്ങളുടെ/സേവനങ്ങളുടെ വാങ്ങലിന് മാത്രമേ മറ്റ് രീതി അവലംബിക്കാവൂ.

കമ്പ്യൂട്ടറും അനുബന്ധസാമഗ്രികളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ (Centralised Procur ement and Rate Control System) CPRCS മുഖേന വാങ്ങണമെന്ന നിബന്ധനയുമുണ്ട് (GO(P)10/2019/SPD dtd. 22.08.2019)

എന്നാൽ CPRCSൽ നിന്നും ലാപ്ടോപ്പ് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടായാൽ ടെണ്ടർ/ഇ - ടെണ്ടർ മുഖേന വാങ്ങുന്നതിന്

07/08/2020 ലെ DA/153/2020/LSGD നമ്പർ സർക്കുലർ പ്രകാരം തസ്വഭസ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. സ്പെസിഫിക്കേഷനും വിലയും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

**2. സിംഗിൾ ടെണ്ടർ**

മത്സരാധിഷ്ഠിത ടെണ്ടർ നടപടിയിലൂടെ നൽകിയ നിലവിലെ കരാറിലെ അതേ സാധനം അതേ വിലയ്ക്ക് വാങ്ങുന്നതിന് ഈ രീതി ബാധകം. മറ്റൊരു മത്സരാധിഷ്ഠിത ടെണ്ടർ കൊണ്ട് പ്രയോജനമില്ല എങ്കിൽ മാത്രമേ ഈ രീതി അവലംബിക്കാൻ പാടുള്ളൂ. തുകയുടെ പരിധി ബാധകമല്ല. വാങ്ങേണ്ട സാധനം ഒരു സ്ഥാപനത്തിന്റെ മാത്രം കുത്തകയാണെങ്കിലോ, പ്രകൃതിദുരന്തം പോലുള്ള അടിയന്തിരഘട്ടങ്ങളിലോ നിലവിലുള്ള ഉപകരണത്തിന്റെ ഭാഗങ്ങൾ അസൽ ഉപകരണത്തിന്റെ വിതരണക്കാരിൽനിന്ന് വാങ്ങേണ്ടി വരുമ്പോഴോ ഈരീതി അവലംബിക്കാൻ കഴിയും. എന്നാൽ തസ്വഭ സ്ഥാപനത്തിന്റെ മുൻകൂർ അനുമതിയും നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തമായ വിശദീകരണകുറിപ്പും അനിവാര്യമാണ്.

**3. ഗുണഭോക്തൃസമിതികൾ മുഖേനയുള്ള പ്രവൃത്തികളിലെ വാങ്ങലുകൾ**

പദ്ധതിമാർഗ്ഗരേഖ പ്രകാരം 50000 രൂപവരെ മതിപ്പുവിലയുള്ള പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾ മുഖേന നിർവ്വഹിക്കാവുന്നതാണ്. അത്തരം പ്രവൃത്തികളുടെ വാങ്ങലുകൾക്ക് ടെണ്ടർ/ക്വട്ടേഷൻ എന്നീ രീതികൾ പ്രായോഗികമല്ല.

## പ്രൊക്യൂർമെന്റ് കമ്മിറ്റി (പർച്ചേസ് കമ്മിറ്റി)

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് എല്ലാ തസ്വഭ സ്ഥാപനങ്ങളും പ്രൊക്യൂർമെന്റ് കമ്മിറ്റി പർച്ചേസ് കമ്മിറ്റി രൂപീകരിക്കണം.

## ഘടന

ചെയർപേഴ്സൺ - തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ

വൈസ് ചെയർപേഴ്സൺ - ത.സ്വ.ഭ. സ്ഥാപനത്തിന്റെ ഉപാദ്ധ്യക്ഷൻ

കൺവീനർ - തസ്വഭ. സ്ഥാപനത്തിന്റെ സെക്രട്ടറി




അംഗങ്ങൾ-

1. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാരും
2. നിർവ്വഹണ ഉദ്യോഗസ്ഥർ
3. സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിൽ നിന്ന് നിർദ്ദേശിക്കപ്പെടുന്ന 2 പേർ (പൊതു ആവശ്യത്തിന് മാത്രം).

ഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമായി അടങ്കൽ പരിധിയില്ലാതെ പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്ക് വാങ്ങൽ അനുമതി നൽകാൻ അധികാരമുണ്ട്. ആവശ്യമുള്ളപ്പോൾ, ചെയർപേഴ്സൺ നിശ്ചയിക്കുന്ന സമയത്ത് കമ്മിറ്റിയോഗം ചേരാവുന്നതാണ്. യോഗസ്ഥലം കഴിയുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തന്നെ ആകേണ്ടതാണ്.

ചില സാധനങ്ങൾ വാങ്ങുമ്പോൾ ശ്രദ്ധിക്കുക

1. മരുന്നുകൾ - സർക്കാർ കമ്പനികൾ, കോർപറേഷനുകൾ, മറ്റ് സർക്കാർ ഏജൻസികൾ
2. ഭക്ഷ്യവസ്തുക്കൾ - മാവേലി/നീതി സ്റ്റോർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ
3. കാർഷികാവശ്യത്തിനുള്ള വസ്തുക്കൾ - സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കൃഷി ഫാമുകൾ മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾ
4. ബിറ്റുമെൻ - ഭാരത് പെട്രോളിയം, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, സിഡ്കോ.

(23.08.2017ലെ 2906/2017/തസ്വഭവ ഉത്തരവ് പ്രകാരം സിഡ്കോയിൽ നിന്നു ബിറ്റുമെൻ വാങ്ങാം.)


20.08.2016ലെ 2487/2016/തസ്വഭവ ഉത്തരവ് പ്രകാരം തസ്വഭ സ്ഥാപനങ്ങൾക്കായി ഒരു പ്രൊക്യൂർമെന്റ് മാന്വൽ പ്രസിദ്ധീകരിച്ചു. എന്നാൽ 2017-ൽ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള തുടർനടപടികൾ മരവിപ്പിച്ചു. അക്കാരത്താൽ നിലവിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയാണ് തസ്വഭ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്ക് ബാധകമായത്.

2010-ൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പുറപ്പെടുവിച്ചതിന് ശേഷമാണ് 2013-ൽ സ്റ്റോർപർച്ചേസ് മാന്വലിന്റെ പുതുക്കിയ പതിപ്പ് നിലവിൽ വന്നത്. അതുകൊണ്ടുതന്നെ 2013-ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ പല വ്യവസ്ഥകളും പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താതിരിക്കുകയോ വ്യത്യസ്തമായിരിക്കുകയോ ചെയ്തിട്ടുണ്ട്. അത്തരം സംഗതികളിൽ സ്റ്റോർപർച്ചേസ് മാന്വൽ ബാധകമാക്കാവുന്നതാണ്.

## വാങ്ങലുകൾ സ്റ്റോർ പർച്ചേസ് മാന്വൽ അടിസ്ഥാനത്തിൽ

"Find purpose, the means will follow" - Gandhiji

കേരളത്തിലെ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്കും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾക്കും ബാധകമായ പുതുക്കിയ സ്റ്റോർ പർച്ചേസ് മാന്വൽ 21.06.2013ന് GO(P) നം. 03/2013/S.P.D. ഉത്തരവ് പ്രകാരം നിലവിൽ വന്നു. വാങ്ങൽ നടപടികളിൽ സുതാര്യത, മത്സരം, നീതി, കാര്യക്ഷമത, മിതവ്യയം, ഉത്തരവാദിത്തം




എന്നിവ ഉറപ്പാക്കുകയാണ് സ്റ്റോർപർച്ചേസ് മാന്വലിന്റെ ലക്ഷ്യം.

സർക്കാരുമായി ബന്ധപ്പെട്ട കരാറുകൾ നിർവ്വഹിക്കുമ്പോൾ ഭരണഘടനയുടെ അനുഛേദം 299, 1872ലെ ഇന്ത്യൻ കോൺട്രാക്ട് ആക്ട് എന്നിവയിലെ വ്യവസ്ഥകൾ അനുവർത്തിക്കണം. 1930-ലെ സെയിൽ ഓഫ് ഗുഡ്സ് ആക്ടും ഇത് സംബന്ധിച്ച പ്രധാനപ്പെട്ട നിയമമാണ്.

## ഇ - പ്രൊക്യൂർമെന്റ്

12.5.2015-ലെ സ.ഉ. (എം.എസ്) നം. 13/2015 ഐ.ടി.സി. പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള ടെണ്ടറുകൾക്ക് എല്ലാ സർക്കാർ വകുപ്പുകളും ബോർഡുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഇ-പ്രൊക്യൂർമെന്റ് രീതി അവലംബിക്കേണ്ടതാണ്. http://www.etenders.kerala.gov.in എന്നതാണ് സംസ്ഥാനത്തെ ഇ-പ്രൊക്യൂർമെന്റിനുള്ള അംഗീകൃത URL.

## സ്റ്റോർസ് എന്നാൽ എന്ത്?

പൊതുസേവനത്തിന് വേണ്ടി ഒരു സർക്കാർ ജീവനക്കാരന് ലഭിക്കുന്ന പണം, രേഖകൾ എന്നിവ ഒഴികെയുള്ള എല്ലാ വസ്തുക്കളെയും സ്റ്റോർസ് എന്ന് പറയാം. എന്നാൽ മൃഗശാലയിലെ മൃഗങ്ങൾക്കുള്ള ഭക്ഷണപദാർത്ഥങ്ങൾ, ഇന്ധനം, ഭക്ഷ്യോത്പന്നങ്ങൾ മുതലായവ സ്റ്റോർസിൽ ഉൾപ്പെടുന്നില്ല (ഖ.1.16).

## ചെറുഘടകങ്ങളാക്കാൻ പാടില്ല

യഥാർത്ഥ ആവശ്യകതക്കനുസരിച്ച് മേലുദ്യോഗസ്ഥരിൽനിന്ന് വാങ്ങൽ അനുമതി ലഭ്യമാക്കേണ്ട സന്ദർഭത്തിൽ ആ സാഹചര്യം ഒഴിവാക്കാൻ വാങ്ങലിനുള്ള ഡിമാന്റ് ചെറുഘടകങ്ങളാക്കി വിഭജിക്കാൻ പാടുള്ളതല്ല. (ഖ. 2.3)

## സ്പെസിഫിക്കേഷൻ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്.

ബ്രാന്റ്, പേര്, ഒരു പ്രത്യേക നിർമ്മാതാവിന്റെ നിർമ്മാണ കാറ്റലോഗ് നമ്പർ എന്നിവ ഉൾപ്പെടുത്താൻ പാടില്ല (ഏകസ്രോതസിൽ നിന്നും ഒരു പ്രത്യേക ഇനം വാങ്ങുന്ന സന്ദർഭത്തിൽ ഒഴികെ). എന്നാൽ ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെങ്കിൽ "തത്തുല്യമായ" എന്ന വാക്ക് ഉപയോഗിക്കാം.

യഥാർത്ഥ ആവശ്യത്തിനുള്ള സ്പെസിഫിക്കേഷനുകൾ മാത്രമായിരിക്കണം തയ്യാറാക്കേണ്ടത്. ന്യായമായ എണ്ണം മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കാൻ സ്പെസിഫിക്കേഷനിൽ കൂടുതൽ നിയന്ത്രണങ്ങൾ പാടില്ല. BIS മുദ്രയുള്ള സ്റ്റോറുകൾക്ക് മുൻഗണന നൽകണം. വിദേശമാർക്കറ്റുകളിൽ നിന്നുള്ള വാങ്ങലുകൾക്ക് ISO പോലുള്ള അന്തർദേശീയ സ്റ്റാന്റേർഡുകൾ സ്വീകരിക്കാവുന്നതാണ്.

എല്ലാ അളവുകളും മെട്രിക് യൂണിറ്റിൽ ആയിരിക്കണം. സ്പെസിഫിക്കേഷനുകളും സാങ്കേതിക വിവരങ്ങളും അവ്യക്തതയും ദ്വയാർത്ഥവും ഇല്ലാത്ത വിധത്തിൽ തയ്യാറാക്കേണ്ടതാണ്.

## അംഗീകൃതവിതരണക്കാർ

സ്റ്റോർ പർച്ചേസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിതരണക്കാരാണിവർ. എല്ലാ വകുപ്പുകൾക്കും ഇത്തരക്കാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പ്രത്യേകിച്ച്, ലിമിറ്റഡ് ടെണ്ടർ മുഖേനയുള്ള വാങ്ങലുകൾക്ക് ഇത്തരം വിതരണക്കാർ പ്രഥമപരിഗണനയ്ക്ക് അർഹരാണ്. ഇവരെ സാധാരണയായി EMD, ബിഡ് സെക്യൂരിറ്റി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (ഖ.5.3.) വിതരണക്കാർക്ക് രണ്ട് വർഷത്തേക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ് (ഖ.5.5).

അത്തരം രീതിയിൽതന്നെ സ്ഥാപനങ്ങളെയും അംഗീകൃത വിതരണക്കാരായി രജിസ്റ്റർ ചെയ്യുന്നുണ്ട്. നിർമ്മാതാക്കൾക്കും സ്റ്റോക്കിസ്റ്റുകൾക്കും മാത്രമാണ് അത്തരത്തിൽ രജിസ്ട്രേഷൻ നൽകുന്നത്. കമ്മിഷൻ ഏജന്റുമാർക്ക് അത്തരം രജിസ്ട്രേഷൻ നൽകുന്നില്ല.

## കരമ്പട്ടികയിൽപ്പെടുത്തൽ

വാങ്ങൽ നടത്തുന്ന ഉദ്യോഗസ്ഥന്റെ ശുപാർശകൾ കണക്കിലെടുത്ത് ഇന്ത്യ ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുള്ള standardised code of Black listing -ലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു സ്ഥാപനത്തെ/വിതരണക്കാരനെ കരിമ്പട്ടികയിൽപെടുത്തുകയോ വ്യാപാരനിരോധനം ഏർപ്പെടുത്തുകയോ ചെയ്തുകൊണ്ട് സ്റ്റോർപർച്ചേസ് വകുപ്പിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് സ്റ്റോർപർച്ചേസ് വകുപ്പിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. അത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് സ്റ്റോർപർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

## ഇൻഡന്റുകൾ തയ്യാറാക്കൽ

ഒരു വർഷത്തേക്കുള്ള സാധനങ്ങളുടെ പട്ടിക തയ്യാറാക്കി കഴിഞ്ഞാൽ Kerala Financial Code Vol.II (അനുബന്ധം 8) ലെ ഫോറം നമ്പർ 13-ൽ KFC Vol.I ആർട്ടിക്കിൾ 139-ലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി സ്റ്റോറുകളുടെ വാർഷിക ഇൻഡന്റ് തയ്യാറാക്കേണ്ടതാണ്.

## വാങ്ങൽ രീതികൾ

1. ക്വട്ടേഷൻ ക്ഷണിക്കാതെയുള്ള വാങ്ങൽ (ഖ.7.3)

15000 രൂപാവരെ മൂല്യമുള്ള ഓരോ സ്റ്റോറും ക്വട്ടേഷൻ ക്ഷണിക്കാതെ ക്ഷമതയുള്ള അധികാരിക്ക് ഒരു സാക്ഷ്യപത്രം രേഖപ്പെടുത്തി നേരിട്ട് വാങ്ങാവുന്നതാണ്.

### സാക്ഷ്യപത്രമാതൃക

"ആവശ്യമായ ഗുണനിലവാരവും സ്പെസിഫിക്കേഷനും സ്റ്റോറുകൾക്ക് ഉണ്ട് എന്നതിലും വിശ്വസ്തനായ വിതരണക്കാരനിൽനിന്ന് മിതമായ വിലയ്ക്കാണ് വാങ്ങൽ നടത്തിയത് എന്നതിലും ഞാൻ വ്യക്തിപരമായി സംതൃപ്തനാണ്."

### 2. ക്വട്ടേഷൻ മുഖേനയുള്ള വാങ്ങൽ

(a) 15000 രൂപയ്ക്ക് മുകളിലുള്ള പുസ്തകങ്ങളും ആനുകാലികങ്ങളും വാങ്ങുന്നതിന് പ്രമുഖരായ പ്രസാധകരിൽനിന്നും പുസ്തക വില്പനക്കാരിൽനിന്നും സാധാരണ ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.

(b) 15000 രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപവരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. ക്വട്ടേഷൻ ക്ഷണിച്ച തീയതി മുതൽ കുറഞ്ഞത് 5 പ്രവർത്തി ദിവസം ക്വട്ടേഷൻ സമർപ്പിക്കാൻ സമയം അനുവദിക്കണം. മൂന്ന് ക്വട്ടേഷനുകൾ എങ്കിലും ലഭ്യമാക്കണം.

### 3. ലിമിറ്റഡ് ടെണ്ടർ

എസ്റ്റിമേറ്റ് തുക 1 ലക്ഷത്തിന് മുകളിൽ 10 ലക്ഷം രൂപവരെയുള്ള വാങ്ങലുകൾക്ക് ബാധകം. വിതരണ സ്ഥാപനങ്ങളുടെ എണ്ണം മൂന്നിൽ കൂടുതൽ ആയിരിക്കണം. ലിമിറ്റഡ് ടെണ്ടറുകൾക്ക് വെബ്സൈറ്റിലൂടെ പരസ്യം ചെയ്യണമെങ്കിലും തെരഞ്ഞെടുത്ത വിതരണക്കാർക്ക് പാസ്‌വേഡ് അനുവദിച്ചുകൊണ്ട് ടെണ്ടർ രേഖകൾ ലഭ്യമാക്കുന്നത് പരിമിതപ്പെടുത്താവുന്നതാണ്.

### 4. അഡ്‌വർടൈസ്ഡ് ടെണ്ടർ

(ഓപ്പൺ ടെണ്ടർ)

എസ്റ്റിമേറ്റ് തുക 10 ലക്ഷത്തിന് അധികം വരുന്ന വാങ്ങലുകൾക്ക് ബാധകം.

പ്രാദേശിക ഭാഷയിലെ ഒന്നോ അതിലധികമോ ദിനപത്രങ്ങളിലും ഒരു പ്രമുഖ ഇംഗ്ലീഷ് പത്രത്തിലും ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുന്നു. ഡയറക്ടർ ജനറൽ ഓഫ് ഇന്റലിജൻസ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിക്കുന്ന വീക്കിലി ആയ ഇന്ത്യൻ ട്രേഡ് ജേർണലിലും കൂടി ടെണ്ടർ പരസ്യം പ്രസിദ്ധീകരിക്കാവുന്നതാണ്. പരസ്യത്തിന് പുറമെ രജിസ്റ്റേർഡ് സ്ഥാപനങ്ങൾക്കും പ്രശസ്ത വ്യാപാരികൾക്കും നോട്ടീസ് അയച്ചുകൊടുക്കാവുന്നതാണ്.

ടെണ്ടറുകൾ സമർപ്പിക്കാൻ 15 ദിവസം സമയം അനുവദിക്കണം.

### 5. സിംഗിൾ ടണ്ടർ (പ്രൈവറ്റ് പർച്ചേസ് )

ഒരാൾ മാത്രം നിർമ്മിക്കുന്നതോ പേറ്റന്റ് ഉള്ളതോ ടെണ്ടർ സ്വീകരിച്ചാലും ഗുണകരമല്ലാത്തതോ ആയ ഇനങ്ങൾ വാങ്ങേണ്ടിവരുമ്പോൾ ഈ രീതി അവലംബിക്കാം. ക്ഷമതയുള്ള അധികാരിയുടെ അംഗീകാരത്തോടെ അടിയന്തിരഘട്ടത്തിൽ ഒരു പ്രത്യേക സ്ഥാപനത്തിൽനിന്ന് വാങ്ങേണ്ടത് അനിവാര്യമാണെങ്കിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തിയ ശേഷം വാങ്ങാവുന്നതാണ്.

### ഒരു ടെണ്ടർ മാത്രം ലഭിച്ചാൽ...

ആദ്യ സന്ദർഭത്തിൽ പൊതുവായി സിംഗിൾ ടെണ്ടർ സ്വീകരിക്കാവുന്നതല്ല. പുനർ ടെണ്ടറിന് ശേഷവും ഒരു ടെണ്ടർ/ബിഡ് മാത്രമാണ് ലഭിച്ചതെങ്കിൽ ആയത് അംഗീകരിക്കുന്നതിന് ക്ഷമതയുള്ള അധികാരിയുടെ അനുമതിയോടെ വിശദമായ ന്യായീകരണം ആവശ്യമാണ്. ബിഡറുമായി വിലപേശൽ പാടില്ല. എന്നാൽ ക്വാട്ട് ചെയ്ത നിരക്കുകൾ യുക്തിഭദ്രമല്ലാത്തതിനാൽ പുനർടെണ്ടർ നടത്തുന്നതിനുള്ള തീരുമാനമെടുക്കുന്ന സാഹചര്യങ്ങളിൽ ആവശ്യകത അടിയന്തിരമാണെങ്കിൽ കുറഞ്ഞ അളവിലുള്ള വിതരണത്തിനായി ബിഡർ/ഏക ബിഡറുമായി വിലപേശൽ അനുവദനീയമാണ്. എന്നിരുന്നാലും ബാക്കിയുള്ള അളവ് സാധാരണ ടെണ്ടർ നടപടികൾ പാലിച്ചുകൊണ്ട് ഉടൻതന്നെ റീടെണ്ടർ നടത്തേണ്ടതുമാണ്.

പൊതുമരാമത്ത് പ്രവൃത്തികളിൽ ഏക ടെണ്ടർ ലഭിച്ചാൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങളെക്കുറിച്ച് 30.07.2015-ലെ ധനകാര്യ വകുപ്പിന്റെ GO(P)324/2015/fin ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

ഒരു ടെണ്ടർ മാത്രം ലഭ്യമായാലും ഒന്നിൽക്കൂടുതൽ ടെണ്ടറുകളുടെ സാങ്കേതിക വിലയിരുത്തലിന് ശേഷം ഒരു ടെണ്ടർ മാത്രം യോഗ്യത നേടിയാലും ഏക ടെണ്ടർ ആയി പരിഗണിക്കണം.

ഒരു ടെണ്ടർ മാത്രം ലഭിച്ചാൽ ടെണ്ടർ തുറക്കാതെ റീ ടെണ്ടർ പരിഗണിക്കുകയോ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള സമയപരിധി 15 പ്രവൃത്തിദിവസങ്ങൾ വരെ ദീർഘിപ്പിക്കുകയോ ചെയ്യേണ്ടതാണ്. ഈ കാലയളവിൽ ഒന്നിൽ കൂടുതൽ ടെണ്ടർ ലഭിച്ചാൽ ആദ്യടെണ്ടർ ഉൾപ്പെടെയുള്ളവ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ദീർഘിപ്പിച്ച കാലയളവിൽ പുതിയ ടെണ്ടറുകൾ ലഭിച്ചില്ലെങ്കിൽ പുനർടെണ്ടർ നടത്തേണ്ടതാണ്.

ആദ്യം ലഭിച്ച ടെണ്ടർ ഈ ഘട്ടത്തിൽ തുറക്കുവാൻ പാടില്ല. പുനർ ടെണ്ടറിന് 10 ദിവസത്തെ സമയപരിധി മതിയാകും. GO(P) No: 324/2015/Fin തീയതി 30.07.2015 പ്രകാരം ടി നിബന്ധനകൾ വാങ്ങലുകൾക്കും ബാധകമാക്കിയിട്ടുണ്ട്.

സിംഗിൾ ടെണ്ടർ അടിസ്ഥാനത്തിലുള്ള വാങ്ങലിന്റെ ബിൽ ഓഡിറ്റിന് വയ്ക്കുമ്പോൾ, അതിനുള്ള സാഹചര്യം വ്യക്തമാക്കുന്ന ഒരു സംക്ഷിപ്തവിവരണം കൂടി ഡ്രോയിംഗ് ഓഫീസർ രേഖപ്പെടുത്തണം (ഖ.7.21).

**ഒരു ടെണ്ടർ മാത്രം ലഭിച്ചാൽ ടെണ്ടർ തുറക്കാതെ റീ ടെണ്ടർ പരിഗണിക്കുകയോ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള സമയപരിധി 15 പ്രവൃത്തിദിവസങ്ങൾ വരെ ദീർഘിപ്പിക്കുകയോ ചെയ്യേണ്ടതാണ്. ഈ കാലയളവിൽ ഒന്നിൽ കൂടുതൽ ടെണ്ടർ ലഭിച്ചാൽ ആദ്യടെണ്ടർ ഉൾപ്പെടെയുള്ളവ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.**

## ടെണ്ടറുകളുടെ മാതൃക

നിശ്ചിത മാതൃകയിൽ ടെണ്ടർ സമർപ്പിക്കണം. ടെലക്സ്, കേബിൾ, ഫാക്സ്, മെയിൽ എന്നീ മാർഗ്ഗങ്ങളിലൂടെ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ നിരാകരിക്കേണ്ടതാണ്. 1 ലക്ഷമോ അതിൽകൂടുതലോ ഉള്ള വാങ്ങലുകൾക്ക് സർക്കാർ നിരക്ക് ഈടാക്കി ടെണ്ടർ ഫോറം വിതരണംചെയ്യാം. രജിസ്ട്രേഷൻ ഉള്ള വിതരണക്കാർക്ക് ടെണ്ടർ ഫോറങ്ങൾ സൗജന്യമായി ഡൗൺലോഡ് ചെയ്യാം.

## ടെണ്ടർ ഫോറം വില

| എസ്റ്റിമേറ്റ് തുക | വില |
|---|---|
| 1. 1 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ | ടെണ്ടർ തുകയുടെ 0.2% ത്തെ 100 ന്റെ ഏറ്റവും അടുത്ത ഗുണിതത്തിലേക്ക് നിജപ്പെടുത്തിയ തുക (കുറഞ്ഞത് 400 രൂപ പരമാവധി 1500 + ജി.എസ്.ടി.) |
| 2. 10 ലക്ഷത്തിന് മുകളിൽ | ടെണ്ടർ തുകയുടെ 0.1% ത്തെ 100 ന്റെ ഏറ്റവും അടുത്ത ഗുണിതത്തിലേക്ക് നിജപ്പെടുത്തിയ തുക (പരമാവധി 25000 + ജി.എസ്.ടി.) |

കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽനിന്ന് ടെണ്ടർ ഫോറങ്ങൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഫോറം വില ഒരു ദേശസാൽകൃതബാങ്കിൽ നിന്നുള്ള DD ആക്കി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## ടെണ്ടർ നോട്ടീസിന്റെ ഉള്ളടക്കം (ഖ 7.34)

ടെണ്ടർ നോട്ടീസിൽ താഴെ പറയുന്നവ ഉണ്ടാകണം.

1. സ്റ്റോറുകളുടെ വിവരവും സ്പെസിഫിക്കേഷനും അളവും
2. വിതരണകാലയളവും നിബന്ധനകളും
3. ടെണ്ടർ ഫോറത്തിന്റെ വില, ലഭ്യമാകുന്ന സമയം, സ്ഥലം
4. ടെണ്ടർ രേഖകൾ ലഭ്യമാകുന്ന സമയപരിധി
5. ടെണ്ടറുകൾ തുറക്കുന്ന സ്ഥലം, സമയം, തീയതി
6. ഇ.എം.സി.തുക
7. മറ്റു പ്രധാന വിവരങ്ങൾ

## മാറ്റങ്ങൾ

ടെണ്ടറുകൾ സമർപ്പിച്ചതിന് ശേഷം ടെണ്ടറിൽ മാറ്റങ്ങൾ വരുത്താൻ ടെണ്ടററെ അനുവദിക്കാവുന്നതാണ്. അസൽ ടെണ്ടർ സമർപ്പിച്ച പോലെ മുദ്രവച്ച ടെണ്ടർ സമർപ്പണ തീയതിക്കും സമയത്തിനും ഉള്ളിൽ മാറ്റങ്ങൾ സമർപ്പിക്കേണ്ടതാണ്.

## നിരതദ്രവ്യം (EMD)

EMD തുക ആകെ എസ്റ്റിമേറ്റ് തുകയുടെ 1% ആയിരിക്കേണ്ടതാണ്. ഏറ്റവും കുറഞ്ഞ EMD 1500 രൂപ. 1 ലക്ഷമോ അതിന് മുകളിലോ ഉള്ള ടെണ്ടറുകൾക്കാണ് സാധാരണയായി EMD ബാധകം (KFC Vol.I Art. 132). സർക്കാർ സ്ഥാപനങ്ങൾ/ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന സാമഗ്രികൾക്ക് ടെണ്ടർ സമർപ്പിക്കുമ്പോൾ EMD ഒഴിവാക്കിയിട്ടുണ്ട്. കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് ചെറുകിട യൂണിറ്റുകൾക്ക് വേണ്ടി ടെണ്ടറിൽ പങ്കെടുക്കുമ്പോൾ EMD ഒടുക്കേണ്ടതില്ല. എന്നാൽ റേറ്റ്, റണ്ണിംഗ് കരാറുകൾക്ക് ഇത് ബാധകമല്ല.

EMD സാധുത ടെണ്ടർ സാധുത കാലയളവ് അവസാനിച്ച് 45 ദിവസം വരെയാണ്. ടെണ്ടർ ലഭിക്കാത്ത ടെണ്ടറുകൾക്ക് ഈ സാധുതകാലയളവ് കഴിഞ്ഞ് EMDതുക പലിശരഹിതമായി തിരികെ നല്കേണ്ടതാണ്.

**മെഷിനറികൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, കമ്പ്യൂട്ടർ, വാഹനങ്ങൾ മുതലായവയുടെ മികച്ച സേവനത്തിന് കൃത്യമായ അറ്റകുറ്റപ്പണി ആവശ്യമാണ്. ഈ ആവശ്യത്തിലേക്കായി പ്രത്യേക വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെടാവുന്നതാണ്.**

## വാർഷിക അറ്റകുറ്റപ്പണി (AMC)

മെഷിനറികൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, കമ്പ്യൂട്ടർ, വാഹനങ്ങൾ മുതലായവയുടെ മികച്ച സേവനത്തിന് കൃത്യമായ അറ്റകുറ്റപ്പണി ആവശ്യമാണ്. ഈ ആവശ്യത്തിലേക്കായി പ്രത്യേക വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെടാവുന്നതാണ്. കരാർ ആരംഭിക്കേണ്ടത് വാറണ്ടി കാലയളവ് കഴിഞ്ഞതിന് ശേഷം ആയിരിക്കണം. (വാറണ്ടി കാലയളവിൽ വിതരണക്കാർ തന്നെ അറ്റക്കുറ്റപ്പണികൾ സൗജന്യമായി നിർവ്വഹിക്കേണ്ടതാണ്.)

സാധനങ്ങളുടെ നിർമ്മാതാവുമായോ വിതരണക്കാരുമായോ ക്ഷമതയുള്ള സ്ഥാപനങ്ങളുമായോ കരാറിൽ ഏർപ്പെടാം. അറ്റകുറ്റപ്പണികൾക്കായി ലഭ്യമാക്കേണ്ട സേവനങ്ങളുടെ വിശദാംശങ്ങൾ, കാലയളവ്, അനുവദിക്കുന്ന രീതി, മറ്റ് പ്രസക്തമായ വിവരങ്ങൾ എന്നിവ ടെണ്ടർ രേഖകളിൽ ഉണ്ടാകണം. പൊതുവായി അർദ്ധവാർഷിക, ത്രൈമാസ അടിസ്ഥാനത്തിലാണ് അറ്റകുറ്റപ്പണിക്കായുള്ള തുക അനുവദിക്കുന്നത്. അറ്റകുറ്റപ്പണികൾക്കായുള്ള കരാർ എന്തെങ്കിലും കാരണത്താൽ ഏതു സമയത്തും അവസാനിപ്പിക്കാനുള്ള അവകാശം വാങ്ങൽ നൽകുന്നയാൾക്ക് ഉറപ്പാക്കുന്ന വ്യവസ്ഥ കരാറിൽ ഉണ്ടാകണം. ഐ.ടി. അധിഷ്ഠിത ഉപകരണങ്ങളുടെ AMC ഐടി വകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം.

## റണ്ണിംഗ് കോൺട്രാക്ട് (ഖ.13.1)

സാധാരണയായി സ്ഥിരമായി ആവശ്യമുള്ളതും ഗണ്യമായ ഏറ്റക്കുറച്ചിലുകൾ ഇല്ലാത്ത നിരക്ക് ഉള്ളതുമായ സ്റ്റോറുകൾ

ഓരോ സാഹചര്യത്തിനും ഏറ്റവും അനുയോജ്യമായത് പരിഗണിച്ച് റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ വാങ്ങാവുന്നതാണ്. ഈ കരാറിലെ നിബന്ധനയനുസരിച്ച് വാങ്ങുന്നയാൾക്ക് കരാറിൽ സൂചിപ്പിച്ചിട്ടുള്ള അളവിനെക്കാൾ നിശ്ചിതഅളവ് (സാധാരണയായി 25%) കൂടുതലായോ കുറവായോ വാങ്ങാൻ അവകാശമുണ്ടായിരിക്കുന്നതാണ്. ഒരു വർഷത്തേക്കോ ഭാഗികമായ കാലയളവിലേക്കോ ആവശ്യമായ സാധനങ്ങൾ ഇടവിട്ട് വിതരണം ചെയ്യുന്നതിനുള്ള നിബന്ധന റണ്ണിംഗ് കോൺട്രാക്ടറിൽ ഉണ്ടായിരിക്കണം. ടെണ്ടർ ക്ഷണിക്കൽ, EMD തുടങ്ങി സാധാരണ ടെണ്ടറുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഇവിടേയും ബാധകമാണ്. എല്ലാ കരാറുകളിലും തുക കണക്കിലെടുക്കാതെ EMD ആവശ്യപ്പെടേണ്ടതും കരാറുകാർ പെർഫോമൻസ് സെക്യൂരിറ്റി സമർപ്പിക്കേണ്ടതുമാണ്.

## ബൈ ബാക്ക് ഓഫർ (Buy Back Offer ഖ 18.1)

ക്ഷമതയുള്ള അധികാരിയുടെ അംഗീകാരത്തോടെ നിലവിലുള്ള പഴയ സ്റ്റോറുകൾ മാറ്റി പുതിയവ വാങ്ങുമ്പോൾ പഴയ സ്റ്റോറുകൾ വില്പന നടത്താവുന്നതാണ്. ടെണ്ടർ രേഖകളിൽ ഇത് സംബന്ധിച്ച് ഉപാധികൾ ഉൾപ്പെടുത്തിയാൽ മതിയാകും. വില്പന നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പഴയ സ്റ്റോറുകൾ ടെണ്ടർമാർക്ക് പരിശോധിക്കുവാനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.

## വാങ്ങലുകൾ ജെം GeM (Government e-Market Place) മുഖേന

കേന്ദ്രസർക്കാരിന്റെ ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആന്റ് ഡിസ്ട്രിബ്യൂഷൻ (DGS&D) റേറ്റ് കോൺട്രാക്ട് നിലവിൽ Government e-Market ( GeM) എന്ന പേരിലാണ് അറിയപ്പെടുന്നത്. കേരളത്തിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളും GeM മുഖേന സാധനങ്ങൾ വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. സ്റ്റോർ പർച്ചേഴ്സ് വകുപ്പിന്റെ 26.04.2019ലെ G.O (P) 7/2019 ഉത്തരവനുസരിച്ച് എല്ലാ സർക്കാർ സ്ഥാപനങ്ങളും 25000/-രൂപയ്ക്ക് മുകളിൽ ഉള്ള വാങ്ങലുകൾ നിർബന്ധമായും GeM മുഖേന വാങ്ങേണ്ടതാണ്. GeM -ൽ ലഭ്യമല്ലാത്ത സാധനങ്ങൾ അവ വാങ്ങുന്ന ഘട്ടത്തിൽ മാത്രമേ മറ്റ് വാങ്ങൽ രീതികൾ അവലംബിക്കാവൂ.

സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 28.04.2018 ലെ 02/2018 1-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം GeM സംബന്ധിച്ച അധ്യായം 19 സ്റ്റോർ പർച്ചേസ് മാന്വലിൽ കൂട്ടിച്ചേർത്തു.

കേന്ദ്രസർക്കാർ DGSD റേറ്റ് കോൺട്രാക്ടിന് പകരമായാണ് ഓൺലൈൻ സമാഹരണ പ്രക്രിയയായ GeM നടപ്പിലാക്കിയത്.

## GeM മുഖേനയുള്ള വാങ്ങൽ രീതികൾ

1. **50000 രൂപ വരെയുള്ള സാധനങ്ങൾ** GeM-ൽ ലഭ്യമായ ഏതൊരു വിതരണക്കാരിൽ നിന്നും വാങ്ങാവുന്നതാണ്.
2. **50000 രൂപമുതൽ 30 ലക്ഷം വരെ** കുറഞ്ഞത് 3 വ്യത്യസ്ഥ നിർമ്മാതാക്കളിൽ നിന്ന് കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ നിർമ്മാതാവിനെ വാങ്ങലിനായി തെരഞ്ഞെടുക്കാവുന്നതാണ്. ഓൺലൈൻ ബിൽഡിംഗ്, ഓൺലൈൻ റിവേഴ്സ് ഓക്ഷൻ എന്നിവയ്ക്കു വേണ്ടി GeM-ൽ ലഭ്യമായ ടൂളുകൾ ക്ഷമതയുള്ള അധികാരിയുടെ അംഗീകാരത്തോടെ പ്രയോജനപ്പെടുത്തണം.

3. **30 ലക്ഷത്തിന് മുകളിൽ**

ഓൺലൈൻ ബിൽഡിംഗ്, ഓൺലൈൻ റിവേഴ്സ് ഓക്ഷൻ സംവിധാനം ഉപയോഗിച്ച് നിർബന്ധമായും ബിഡുകൾ ലഭ്യമാക്കി കുറഞ്ഞ നിരക്കിന് രേഖപെടുത്തിയ വിതരണക്കാരിൽ നിന്നും വാങ്ങേണ്ടതാണ്.

(കേന്ദ്രഗവൺമെന്റ് General Finca nce Rule 2017-ലം R.149 ഭേദഗതി വരുത്തി GeM-ലെ സാമ്പത്തിക പരിധി യിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതനുസരിച്ച് പർച്ചേസ് മാനുവലിൽ മാറ്റം വരുത്തിയിട്ടില്ല).

### GeM മുഖേന വാഹനങ്ങൾ വാങ്ങൽ

(18.09.2019-ലെ സ.ഉ(പി.) നം. 12/2019/ SPD പ്രകാരമുള്ള നിബന്ധനകൾ)

## ഉടമസ്ഥാവകാശ (കുത്തക - proprietory) സ്വഭാവമുള്ള വാഹനങ്ങൾ

ഇത്തരം വാങ്ങൽ അനിവാര്യ സാഹചര്യത്തിൽ മാത്രം വാങ്ങുന്ന വാഹനം കുത്തക സ്വഭാവത്തിലുള്ളതാണ് എന്നും മത്സരം ഗുണകരമല്ല എന്നും വാങ്ങൽ അധികാരി ഉറപ്പാക്കണം. ഭരണാനുമതി ലഭ്യമാക്കണം. ധനവകുപ്പിന്റെ അനുമതിയും ലഭ്യമാക്കണം. ഇത്തരം വാഹനം വാങ്ങുന്നതിനെ ന്യായീകരിക്കുന്ന സാക്ഷ്യപത്രം PWD മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത അധികാരികളിൽ നിന്നും ലഭ്യമാക്കണം.

## 2. കുത്തകസ്വഭാവം ഇല്ലാത്തത് (Non - Proprietory)

കുത്തകസ്വഭാവം ഇല്ലാത്ത വാഹനങ്ങൾ അവയുടെ എണ്ണം കണക്കാക്കാതെ GeM മുഖേന വാങ്ങാവുന്നതാണ്.

## GeM മുഖേനയുള്ള വാങ്ങൽ നടപടികൾ.

### 1. നേരിട്ടുള്ള വാങ്ങൽ (Direct Purchase)

സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഏറ്റവും ചെറിയ വില രേഖപ്പെടുത്തിയ (L1) 25000/- രൂപയിൽ കുറവാണെങ്കിൽ ആ സാധനം നേരിട്ട് വാങ്ങാവുന്നതാണ്. L1 നു പകരം മറ്റൊരു കമ്പനിയുടെ അതേ സ്പെസിഫിക്കേഷനുള്ള ഇനം വാങ്ങണമെങ്കിൽ വ്യക്തമായ കാരണം രേഖപ്പെടുത്തണം.

### 2. താരതമ്യം ചെയ്തുള്ള വാങ്ങൽ (Comparison Purchase)

25000നു മുകളിൽ 5 ലക്ഷം രൂപ വരെ ബാധകം (വാഹനങ്ങളുടെ കാര്യത്തിൽ 30 ലക്ഷം രൂപ വരെ).

സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഏറ്റവും കുറഞ്ഞ വില L1, ഇനത്തിന് താഴെയുള്ള 'compare' ബട്ടൺ ക്ലിക്ക് ചെയ്ത് താഴെ കാണുന്ന അതെ സ്പെസിഫിക്കേഷനിലുള്ള 2 ഐറ്റങ്ങൾ കൂടി 'Compare' ചെയ്യുക. ഒരേ സ്പെസിഫിക്കേഷനിലുള്ള 3 ഇനങ്ങൾ 'compare' ചെയ്ത് ആയതിലെ L1 നേരിട്ട് വാങ്ങാവുന്നതാണ്.

### 3. ഓൺലൈൻ ബിഡിംഗ്

5 ലക്ഷത്തിന് മുകളിൽ ബാധകം (വാഹനങ്ങളുടെ കാര്യത്തിൽ 30 ലക്ഷത്തിന് മുകളിൽ)

ഈ രീതി തെരെഞ്ഞെടുക്കുമ്പോൾ BID എന്ന സ്ക്രീൻ തെളിയുന്നതാണ്. അതിൽ ബിഡിംഗുമായി ബന്ധപ്പെട്ട ആവശ്യമായ വിവരങ്ങളും സെല്ലർമാരുടെ യോഗ്യതക



ളും പ്രത്യേക ഇളവുകൾ, EMD തുടങ്ങിയ വിവരങ്ങളും മറ്റ് നിബന്ധനകളും നൽകി Bid proces പൂർത്തീകരിക്കാം. നിശ്ചിത ദിവസത്തിനുശേഷം ബിഡുകൾ Buyer login-ൽ തുറക്കാവുന്നതും അംഗീകരിക്കുന്ന സ്ഥാപനങ്ങളെ സെലക്ട് ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ L1-നെ തെരെഞ്ഞെടുക്കാവുന്നതുമാണ്.

### റിവേഴ്സ് ഓക്ഷൻ

5 ലക്ഷത്തിന് മുകളിൽ (വാഹനങ്ങളുടെ കാര്യത്തിൽ 30 ലക്ഷത്തിന് മുകളിൽ).

ഇവിടെ സെല്ലർമാർ തമ്മിൽ മത്സരിക്കുന്നതിനാൽ പരമാവധി കുറഞ്ഞ നിരക്ക് ലഭിക്കും.

സാധനങ്ങൾ ലഭ്യമായി തുടങ്ങിയതിന് ശേഷമുള്ള നടപടി ക്രമങ്ങൾ

സാധനങ്ങൾ ലഭ്യമായതിന് ശേഷം തൃപ്തികരമല്ലാത്തവ 10 ദിവസത്തിനകം തിരിച്ചയക്കുന്നതിനുള്ള സൗകര്യം GeM-ലുണ്ട്.

ആവശ്യപ്പെട്ട സ്പെസിഫിക്കേഷനോട് കൂടി സാധനം ലഭ്യമായാൽ Consignee Receipt and Acceptance Certificate - CRAC ജനറേറ്റ് ചെയ്യണം.

### GeM-മുഖേനയുള്ള വാങ്ങൽ രീതികൾ

1. നേരിട്ട് വാങ്ങാൻ 25,000 രൂപ വരെ
2. താരതമ്യം ചെയ്തുകൊണ്ടുള്ള വാങ്ങൽ. 25000 ന് മുകളിൽ 5 ലക്ഷം വരെ (വാഹനങ്ങളുടെ കാര്യത്തിൽ 30 ലക്ഷം വരെ)
3. ഓൺലൈൻ ബിഡിംഗ് 5 ലക്ഷത്തിന് മുകളിൽ
4. റിവേഴ്സ് ഓക്ഷൻ സെല്ലർമാർ തമ്മിൽ മത്സരിക്കുന്നു.

### GeM- രജിസ്ട്രേഷൻ നടപടികൾ

http:// GeM.gov.in എന്ന GeM-വെബ് പോർട്ടലിൽ പ്രവേശിക്കുന്നതിന് ക്ലസ്റ്റർ ഐഡി, പാസ്‌വേഡ് എന്നിവ ആവശ്യമാണ്. Primary user (സാധാരണയായി വകുപ്പ് മേധാവി), Secondary users (primary user ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ) എന്നിവരാണ് രണ്ടുതരം ക്ലസ്റ്റർമാർ.

### രജിസ്റ്റർ ചെയ്യുന്നതിനുള്ള ആവശ്യമായ രേഖകൾ

1. ആധാർ നമ്പർ.
2. ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പർ
3. ഗവൺമെന്റ് മെയിൽ ഐഡി (അതായത് gov.in/nic.in എന്നിവയിൽ അവസാനിക്കുന്ന (ഉദ്യോഗസ്ഥർക്ക് നൽകുന്ന) മെയിൽ ഐഡി.

### Primary user creation

GeM- വെബ് സൈറ്റിൽ പ്രവേശിച്ച് Sign up, Buyer click ചെയ്യുക. ആധാർ നമ്പർ, മൊബൈൽ നമ്പർ നൽകുക. OTP വെരിഫൈ ചെയ്യണം. തുടർന്ന് ഓഫീസ് Hierarchy നൽകണം. email Id നൽകി അതിലേക്ക് വരുന്ന ലിങ്ക് വെരിഫൈ ചെയ്യണം. Username, password എന്നിവ നൽകുക.

Primary user ആയി GeM-ൽ പ്രവേശിക്കുക. My Account click ചെയ്യുക. അതിൽ ഓർഗനൈസേഷൻ അഡ്രസ്, പേയ്മെന്റ് രീതി, വ്യക്തി വിവരങ്ങൾ, റഫറൽ വെരിഫിക്കേഷൻ എന്നിവ നൽകണം. റഫറൽ വെരിഫിക്കേഷന് സ്ഥാപനത്തിന്റെ വെരിഫയിങ് ഓഫീസറുടെ e-mail id നൽകണം. 48 മണിക്കൂർ മാത്രമേ ഇത്തരത്തിൽ നൽകുന്ന ലിങ്കിന് വാലിഡിറ്റി ഉണ്ടാകുകയുള്ളൂ.

ആ ഘട്ടം കഴിഞ്ഞാൽ പ്രൈമറി യൂസറായി വീണ്ടും ലോഗിൻ ചെയ്താൽ യൂസർ ആക്ടീവ് ആയതായി കാണാം.

Primary user സ്ഥലം മാറിപോയാൽ my account-ലെ deactivate account എന്ന ഓപ്ഷൻ പ്രയോജനപ്പെടുത്തണം. പുതിയതായി വന്ന ആളുടെ Government Id നൽകിയാലെ പഴയ ആളെ deactivate ചെയ്യാൻ കഴിയൂ.

Primary user-ക്ക് സാധനങ്ങൾ വാങ്ങാൻ കഴിയില്ല. വാങ്ങലുകൾ മോണിറ്റർ ചെയ്യുക എന്നതാണ് പ്രധാന കർത്തവ്യം. വാങ്ങലുകൾ നടത്താൻ Primary User സെക്കന്ററി യൂസറെ create ചെയ്യണം.

### Secodary User Creation

4 തരം secondary users ഉണ്ട്.

1. Buyer - Searching & carting orders
2. Consignee - Receipt of Products
3. DDO - Process bill
4. PAO - Payment Authority for online and offline

ഒരു ഉദ്യോഗസ്ഥന് തന്നെ buyer, consignee എന്നീ user ആക്കാവുന്നതാണ്. എത്ര സെക്കന്ററി യൂസേഴ്സിനെ വേണമെങ്കിലും create ചെയ്യാം.

Primary user ആയി GeM-ൽ പ്രവേശിച്ച് മെനുവിൽ യൂസേഴ്സ് എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് Add Scecondary user ക്ലിക്ക് ചെയ്യണം. തുടർന്ന് ഡിവിഷൻ നൽകുക. ശേഷം Secodary user-ന്റെ Govt mail id യിലേക്ക് വരുന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് profile വിവരങ്ങൾ നൽകി അക്കൗണ്ട് ആക്ടിവേറ്റ് ചെയ്യാവുന്നതാണ്. □

*(ലേഖകൻ പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ടാണ്)*



# കേരളത്തിന് കൈനീട്ടമായ് കുടുംബശ്രീയുടെ വിഷുചന്ത

## വിപണിയിൽ ലഭ്യമാക്കിയത് കുടുംബശ്രീ വനിതാ കർഷകർ ഉൽപാദിപ്പിച്ച കാർഷികോൽപന്നങ്ങളും കൂടാതെ സൂക്ഷ്മസംരംഭ ഉൽപന്നങ്ങളും

■ ആശ എസ്. പണിക്കർ

കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ച വിഷു ചന്തകളിൽ നിന്നും 3.98 കോടി രൂപയുടെ വിറ്റുവരവ്. 63 ലക്ഷം രൂപയുടെ വിറ്റുവരവ് നേടി എറണാകുളം ജില്ലയാണ് ഒന്നാമത്. കാസർകോട്, തൃശ്ശൂർ ജില്ലകൾ യഥാക്രമം 41 ലക്ഷവും 40 ലക്ഷവും വിറ്റുവരവ് നേടി. കോട്ടയം, എറണാകുളം, കാസർകോട് ജില്ലകളിൽ സി.ഡി.എസ് ചന്തകൾക്ക് പുറമേ ജില്ലാതലത്തിലും വിഷു ചന്തകൾ സംഘടിപ്പിച്ചു.

തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്നൊരുക്കിയ കുടുംബശ്രീ വിഷു ചന്തകളിൽ 14358 വനിതാ കർഷക സംഘങ്ങൾ ഉൽപാദിപ്പിച്ച വിഷവിമുക്ത പച്ചക്കറികളും പഴവർഗങ്ങളുമാണ് വിപണനത്തിനെത്തിച്ചത്. കണിയൊരുക്കുന്നതിനുള്ള വെള്ളരി മുതൽ പാവയ്ക്ക, ചീര, വഴുതന, വെണ്ട, പച്ചമുളക്, മത്തങ്ങ, പയർ, കാന്താരി, മുരിങ്ങക്കായ്, തുടങ്ങിയ പച്ചക്കറികളും കൂടാതെ വൈവിധ്യമാർന്ന ഉപ്പേരികൾ. ധാന്യപ്പൊടികൾ, കറിപ്പൊടികൾ, ചമ്മന്തിപ്പൊടികൾ എന്നിവയും കുടുംബശ്രീ വിഷുവിപണിയിൽ ലഭ്യമാക്കി. ഇതോടൊപ്പം അതത് പ്രദേശത്ത് കുടുംബശ്രീ സൂക്ഷ്മ സംരംഭകർ ഉൽപാദിപ്പിക്കുന്ന വിവിധ ഭക്ഷ്യവസ്തുക്കളും മൂല്യവർധിത ഉൽപന്നങ്ങളും വിപണിയിലെത്തിച്ചു.

സാധാരണക്കാർക്ക് മിതമായ വിലയിൽ ഗുണമേൻമയുള്ള പച്ചക്കറികൾ ലഭ്യമാക്കുക എന്നതോടൊപ്പം കോവിഡ്കാല മാന്ദ്യത്തിൽ നിന്നും കുടുംബശ്രീ കർഷകർക്കും സംരംഭകർക്കും ഉൽപന്ന വിപണനത്തിനും വരുമാന വർദ്ധനവിനുമുള്ള അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് വിഷു ചന്തകൾ സംഘടിപ്പിച്ചത്. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് വിഷു ചന്തകൾ സംഘടിപ്പിച്ചത്.

















**മേളയിൽ എത്തുന്ന ഉൽപന്നങ്ങളുടെ അളവ്, കർഷകരുടെയും സംരംഭ കരുടെയും പങ്കാളിത്തം എന്നിവ കൃത്യമായി വിലയിരു ത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിരുന്നു.**



ഓരോ സി.ഡി.എസിലും രൂപീകരിച്ച സംഘാടക സമിതിക്കായിരുന്നു വിഷു വിപണിയിലേക്ക് പരമാവധി ഉൽപന്നങ്ങളെ ത്തിക്കാനുള്ള ചുമതല. വിപണന മേളയുടെ സുരക്ഷിതത്വം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ ഉറപ്പു വരുത്തി. മേളയിൽ എത്തുന്ന ഉൽപന്നങ്ങളുടെ അളവ്, കർഷകരുടെയും സംരംഭകരുടെയും പങ്കാളിത്തം എന്നിവ കൃത്യമായി വിലയിരുത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിരുന്നു. കോവിഡ് മാനദണ്ഡങ്ങളും ഹരിതചട്ടവും ഉറപ്പു വരുത്തിയാണ് വിപണന മേളകൾ സംഘടിപ്പിച്ചത്. ☐

*(ലേഖിക കുടുംബശ്രീ സംസ്ഥാനദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പബ്ലിക് റിലേഷൻസ് വിഭാഗത്തിൽ എഡിറ്റോറിയൽ അസിസ്റ്റന്റാണ്)*

# വാർത്തകൾ വിശേഷങ്ങൾ

### പതിനാലാം പഞ്ചവത്സരപദ്ധതി - ഉത്തരവ് പുറപ്പെടുവിച്ചു.

നവകേരളത്തിന് ജനകീയാസൂത്രണം – ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022

### മറ്റ് വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരെ വിന്യസിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കേണ്ട സർക്കാരിൻറെ വിവിധ കർമ്മപദ്ധതികൾക്കായി മറ്റ് വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരെ വിന്യസിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.80/2022/ ത.സ്വ.ഭ.വ തീയതി 11.04.2022

### ഖരമാലിന്യപരിപാലനം - ഉത്തരവ് പുറപ്പെടുവിച്ചു.

ഖരാമാലിന്യപരിപാലന ചട്ടങ്ങൾ 2016 മാതൃക ഉപനിയമാവലി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.85/2022/ ത.സ്വ.ഭ.വ തീയതി19.04.2022

### തെളിനീരൊഴുകും നവകേരളം കാമ്പയിൻ -ഉത്തരവ് പുറപ്പെടുവിച്ചു.

തെളിനീരൊഴുകും നവനകേരളം കാമ്പയിൻറെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങളുടെ കാലഗണന പുതുക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു

സ.ഉ(സാധ) നം.999/2022/തസ്വഭവ തീയതി 21.04.2022

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫയൽ അദാലത്ത് സർക്കുലർ പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിലും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലും ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

സർക്കുലർ നം .പി.എസ്2/37/2022/ തസ്വഭവ .തീയതി 22.04.2022

### പങ്കാളിത്ത പെൻഷൻ പദ്ധതി - സർക്കുലർ പുറപ്പെടുവിച്ചു.

പാർട്ട് ടൈം ജീവനക്കാർ/പാർട്ട് ടൈം അധ്യാപകർ എന്നിവരെ പങ്കാളിത്ത പെൻഷൻപദ്ധതിയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ധനകാര്യവകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു.

നം.27/2022/ധന തീയതി 31.03.2022

### ഭക്ഷ്യസുരക്ഷ- സർക്കുലർ പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്നഭക്ഷണം പാകം ചെയ്തും അല്ലാതെയും വിൽക്കുന്ന കച്ചവടസ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി സർക്കുലർ പുറപ്പെടുവിച്ചു.

നം.ഡബ്ല്യൂ.എം/262/2022//തസ്വഭവ തീയതി 02.05.2022

### സിനിമ തീയേറ്ററുകളുടെ ലൈസൻസ് - ഉത്തരവ് റപ്പെടുവിച്ചു.

സംസ്ഥാനത്തെ സിനിമാ തീയേറ്ററുകളുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് പിഴകൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 31.08.2022 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു,

സ.ഉ(സാധ) നം.1038/2022/തസ്വഭവ തീയതി 27.04.2022

. .

### സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജെ.എസ്.ഐ – ഉത്തരവ് പുറപ്പെടുവിച്ച പുറപ്പെടുവിച്ചു.

ജില്ലാപഞ്ചായത്തിൽ പുനർവിന്യസിക്കപ്പെട്ട സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.88/2022/ ത.സ്വ.ഭ.വ തീയതി 22.04.2022

### എന്റെ തൊഴിൽ എന്റെ അഭിമാനം - ഉത്തരവ് പുറപ്പെടുവിച്ചു

കേരള നോളേജ് എക്കണോമി മിഷൻ മൊബിലൈസേഷൻ- എന്റെ തൊഴിൽ എന്റെ അഭിമാനം (മൈ ജോബ് മൈ പ്രൈഡ്) ക്യാമ്പയിൻ നടപ്പിലാക്കുന്നതിനായുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(കൈ) നം.90/2022/ ത.സ്വ.ഭ.വ തീയതി 23.04.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.




# അക്ഷരച്ചെപ്പ്

## പനവൂർ ഗ്രാമ പഞ്ചായത്ത്
## 2021-22 മാതൃകാ വിദ്യാഭ്യാസ പരിപാടി

കോവിഡിനോടൊപ്പം ജീവിക്കുക എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കഴിഞ്ഞ 2020 വർഷം മുതൽ നാം അതിജീവനത്തിന്റെ പാതയിലാണല്ലോ! മറ്റെല്ലാ മേഖലകളിൽനിന്നും വ്യത്യസ്തമായി സാമൂഹ്യനിർമ്മിതിക്ക് കനത്ത വെല്ലുവിളി ഉയർത്തിക്കൊണ്ട് കോവിഡ് എന്ന മഹാമാരിയുടെ താണ്ഡവം ഏറ്റവും കൂടുതൽ പ്രഹരം ഏൽപിച്ചത് അല്ലെങ്കിൽ ഏൽപിച്ചുകൊണ്ടിരിക്കുന്നത് നമ്മുടെ വിദ്യാഭ്യാസ മേഖലയിലുംകൂടിയാണ്.നമ്മുടെ വിദ്യാർത്ഥികൾ ഡിജിറ്റൽ ഉപകരണങ്ങളുമായി നാലു ചുവരുകൾക്കുള്ളിലെ ഇടുങ്ങിയ ചെറുലോകത്ത് തളയ്ക്കപ്പെട്ടപ്പോൾ അത് അവരുടെ ശാരീരികവും മാനസികവും ആരോഗ്യകരവുമായ വളർച്ചയെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന സത്യം വിസ്മരിക്കപ്പെടാൻ കഴിയില്ല.അടച്ചുപൂട്ടലുകളുടെ മുമ്പിൽ ലോകത്താകമാനം വിദ്യാഭ്യാസ മേഖല പകച്ചുനിന്നപ്പോഴും നാം പുതുവഴികൾ തേടുകയായിരുന്നു.നൂറുശതമാനം പകരം വയ്ക്കാനാകുന്നതല്ലെങ്കിലും നമ്മുടെ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഫലമായി ഓൺലൈനായി ക്ലാസ്സുകൾ ആരംഭിച്ചു.2020-21 വർഷത്തിൽനിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് 2021-22 വർഷത്തേയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് രൂപം നല്കി. അകലങ്ങളിലിരുന്നുകൊണ്ട് പുതുമയോടെയും ഒരുമയോടെയും ഈ വർഷം പ്രവേശനോത്സവം ആഘോഷിച്ചു.ഒരുവർഷക്കാലമായി കാണാൻ കഴിയാതിരുന്ന തങ്ങളുടെ പള്ളിക്കൂടത്തേയും കൂട്ടുകാരേയും കാണാതിരുന്നവർക്ക് അവരെ നേരിട്ടുകാണാനും സംസാരിക്കാനും കഴിഞ്ഞത് കുട്ടികളിൽ ആവേശം ഉളവാക്കി.അൺ-എയ്ഡഡ് മേഖലയിൽനിന്നും കുട്ടികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ഒഴുകിയെത്തി.പൊതുവിദ്യാഭ്യാസ മേഖല നമ്മുടെ സർക്കാരിന്റെ കൈകളിൽ ഭദ്രമാണെന്ന് ഇത് വീണ്ടും ഉറപ്പിക്കുന്നു.

പനവൂർ ഗ്രാമ പഞ്ചായത്തിൽ ഒരു ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പടെ ആറ്

പൊതുവിദ്യാലയങ്ങളിലായി 2214 കുട്ടികൾ പഠനം നടത്തുന്നു. നാടിന്റെ നന്മയുളവാകുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പനവൂർ ഗ്രാമപഞ്ചായത്ത് അതിന്റെ കടമ സ്തുത്യർഹമായ രീതിയിൽതന്നെ നിർവ്വഹിച്ചുപോരുന്നു. മറ്റു പഞ്ചായത്തുകൾക്ക് മാതൃകയാക്കാൻ കഴിയുന്ന പ്രവർത്തനങ്ങളാണ് മുൻവർഷങ്ങളിലും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പ്രഭാത ഭക്ഷണവും പോഷകാഹാരവും നല്കിക്കൊണ്ട് കുട്ടികളിൽ ആരോഗ്യ ക്ഷമത ഉറപ്പാക്കുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ശക്തമായി ഇടപെട്ടുകൊണ്ട് കുട്ടികളിൽ അക്കാദമികമായ മികവ് സൃഷ്ടിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധ ചെലുത്തുന്നുണ്ട്.

2019-20 അക്കാദമിക വർഷത്തിൽ നടപ്പിലാക്കി ഒരു വർഷക്കാലം നീണ്ടുനിന്ന വിദ്യാഭ്യാസ പരിപാടിയായിരുന്നു ചിരാത്. ശാസ്ത്രദിനമായ 2020 ഫെബ്രുവരി 28-ന് പൊതുസമൂഹത്തിനുകൂടി അനുഭവവേദ്യമായ രീതിയിൽ സംഘടിപ്പിക്കപ്പെട്ട അറിവരങ്ങ് (മെഗാ ക്വിസ്) ഉൾപ്പടെ വിസ്മയം-2020 എന്ന പരിപാടിയോടു കൂടിയായിരുന്നു ചിരാതിന്റെ സമാപനം.പ്രൈമറി-അപ്പർ പ്രൈമറി തലത്തിലെ കൂടുതൽ കുട്ടികൾക്ക് കല-കായിക-സാഹിത്യ മേഖലകളിൽ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് പ്രസ്തുത പരിപാടി ഏറെ സഹായകമായിരുന്നുവെന്നാണ് വിലയിരുത്തപ്പെട്ടത്.

2021-22 അദ്ധ്യയനവർഷത്തിൽ കോവിഡ്-19 ന്റെ വിവിധ തരംഗങ്ങൾ സൃഷ്ടിച്ച അസാധാരണ സാഹചര്യങ്ങൾ നിലനിന്നപ്പോഴും ലഭ്യമായ സൗകര്യങ്ങളും സങ്കേതങ്ങളും സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തിക്കൊണ്ട് പനവൂർ ഗ്രാമ പഞ്ചായത്ത് 'അക്ഷരച്ചെപ്പ് 'എന്ന പുതിയ വിദ്യാഭ്യാസ പരിപാടിയുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചു. അക്ഷരച്ചെപ്പിന്റെ ഭാഗമായി 'കുട്ടിക്കൊരു കലണ്ടർ' എന്ന പരിപാടിയിലൂടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഓരോ വിദ്യാർത്ഥിക്കും ഓരോ വിദ്യാഭ്യാസ കലണ്ടർ ലഭ്യമാക്കി.വിദ്യാഭ്യാസ മേഖലയിൽ പനവൂർ ഗ്രാമപഞ്ചായത്തിന്റെ തനത് പരിപാടിയായ അക്ഷരച്ചെപ്പ് തുറന്നുകൊണ്ടുള്ള ഉദ്ഘാടനവും വിദ്യാഭ്യാസ കലണ്ടറിന്റെ പ്രകാശനവും 2021 ജൂലൈ 19-ന് വാമനപുരം എം.എൽ.എ ശ്രീ. ഡി.കെ മുരളി അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. വി. ശിവ







ൻകുട്ടി നിർവ്വഹിച്ചു. തുടർന്ന് പഞ്ചദളം എന്ന അഞ്ച് ദിനാചരണ പരിപാടികളിലൂടെ (ബാലകവിത, കുട്ടിക്കവിത, ആംഗ്യപ്പാട്ട്, കഥപറച്ചിൽ,, കവിതാലാപനം, പ്രസംഗം, ചിത്രരചന, ലളിത ഗാനം, മാപ്പിളപ്പാട്ട്, നാടൻപാട്ട്, ദേശഭക്തിഗാനം വിവിധ പരിപാടികളിലായി പ്രീപ്രൈമറി മുതൽ ഏഴാംക്ലാസ് വരെയുള്ള 675 കുട്ടികളേയും അവരുടെ രക്ഷാകർത്താക്കളേയും അദ്ധ്യാപകരേയും കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഓൺലൈനായി സജീവമാക്കി. വിദൂരത്തിലിരിക്കുന്ന വിധികർത്താക്കളുടെ സഹായത്തോടെ വിജയികളേയും കണ്ടെത്തി.

അക്ഷരച്ചെപ്പിന്റെ ഭാഗമായുള്ള മറ്റൊരു പരിപാടിയായിരുന്നു പ്രതിഭാസംഗമം. ഗ്രാമപഞ്ചായത്തിന്റെ 15 വാർഡുകളിലും ഉൾപ്പെട്ട് വിവിധ മേഖലകളിൽ (എസ്.എസ്.എൽ.സി, പ്ലസ് ടു, കലാ -കായിക-ഉപരി പഠനം) പ്രാഗത്ഭ്യം തെളിയിച്ച 102 പ്രതിഭകളുടെ സംഗമം നടത്തി. വരുംകാലങ്ങളിൽ സമൂഹനന്മയുള്ളതകമാറ് ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ കഴിയട്ടേയെന്ന് ആശംസിച്ചുകൊണ്ട് അഭിനന്ദങ്ങളും സ്നേഹാദരവും നല്കുന്ന പൊതുപരിപാടി സംഘടിപ്പിച്ചു. പ്രസ്തുത പരിപാടി 02.10.2021-ന് എം.എൽ.എ ശ്രീ. ഡി.കെ മുരളി അദ്ധ്യക്ഷതയിൽ കേരളത്തിന്റെ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി. ആർ. അനിൽ നിർവ്വഹിച്ചു.

ചിട്ടപ്പെടുത്തിയിരുന്നതനുസരിച്ച് അക്ഷരച്ചെപ്പ് എന്ന ഒരു വർഷത്തെ പരിപാടിയുടെ സമാപനം 2022 ഫെബ്രുവരി 28-ന് നടക്കേണ്ടതായിരുന്നു. എന്നാൽ കർശനമായ കൊവിഡ് മാനദണ്ഡങ്ങൾ പാലിക്കപ്പെടേണ്ടി വന്നതിനാൽ സമാപന പരിപാടികൾ മാറ്റിവയ്ക്കേണ്ടതായി വന്നു. ഈ പരിപാടികൾ 2022 മേയ് മാസത്തിൽ മൂന്ന് പരിപാടികളായി പഞ്ചായത്തിലെ മൂന്ന് പ്രദേശങ്ങളിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു. പേരയം കേന്ദ്രമാക്കി കാവ്യസന്ധ്യയും ഗുരുസംഗമവും (07.05.2022) വിജയകരമായി നടത്തി. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ: ഷൈലജ ബീഗം ഉദ്ഘാടനം ചെയ്ത പരിപാടിയിൽ വട്ടപ്പറമ്പിൽ പീതാമ്പരൻ മാസ്റ്റർ, ബിജു ബാലകൃഷ്ണൻ, വിനോദ് വെള്ളായണി, സി.എസ് ജയചന്ദ്രൻ, വിദ്യാർത്ഥികൾ എന്നിവർ കവിതകൾ അവതരിപ്പിച്ചു. പഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതി കാലഘട്ടത്തിൽ വിരമിച്ച ഗുരുനാഥൻമാരെ ചടങ്ങിൽ ആദരിക്കുകയുണ്ടായി. അക്ഷരച്ചെപ്പിന്റെ വിവിധ പരിപാടികളിൽ പങ്കെടുത്ത് വിജയികളായ പേരയം ഗവ. യു.പി. എസിലേയും പനയമുട്ടം ഗവ. എൽ.പി.എസിലേയും കുട്ടികൾക്ക് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി സുനിത എസ് സമ്മാനവിതരണവും നടത്തി. തീരുമാനപ്രകാരം ആട്ടുകാൽ കേന്ദ്രമാക്കി അറിവരങ്ങ്-സീസൺ: 2 (11.05.2022) എന്ന പേരിൽ യു.പി.തലത്തിലെ കുട്ടികൾക്കായി മെഗാക്വിസ് എന്ന പരിപാടിയാണ് സംഘടിപ്പിക്കപ്പെട്ടത്. സബ്ജില്ലയുടെ വിവിധ വിദ്യാലയങ്ങളിൽനിന്നായി 17 ടീമുകൾ അറിവരങ്ങിൽ പങ്കെടുത്തു. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വി.അമ്പിളി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ആട്ടുകാൽ ഗവ:യു.പി.എസിൽനിന്നും അക്ഷരച്ചെപ്പിന്റെ വിജയികളായ കുട്ടികൾക്ക് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി സുനിത എസ് സമ്മാനവിതരണം നടത്തി. 24.05.2022 ചെവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ വിവിധ പരിപാടികളോടുകൂടി പനവൂർ കേന്ദ്രമാക്കി വിപുലമായ സമാപന യോഗവും പനവൂർ ഗവ:എൽ.പി.എസിലേയും ആറ്റിൻപുറം ഗവ:യു.പി.എസിലേയും വിദ്യാർത്ഥികൾക്ക് സമ്മാനദാനവും നടത്തി. ഇതോടെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വിദ്യാഭ്യാസ പരിപാടിയായ അക്ഷരച്ചെപ്പ് എന്ന ഒരു വർഷംനീണ്ടുനിന്ന വിദ്യാഭ്യാസ പരിപാടിയ്ക്ക് പരിസമാപ്തിയാകുന്നു. □





*(തയ്യാറാക്കിയത് പനവൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനാണ്. )*





# കൊട്ടാരക്കര

■ ഡോ. വിളക്കുടി രാജേന്ദ്രൻ

കൊല്ലം ജില്ലയിലെ ഒരു താലൂക്കും അതിന്റെ ആസ്ഥാനമായ മുൻസിപ്പൽ നഗരവും. ഇളയിടത്തു സ്വരൂപത്തിന്റെ ആസ്ഥാനമായിരുന്നു. മഹാഗണപതി ക്ഷേത്രം പ്രസിദ്ധം. രാമനാട്ടത്തിന്റെ ജൻമദേശം. എം.സി.റോഡും കൊല്ലം -തിരുമംഗലം ദേശീയപാതയും ഇവിടെ സന്ധിക്കുന്നു. കൊല്ലത്തുനിന്ന് 25.കിലോമീറ്റർ കിഴക്കാണ് സ്ഥാനം.

കൊട്ടാരക്കരയ്ക്കടുത്ത വെളിയം സംഘകാലപഴമയുള്ള നഗരമായിരുന്നു. ആയ് രാജാവായിരുന്ന വെളിയന്റെ പേരിൽ നിന്നാണ് വെളിയം സ്ഥലനാമമായത്. വെളിയം ആസ്ഥാനമാക്കി കൊട്ടാരക്കര പ്രദേശങ്ങൾ ഭരിച്ച വെളിയന്റെ മകനായ എയിനനെപ്പറ്റി അകനാനൂറിൽ (208) സൂചനയുണ്ട്. ഇതിനടുത്ത വെളി(യ)നല്ലൂർ എന്ന സ്ഥലവും ആയ് ഭരണകാലത്തിന്റെ സ്മാരകമാണ്. വേണാട് രാജവംശത്തിന്റെ ശാഖയായിരുന്ന ഇളയിടത്തു സ്വരൂപത്തിലെ ഒടുവിലത്തെ റാണി ഡച്ച് സഹായത്തോടെ മാർത്താണ്ഡവർമയ്ക്കെതിരെ പൊരുതിയെങ്കിലും 1741-ൽ മാർത്താണ്ഡവർമ ഇളയിടത്തുരാജ്യം തിരുവിതാംകൂറിനോട് കൂട്ടിച്ചേർത്തു.

പെരുന്തച്ചനാണ് കൊട്ടാരക്കര മണികണ്ഠേശ്വരം ക്ഷേത്രത്തിൽ (ഇപ്പോൾ ഗണപതി ക്ഷേത്രം) ഗണപതി പ്രതിഷ്ഠ നടത്തിയതെന്ന് ഐതിഹ്യം. ഉണ്ണിയപ്പമാണ് ഇവിടത്തെ മുഖ്യ വഴിപാട്. തൊട്ടടുത്തുള്ള മഹാദേവർ ക്ഷേത്രവും പ്രസിദ്ധമാണ്. കൊട്ടാരക്കര തമ്പുരാനായിരുന്ന ബാലവീരകേരളവർമ (17-ാം ശതകം) രാമനാട്ടം നിർമിച്ചത്. ഇത് പിന്നീട് കഥകളിയായി വികസിച്ചു. കൊട്ടാരക്കര തമ്പുരാന്റെ സ്മാരകമായി പുരാവസ്തു വകുപ്പിൻകീഴിൽ ഇവിടെ ഒരു മ്യൂസിയമുണ്ട്.

സ്ഥലനാമപ്പിറവി: ഇളയിടത്തു സ്വരൂപത്തിന്റെ കൊട്ടാരത്തിനു ചുറ്റുമുള്ള സ്ഥലം കൊട്ടാരക്കരയായതു സ്വാഭാവികം. ഇവിടത്തെ മഹാദേവർ ക്ഷേത്രത്തിലെ രേഖകൾ ഇതിനു തെളിവാണ്. കോശാഗാരം (ഖജനാവ്), കോഷ്ഠാഗാരം (ധാന്യസംഭരണസ്ഥലം) എന്നിവ കോട്ടാകാരമായും കൊട്ടകാരമായും കൊട്ടാരം ആയും പരിണമിച്ചു എന്നും അഭിപ്രായമുണ്ട്.

ആയ് രാജാക്കൻമാരുടെ ഭരണത്തിലിരുന്ന കടലോരനഗരങ്ങളിൽ ഉൾപ്പെട്ടിരുന്ന 'എലങ്കോൺ' ആണെന്ന് അഭ്യൂഹിക്കപ്പെടുന്നു. പ്ലിനി സൂചിപ്പിക്കുന്ന കൊട്ടനാര കുരുളക് വ്യാപാരത്തിനു പ്രസിദ്ധമായിരുന്ന കൊട്ടാരക്കരയാകാമെന്ന് ചരിത്രകാരനായ കെ.പി.പത്മനാഭമേനോൻ പറയുന്നു. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ അഷ്ടമുടിക്കായൽ ഇന്നത്തെ കൊട്ടാരക്കര വരെ വ്യാപിച്ചിരുന്നില്ലേ എന്നു സംശയിക്കണം. □

മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്.

# ഭാഷാനിയമമാണു വ്യാകരണം

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

ഒരു ഭാഷയുടെ ഘടനാപരവും പ്രയോഗപരവുമായ നിയമങ്ങളാണ് വ്യാകരണം. സംസ്കൃത്തിൽ ശിക്ഷ കൽപ്പം, നിരുക്തം, ഛന്ദസ്സ്, വ്യാകരണം, ജ്യോതിഷം എന്നിങ്ങനെ ആറു ശാസ്ത്രങ്ങളുണ്ട്. അദ്ധ്യയനവേളയിൽ പഠിതാവിന് വഴി തെറ്റിപ്പോകാതിരിക്കുന്നതിനും ശരിയായ ദിശയിൽ മുന്നേറുന്നതിനുമുള്ള അപഗ്രഥന നിയമങ്ങളാണിവ. പദവ്യാക്യങ്ങളുടെ ഘടന, കർത്തൃ-കർമ്മക്രിയകളുടെ പാരസ്പര്യം തുടങ്ങിയ കാര്യങ്ങളാണ് വ്യാകരണത്തിൽ വിവരിക്കുന്നത്. പാണിനിയാണ് സംസ്കൃതത്തിലെ വൈയാകരണൻമാരിൽ അഗ്രഗണ്യൻ. മലയാളഭാഷയ്ക്കും സമ്പന്നമായ വ്യാകരണ ഗ്രന്ഥശേഖരമുണ്ട്. മലയാളത്തിലെ ഏറ്റവും വിഖ്യാതമായ വ്യാകരണ ഗ്രന്ഥം കേരളപാണിനീയം (1896) ആണ്. കേരളപാണിനി എന്ന് പിന്നീട് വിഖ്യാതനായ എ.ആർ.രാജരാജവർമ്മയാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്. 1917-ൽ ഇതിന്റെ പരിഷ്കരിച്ച പതിപ്പ് വന്നു. പിന്നീട് നിരവധി പതിപ്പുകൾ ഇറങ്ങിയ കേരള പാണിനീയത്തെ അതിശയിക്കാൻ കഴിയുന്ന ഒരു ഗ്രന്ഥം ഇത്രകാലം കഴിഞ്ഞിട്ടും ഉണ്ടായിട്ടില്ല എന്നത് അതിന്റെ മേൻമയും പ്രയോജനവും വിളംബരം ചെയ്യുന്നു.



ചരിത്രപശ്ചാത്തലത്തിൽ പ്രധാനപ്പെട്ട മലയാള ഭാഷാ വ്യാകരണ ഗ്രന്ഥങ്ങളെപ്പറ്റി സൂചിപ്പിക്കാം. പതിനാലാം നൂറ്റാണ്ടിൽ വിരചിതമായ 'ലീലാതിലകം' ആണ് മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം. സംസ്കൃതത്തിലാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥകാരൻ ആരെന്നറിയുന്നില്ല. മലയാള സാഹിത്യത്തിന്റെ ഉദയം മുതൽ രണ്ട് വഴിക്കാണ് അതിന്റെ വികാസം ഉണ്ടായിട്ടുള്ളത്. മലനാട്ടുപഴക്കം സംസ്കൃതവുമായി ചേർന്നുണ്ടായ മണിപ്രവാളവും തമിഴുമായി ചേർന്നുണ്ടായ പാട്ടും മണിപ്രവാളം, പാട്ട് എന്നിവയ്ക്ക് 'ലീലാതിലക'ത്തിൽ ലക്ഷണം പറയുന്നുണ്ട്. 'ഭാഷാ സംസ്കൃതയോഗോ മണിപ്രവാളം' എന്നും 'ദ്രാവിഡസംഘാതാക്ഷരനിബന്ധമെതുകർമാനവൃത്തവിശേഷം പാട്ട്' എന്നുമാണ് ആ ലക്ഷ

ണങ്ങൾ. ഭാഷയുടെയും സംസ്കൃതത്തിന്റെയും യോഗമാണ് മണിപ്രവാളം. ദ്രാവിഡം എന്നാൽ തമിഴ്. എതുക, മോന എന്നിവ വൃത്തവിശേഷങ്ങളാണ്. തമിഴിലുള്ള അക്ഷരങ്ങളോട്ടുകൂടിയതും എതുക, മോന എന്നീ വൃത്തവിശേഷങ്ങളോടുകൂടിയതുമായ രചനയാണ് പാട്ട് എന്നർത്ഥം. (പാട്ടിനെപ്പറ്റിയും മണിപ്രവാളത്തെപ്പറ്റിയും അവയിലെ കൃതികളെപ്പറ്റിയും പിന്നീട് പ്രതിപാദിക്കാം). ഭാഷാസന്ധികൾ, കാവ്യഗുണങ്ങൾ, കാവ്യദോഷങ്ങൾ എന്നിവയെപ്പറ്റിയും 'ലീലാതിലക'ത്തിൽ വിവരിക്കുന്നുണ്ട്.

മതപ്രചാരണാർത്ഥം ഇവിടെ എത്തിയ വിദേശമിഷണറിമാർ രചിച്ച വ്യാകരണഗ്രന്ഥങ്ങളാണ് പതിനെട്ടാം ശതകം മുതൽ കുറെക്കാലത്തേക്കു കാണുന്നത്. ലാറ്റിനിലും ഇംഗ്ലീഷിലും അവർക്കു വേണ്ടി രചിച്ച മലയാള ഗ്രന്ഥങ്ങളാണവ. സാധാരണക്കാരുടെ ഭാഷയെ നീചഭാഷയെന്നും ഉയർന്ന തലത്തിലുള്ളവരുടെ ഭാഷയെ ഉച്ചഭാഷ എന്നും അവർ വിളിക്കുന്നു. മിഷണറിമാർ രചിച്ച വ്യാകരണഗ്രന്ഥങ്ങളിൽ ആദ്യത്തേത് ഇറ്റലിക്കാരനായ ബിഷപ്പ് ആഞ്ജലോസ് ഫ്രാൻസിസ് 1717-ൽ രചിച്ച 'ഗ്രമാറ്റിക് ലിംഗ്വെ' എന്നാരംഭിക്കുന്ന ദീർഘമായ പേരോടുകൂടിയ കൃതിയാണ്. വ്യവഹാരഭാഷയുടെ വ്യാകരണം എന്നാണിത് അറിയപ്പെടുന്നത്. വരാപ്പുഴ കർമ്മലീത്താ ആശ്രമത്തിലെ അംഗമായിരുന്ന ക്ലമന്റ് പാതിരി എഴുതിയ 'ആൽഫബത്തും ഗ്രന്ഥോനിക്കോ മലബാറിക്കം സിവേ സംസ്കൃതോനിക്കം' (1772) ആണ് അടുത്ത ഗ്രന്ഥം. മലയാളം എഴുത്തിനെപ്പറ്റി പറയുമ്പോൾ പന ഓല, എഴുത്താണി എന്നീ പദങ്ങൾ ഇതിൽ പറയുന്നു. അർണോസ് പാതിരി രചിച്ച ഗ്രന്ഥമാണ് 'ഗ്രന്ഥഭാഷയുടെ വ്യാകരണം (1781).

ഇംഗ്ലീഷിൽ എഴുതിയ ആദ്യത്തെ മലയാള വ്യാകരണഗ്രന്ഥം റോബർട്ട് ഡ്രമ്മണ്ടിന്റെ 'ഗ്രാമർ ഓഫ് ദ മലബാർ ലാംഗ്വേജ്' (1799) ആണ്. മലയാള ലിപിയിൽ ധാരാളം പദങ്ങൾ ഈ ഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്. സംസ്കൃതത്തിലെപ്പോലെ 16 സ്വരങ്ങളും 35 വ്യഞ്ജനങ്ങളും ചേർത്ത് 51 അക്ഷരങ്ങൾ മലയാളത്തിലുണ്ടെന്ന് ഗ്രന്ഥത്തിൽ പറയുന്നുണ്ട്. എഫ്.സ്പ്രിങ് 1890-ൽ 'ഔട്ട്ലൈൻസ് ഓഫ് എ ഗ്രാമർ ഓഫ് ദ മലയാളം ലാംഗ്വേജ്' രചിച്ചു. ജോസഫ് പിറ്റിന്റെ 'എ ഗ്രാമർ ഓഫ് ദ മലയാളം ലാംഗ്വേജ്' (1841) എന്ന ഗ്രന്ഥത്തിൽ 55 അക്ഷരങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. മലയാളികളെക്കൂടി ലക്ഷ്യമിട്ട് മിഷണറിമാർ രചിച്ച വ്യാകരണഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് ഹെർമൻ ഗുണ്ടർട്ട് 1851-ൽ എഴുതിയ മലയാള ഭാഷാ വ്യാകരണം ആണ്. ഇതിന്റെ പൂർണ്ണരൂപം പുറത്തുവന്നത് 1860-ൽ ആണ്. ഇതുവരെയുള്ള വ്യാകരണ ഗ്രന്ഥങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായി ഭാഷയെ ശാസ്ത്രീയമായി അപഗ്രഥനത്തിന് ഗുണ്ടർട്ട് വിധേയമാക്കുന്നു. ദ്രാവിഡഭാഷാകുടുംബത്തിലെ ഭാഷകളുടെ താരതമ്യപഠനം നടത്തി റോബർട്ട് കാർഡ്വൽ 1856-ൽ രചിച്ച 'ദ്രാവിഡ ഭാഷകളുടെ താരതമ്യവ്യാകരണം'. ('എ കമ്പാരറ്റീവ് ഗ്രാമർ ഓഫ് ഡ്രാവിഡിയൻസ് ഓഫ് സൗത്ത് ഇൻഡ്യൻ ഫാമിലി ഓഫ് ലാംഗ്വേജ് എന്ന് പൂർണനാമം) ഭാഷാപഠനത്തെ കുറച്ചുകൂടി മുൻപോട്ടു കൊണ്ടുപോയി. ഗുണ്ടർട്ട് ചോദ്യോത്തരരൂപത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി എഴുതിയ 'എ ക്യാറ്റക്കിസം ഓഫ് മലയാളം ഗ്രാമർ' (1860), ഗാർത്തുവേറ്റ് സായിപ്പ് എഴുതിയ 'എസ്സൻഷ്യൽസ് ഓഫ് മലയാളം ഗ്രാമർ ഡെഡ്യൂസ്ഡ് ഫ്രം ദ സെന്റൻസ്' (1867) തുടങ്ങിയവയും പരാമർശമർഹിക്കുന്നു.



ഒരു മലയാളി മലയാളികൾക്കുവേണ്ടി മലയാളത്തിൽ എഴുതിയ ആദ്യത്തെ വ്യാകരണം ജോർജ് മാത്തൻ രചിച്ച മലയാഴ്മയുടെ വ്യാകരണം (1851) ആണ്. വൈക്കത്ത് പാച്ചുമൂത്തത് ചോദ്യോത്തര രൂപത്തിൽ എഴുതിയ 'മലയാള ഭാഷാ വ്യാകരണം' 1876-ൽ പുറത്തുവന്നു. 1878-ൽ കോവുണ്ണി നെടുങ്ങാടി രചിച്ച ഗ്രന്ഥമാണ് 'കേരള കൗമുദി'. ഇതിനെത്തുടർന്നാണ് 'കേരളപാണിനീയം' എന്ന ഗ്രന്ഥത്തിന്റെ പിറവി (1896-1917). ഇത്രയും സമഗ്രവും സർവ്വതലസ്പർശിയും അപഗ്രഥനസ്വഭാവം പുലർത്തുന്നതുമായ മറ്റൊരു വ്യാകരണ ഗ്രന്ഥം മലയാളത്തിലില്ല. എ.ആറിന്റെ 'ശബ്ദശോധിനി' (1902), എം.ശേഷഗിരിപ്രഭുവിന്റെ 'വ്യാകരണമിത്രം' (1904), എ.ആറിന്റെ 'പ്രഥമ വ്യാകരണം' (1905), 'മദ്ധ്യമവ്യാകരണം', (1907), സാഹിത്യസാഹ്യം (1911), സാഹിത്യപഞ്ചാനൻ പി.കെ. നാരായണപിള്ളയുടെ 'പ്രയോഗദീപിക' (1935), 'ലഘുവ്യാകരണം',(1937), 'വ്യാകരണപ്രവേശിക' (1937), കുട്ടിക്കൃഷ്ണമാരാരുടെ 'ഭാഷാ പരിചയം' (1942), ഡോ.കെ.ഗോദവർമ്മയുടെ 'കേരളഭാഷാവിജ്ഞാനീയം' (1951), ശൂരനാട്ടു കുഞ്ഞൻപിള്ളയുടെ 'ഭാഷാദീപിക' (ഒന്നാം ഭാഗം, 1954), ജി. ശങ്കരക്കുറുപ്പിന്റെ 'ഭാഷാദീപിക' (രണ്ടാം ഭാഗം, 1955), പ്രൊഫ.സി.എൽ.ആന്റണി രചിച്ച 'കേരളപാണിനീയഭാഷ്യം' (1973), ജോൺ കുന്നപ്പള്ളിയുടെ 'ശബ്ദസൗഭഗം' (1976), കെ.സുകുമാരപിള്ള എഴുതിയ 'കൈരളീശബ്ദാനുശാസനം' (1980), സി.വി. വാസുദേവഭട്ടതിരി രചിച്ച 'അഭിനവമലയാള വ്യാകരണം' (1989),പ്രൊഫ.ഗോപിക്കുട്ടന്റെ മലയാള വ്യാകരണം (1989), പ്രൊഫ. ഗോപിക്കുട്ടന്റെ മലയാള വ്യാകരണം (2002), ഡോ.ഇ.വി.എൻ.നമ്പൂതിരിയുടെ 'കേരള ഭാഷാ വ്യാകരണം' തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ ഈ ശാഖയെ സമ്പന്നമാക്കി.

മലയാളത്തിലെ വ്യാകരണഗ്രന്ഥങ്ങളുടെ ബാഹുല്യം എന്താണു കാണിക്കുന്നത്? ആ ഭാഷയുടെ അതിവിപുലമായ സാഹിത്യസമ്പത്തും ഭാഷയുടെ പ്രയോഗവിശേഷങ്ങളുമാണ്. കൃതികൾ ഉണ്ടായിക്കഴിഞ്ഞാണ് നിയമവ്യവസ്ഥകൾ ക്രോഡീകരിച്ചുള്ള വ്യാകരണഗ്രന്ഥങ്ങൾ ഉണ്ടാകുന്നത്. നമുക്ക് സാഹിത്യത്തിന്റെ ശാദ്വലഭൂവിലേക്ക് പിന്നീട് സഞ്ചരിക്കാം. □



# "കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി"

■ മുരളീധരൻ തഴക്കര

ഞങ്ങളും കൃഷിയിലേക്ക്' സംസ്ഥാന സർക്കാരിന്റെ കാർഷിക കർമ്മപദ്ധതിയുടെ അഥവാ പദ്ധതി എന്നതിനേക്കാൾ ഉചിതം കാർഷിക കർമ്മ ദൗത്യം എന്ന് പറയുന്നതാകും. വിശപ്പകറ്റാൻ അയൽ നാടുകളെ ആശ്രയിക്കാതെ പട്ടിണിയില്ലാതെ ഭക്ഷ്യഭദ്രത ഉറപ്പാക്കുവാൻ കേരളീയ സമൂഹത്തിനു മുന്നിൽ സർക്കാർ മുന്നോട്ടു വച്ചിട്ടുള്ള ഈ ദൗത്യത്തിന്റെ പ്രാധാന്യത്തെ ഒരു പഴമൊഴിയിലൂടെ പണ്ടു പണ്ടേ നമ്മുടെ കാരണവന്മാർ പറഞ്ഞു വച്ചിരിക്കുകയാണ്. "കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ, മരുതു പൂക്കുമ്പോൾ പട്ടിണി" എന്ന പഴമൊഴി എത്ര അർത്ഥവത്തും ചിന്തോദ്ദീപകവുമാണ്. കൊന്നപൂക്കുന്ന മേടമാസക്കാലം നിലമുഴുത് പരുവപ്പെടുത്തി ആദ്യചാലിട്ട് വിത്തിടുന്നതിനായി 'വിത്തും കൈക്കോട്ടു'മായി കർഷകർ പാടത്തേക്കിറങ്ങുന്ന കാലമാണ്. കൃഷിപ്പണികളിൽ വ്യാപൃതരാകേണ്ട ഈ സമയത്ത് കൃഷികാര്യങ്ങളിൽ ശ്രദ്ധിക്കാതെ അലസമായിരുന്നാൽ പിന്നാലെ വരുന്ന കർക്കിടകത്തിലെ ക്ഷാമകാലത്ത് പട്ടിണി കിടക്കേണ്ടി വരുമെന്നുള്ള കൃത്യമായ ഓർമ്മപ്പെടുത്തലാണീ പഴമൊഴി. രണ്ടു വ്യത്യസ്ത ഇനം മരങ്ങളെ നിരീക്ഷിച്ചു കൊണ്ടാണ് മണ്ണിന്റെ മനസ്സ് തൊട്ടറിയുന്ന പ്രകൃതിയുടെ മർമ്മമറിയുന്ന പൂർവ്വീകരായ കൃഷിക്കാർ ഏറെ പ്രസക്തമായ ഈ പഴമൊഴി രൂപപ്പെടുത്തിയത്. മേട മാസത്തിൽ പൂവിട്ട് സ്വർണ്ണവർണ്ണം ചൂടി നിൽക്കുന്ന 'കണിക്കൊന്ന' എന്ന സമ്പൽസമൃദ്ധിയുടെ പ്രതീകമായ വൃക്ഷത്തെ പഞ്ഞമാസമായ കർക്കിടകത്തിൽ പൂവിടുന്ന 'മരുത്' എന്ന മറ്റൊരു വൃക്ഷവുമായി താരതമ്യം ചെയ്തിരിക്കുകയാണ്.

ഋതുക്കൾ
ദിശാസൂചകങ്ങളാണ്
അവ സസ്യജാലങ്ങളിൽ
വരുത്തുന്ന കാലാനുസാരിയായ
മാറ്റങ്ങൾ മനുഷ്യന്
പണ്ടുപണ്ടേ പാഠങ്ങളാണ്.





ഋതുക്കൾ ദിശാസൂചകങ്ങളാണ് അവ സസ്യജാലങ്ങളിൽ വരുത്തുന്ന കാലാനുസാരിയായ മാറ്റങ്ങൾ മനുഷ്യന് പണ്ടുപണ്ടേ പാഠങ്ങളാണ്. സസ്യങ്ങൾ പൂവിടുമ്പോഴും ഇലകൊഴിയുമ്പോഴും തളിരിടുമ്പോഴുമെല്ലാം ഓരോ ജീവിത സന്ദർഭങ്ങളിലേക്ക് നാം കടക്കുകയാണ്. അതുകൊണ്ടുതന്നെ കൊന്ന പൂക്കുമ്പോളുറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി എന്ന പഴമൊഴിയേയും ഈ പശ്ചാത്തലത്തിൽ വേണം വിശകലനം ചെയ്യേണ്ടത്. ഇതാ ഇവിടെയാണ് കണിക്കൊന്നയും മരുതും തമ്മിൽ ബന്ധപ്പെടുത്തി ഉദാത്തമായ ഒരു സന്ദേശം നമ്മുടെ കാരണവന്മാർ രൂപപ്പെടുത്തിയെടുത്തു നമുക്ക് മുന്നിലേക്ക് വെച്ചിരിക്കുന്നത്. സമയനിഷ്ഠയുടെയും കാലബോധത്തിന്റെയും കാര്യത്തിൽ ഏറെ ശ്രദ്ധേയമായ സ്ഥാനമാണ് മേടമാസത്തിന്റെ വരവറിയിച്ചുകൊണ്ട് മഞ്ഞപ്പട്ടുപ്പുതച്ചു പൂത്തുലയുന്ന കണിക്കൊന്നയ്ക്ക്. പക്ഷേ മേടവിഷുവിന്റെ വരവ് വിളിച്ചറിയിച്ച് കൃത്യമായി പൂവിട്ടിരുന്ന കൊന്ന ഇപ്പോൾ കാലം തെറ്റി ഏതുകാലത്തും പൂക്കുന്നത് നാം കാണുന്നു. കാലാവസ്ഥാ മാറ്റത്തിന്റെ പ്രതിഫലനം കണിക്കൊന്നയുടെ പൂക്കാലത്തെയും ബാധിച്ചിരിക്കുന്നു.

അരിയും പച്ചക്കറിയും മുട്ടയും കോഴിയിറച്ചിയും പാലും തുടങ്ങി ആഹാരാവശ്യത്തിന് വേണ്ട എന്തിനും അയൽ നാട്ടുകളിലേക്ക് കണ്ണും നട്ടിരിക്കുന്ന നമുക്ക് ഈ അന്യാശ്രയത്വത്തിന് തടയിടുവാൻ കഴിയുമോ? നമുക്കാവശ്യമായതിന്റെ പകുതിയെങ്കിലും നമ്മുടെ അധ്വാനത്തിലൂടെ സ്വന്തം മണ്ണിൽ വിളയിച്ചെടുക്കാൻ കഴിയുമോ? ഈ പഴഞ്ചൊല്ലിന്റെ സാരവും ഇതുതന്നെയാണ്. വിശേഷിച്ച് കോവിഡാനന്തര കാലത്ത് ലോകം നേരിടുന്ന വലിയ പ്രതിസന്ധികളിലൊന്ന് രൂക്ഷമായ ഭക്ഷ്യക്ഷാമമായിരിക്കുമെന്ന് ലോക ഭക്ഷ്യ കാർഷിക സംഘടന മുന്നറിയിപ്പ് നൽകുന്നത് നാം മറന്നുകൂടാ. 'പണ്ടേ ദുർബല പിന്നെ ഗർഭിണി' കൂടെ ഭൂതാവേശവും കൂടിയായലോ? ഇതാണ് ഭക്ഷ്യോത്പന്നങ്ങളുടെ കാര്യത്തിൽ നമ്മുടെ അവസ്ഥ എന്നകാര്യം നാം മറന്നുകൂടാ. മാത്രമല്ല കൃഷി എന്നത് കേവലം ഉൽപ്പാദന പ്രക്രിയ മാത്രമല്ല, ഇന്ന് നാം നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്കുള്ള സുസ്ഥിരമായ പരിഹാരം കൃഷിയിലേക്കുള്ള മടക്കമാണ്. പരിസ്ഥിതി പ്രശ്നങ്ങൾക്കും ആരോഗ്യ പരിരക്ഷയ്ക്കും മാലിന്യനിർമ്മാർജ്ജനത്തിനും സാമ്പത്തിക വളർച്ചയ്ക്കുമെല്ലാം കൃഷിയുടെ പുനരുജ്ജീവനം കൂടിയേതീരൂ.

കൃഷിയെ സംബന്ധിച്ച മഹാത്മജിയുടെ ദർശനവും ഇതുതന്നെയായിരുന്നു. "വീടിനുപുറത്ത് ഔദ്യോഗിക ജീവിതത്തിൽ നമ്മൾ ആരുമാകട്ടെ, ഡോക്ടറോ, എൻജിനീയറോ, പ്രൊഫസറോ, ഐ.എ.എസ് ഉദ്യോഗസ്ഥനോ, എം.പിയോ, എം.എൽ.എയോ ആരു തന്നെയായാലും വീട്ടിൽ തിരിച്ചെത്തിയാൽ ഒരു മണിക്കൂർ സമയം

## ...എന്ന് വായനക്കാർ

വൃത്തിയുള്ള ജലാശയങ്ങൾക്കായി തെളിനീരൊഴുകും നവകേരളം എന്ന പേരിൽ പ്രസിദ്ധീകരിച്ച കവർസ്റ്റോറി അത്യന്തം ആകർഷകമായി. കാലവർഷം പടിവാതിലിൽ എത്തിനിൽക്കുന്ന സാഹചര്യത്തിൽ നമ്മുടെ പുഴകളിലും തോടുകളിലും ജലാശയങ്ങളിലും മാലിന്യം അടിഞ്ഞുകൂടി സുഗമമായ നീരൊഴുക്ക് അസാധ്യമാകുന്നത് ഒഴിവാക്കുന്നതിനായി മാലിന്യങ്ങൾ നീക്കം ചെയ്തുകൊണ്ടു ജലാശയങ്ങൾ ശുചീകരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുള്ള തെളിനീരൊഴുകും നവകേരളം എന്ന കാമ്പയിന്റെ ലക്ഷ്യങ്ങളെ അടുത്തറിയുന്നതിന് സഹായകരമായിരുന്ന ലേഖനം. തെളിനീരൊഴുകും നവകേരളം എന്ന ജലശുചിത്വയജ്ഞം കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയത് സംബന്ധിച്ച വാർത്തകൾ വളരെ മനോഹരവും പ്രചോദനകരവുമാണെന്ന് പറയട്ടെ അതോടൊപ്പം തന്നെ എടുത്തു പറയേണ്ട മറ്റൊരു സംഗതി ടി ലേഖനത്തോടൊപ്പം ചേർത്തിട്ടുള്ള ചിത്രങ്ങളുടെ മനോഹാരിതയാണ്. ജലസ്രോതസ്സുകൾ മലിനീകരക്കപ്പെടുന്നത് എങ്ങനെ, ജലമലീനീകരണം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെ, ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെ, ഇതുമായി ബന്ധപ്പെട്ട പൗരന്മാരുടെ കടമകൾ, ജലസ്രേതസ്സുകൾ മലിനമാക്കുന്നതിനുള്ള ശിക്ഷകൾ എന്തൊക്കെ എന്നിവയെല്ലാം ലളിതമായി വിശദീകരിക്കുന്നതിന് പ്രസ്തുത ലേഖനത്തിലൂടെ സാധിച്ചിട്ടുണ്ട്. വനിതാദിനത്തിൽ നിറസാന്നിദ്ധ്യമായ സ്ത്രീരത്നങ്ങൾ എന്ന പേരിൽ ശ്രീമതി ശിവബിന്ദു പ്രസിദ്ധീകരിച്ച ലേഖനം വിവിധ പ്രവർത്തനമേഖലകളിൽ വനിതകൾ കൈവരിച്ചിട്ടുള്ള സമാനതകളില്ലാത്ത നേട്ടങ്ങളിലേക്ക് വെളിച്ചം വീശുന്നതായിരുന്നു എന്നു പറയട്ടെ. ചുരുക്കത്തിൽ പഞ്ചായത്ത് രാജ് മാസികയുടെ മാർച്ച് ലക്കത്തിന്റെ ഉള്ളടക്കം മികച്ച നിലവാരം പുലർത്തി എന്നത് എടുത്തു പറയട്ടെ. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാപേർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ബി. എസ്. മീനാക്ഷി
തിരുവനന്തപുരം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.



മണ്ണിലേക്കിറങ്ങണം. ഒരു വിത്ത് കുഴിച്ചു വെയ്ക്കുവാനും ഒരു തൈ നടുവാനും മനസ്സ് കാണിക്കണം. അല്പനേരം മണ്ണിലിറങ്ങി അദ്ധ്വാനിക്കുകയും എന്തെങ്കിലും ചിലത് നട്ടു നനച്ചു വളർത്തുകയും വേണം. നിത്യഭക്ഷണത്തിന്റെ ഒരു ഭാഗമെങ്കിലും നമ്മുടെ സ്വന്തം അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും സഫലതയാകണം". 'കൊന്ന പൂക്കുമ്പോളുറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി' എന്ന പഴമൊഴിയുടെ സാരസംഗ്രഹവും രാഷ്ട്രപിതാവായ ഗാന്ധിജിയുടെ കാർഷിക വീക്ഷണവും സമാനതകളുള്ളതാണ്. ആഹാരകാര്യത്തിലുള്ള അന്യാശ്രയത്വം ഒഴിവാക്കണമെങ്കിൽ എല്ലാ വീടുകളിലും കൃഷി തിരിച്ചുവരണം. വീടാകട്ടെ, ഓഫീസ്സുകളാകട്ടെ, സ്കൂൾ-കോളജ് വളപ്പുകളാകട്ടെ, ആരാധനാലയങ്ങളുടെ ഒഴിഞ്ഞു കിടക്കുന്ന പരിസരമാകട്ടെ അവിടെയെല്ലാം കൃഷിയുടെ പച്ചപ്പും സമൃദ്ധിയും ഉണ്ടാകണം. തരിശുരഹിത കേരളം സമ്പൽ സമൃദ്ധ കേരളം എന്നതാകണം ഓരോ മലയാളിയുടെയും കാഴ്ചപ്പാട്.

"സമ്പത്ത് കാലത്ത് തൈ പത്ത് വച്ചാൽ
ആപത്ത് കാലത്ത് കാ പത്ത് തിന്നാം"
"നടാൻ കാലത്ത് ഊരുചുറ്റി നടന്നിട്ട്
കൊയ്യാൻ കാലത്ത്
അരിവാളുമായി വന്നാലോ?"

"കല്ലാടും മുറ്റത്ത് നെല്ലാടില്ല"
"ചേറ്റിൽ കുത്തിയ കൈയ്യ്
ചോറ്റിൽ കുത്താം"

"ഉഴുതുണ്ട ചോറിന്
തൊഴുതുണ്ട ചോറിനേക്കാൾ
രുചിയേറും"

ഇങ്ങനെ കാർഷികാദ്ധ്വാനത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന പഴമൊഴികൾ നിരവധിയുണ്ട്. ഈ പഴമൊഴികളുടെയെല്ലാം അന്തസ്സത്ത "മണ്ണിലേക്കിറങ്ങാം കൃഷിയിലേക്ക് മടങ്ങാം"എന്നതന്നെയാണ്. അലസതയും അപകർഷതയും വെടിഞ്ഞ് മണ്ണിലിറങ്ങി പണിയെടുക്കുവാനും, ഭക്ഷണത്തിനായി എന്തെങ്കിലും നട്ടുനനച്ചു വളർത്തുവാനുമുള്ള ആഹ്വാനമാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന "ഞങ്ങളും കൃഷിയിലേക്ക്" എന്ന കാർഷിക കർമ്മ പദ്ധതിയും. ☐




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) April 2022
Annual Subscription ₹120, Published on 20 April 2022 RNI. No. : 7959/61




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS